SPECIMEN

# KRISHNA AND CHRIST

## COMPARED

---

# കൃഷ്ണൻ ക്രിസ്തു

## എന്നവരുടെ താരതമ്യം

BASEL MISSION BOOK & TRACT DEPOSITORY
6 OCT
MANGALORE

56 E
238

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1905

Price: 6 Pies.] [വില: ൬ പൈ.

Handschriftliche Anmerkungen



N12<529683010 021 HLS

ubTÜBINGEN



Golde von Linne

## Des Hauses liebster Gast.

„Siehe, Ich stehe vor der Tür und klopfe an!“ [Offenb. 3. 20.]

Still ist die Nacht, — nur Engellieder
Erklingen über Berg und Tal,
Da steigt ein holdes Kind hernieder,
Das leuchtet wie der Sonne Strahl!
Sein Blick ist lauter Gottesgüte,
Sein Herz birgt nichts als Heil u. Huld,
Sein Mund gleicht holder Rosenblüte,
Sein Nah'n tilgt aller Welten Schuld!
Den Büssern bringt es Trost und Frieden,
Den Frommen Segen, Kraft und Mut,
Den Kindern aber hat's beschieden
Des Himmels und der Erde Gut!
Wo Kinder fromm nach ihm verlangen,
Da kehrt als trauter Gast es ein,
Und wo das **Christkind** eingegangen
Wird's **hell** in **Haus** und **Herzen** sein!

Cordula Peregrina
[C. Wöhler]

Mit bischöflicher Approbation.

Josef Müller, Kunstverlag, München.

KI

BASEL

# KRISHNA AND CHRIST

## COMPARED

---

# കൃഷ്ണൻ ക്രിസ്തു

## എന്നവരുടെ താരതമ്യം

- comparison.
the more or less.

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1905

PRINTED AT THE BASEL MISSION PRESS, MANGALORE.

UNIV. BIBL. TÜBINGEN

56 E 238

# പൊരുളടക്കം.


| | ഭാഗം. | | ഭാഗം. |
|---|---|---|---|
| I. കൃഷ്ണാവതാരത്തിന്റെ ഹേതുക്കൾ . . . | 5 | I. ക്രിസ്തുാവതാരത്തിന്റെ ഹേതുക്കൾ . . . | 5 |
| II. കൃഷ്ണന്റെ ജനനവൃത്താന്തം . . . . . . | 9 | II. ക്രിസ്തുന്റെ ജനനവൃത്താന്തം . . . . . | 9 |
| III. കൃഷ്ണന്റെ ബാല്യം | 14 | III. ക്രിസ്തുന്റെ ബാല്യം | 14 |
| IV. കൃഷ്ണന്റെ പുരുഷപ്രായത്തിലെ വൃത്താന്തം . | 20 | IV. ക്രിസ്തുന്റെ പുരുഷപ്രായത്തിലെ വൃത്താന്തം . | 20 |
| V. കൃഷ്ണന്റെ അത്ഭുതക്രിയകൾ . . . . . . | 36 | V. ക്രിസ്തുന്റെ അത്ഭുതക്രിയകൾ . . . . . . | 36 |
| VI. കൃഷ്ണന്റെ മരണാന്ത്യവൃത്താന്തം . . . . | 42 | VI. ക്രിസ്തുന്റെ മരണാന്ത്യവൃത്താന്തം . . . . | 42 |
| VII. കൃഷ്ണന്റെ മരണാനന്തരം ഉണ്ടായ ചില സംഭവങ്ങൾ . . . . . . | 49 | VII. ക്രിസ്തുന്റെ മരണാനന്തരം ഉണ്ടായ ചില സംഭവങ്ങൾ . . . . . . | 49 |
| VIII. കൃഷ്ണന്റെ ഉപദേശസംക്ഷേപം . . . . | 54 | VIII. ക്രിസ്തുന്റെ ഉപദേശസംക്ഷേപം . . . . | 54 |
| IX. കൃഷ്ണന്റെ നാമങ്ങൾ | 62 | IX. ക്രിസ്തുന്റെ നാമങ്ങൾ | 62 |

# KRISHNA AND CHRIST

## COMPARED.

# കൃഷ്ണൻ ക്രിസ്തു

## എന്നവരുടെ താരതമ്യം.

### I.

### കൃഷ്ണാവതാരത്തിന്റെ ഹേതുക്കൾ.

1. ഒരിക്കൽ അസുരകൾക്കും ദേവകൾക്കും തമ്മിൽ യുദ്ധം ഉണ്ടായപ്പോൾ, രാക്ഷസന്മാരുടെ ഗുരുവായ ശുക്രന്റെ അമ്മ മന്ത്രതന്ത്രാദികൾ ചെയ്തുകൊണ്ടിരുന്നു. അപ്പോൾ വിഷ്ണു അവളുടെ കാൎയ്യം സാധിച്ചുപോയാൽ, തന്റെ ഉപായം നടക്കുകയില്ല എന്നു കണ്ടിട്ടു തന്റെ ചക്രംകൊണ്ടു അവളുടെ തല അറുത്തുകളഞ്ഞു. ഇതു അവളുടെ ഭൎത്താവാകുന്ന ഭൃഗു അറിഞ്ഞപ്പോൾ "നീ മൃത്യുലോകത്തിൽ ഏഴു ജന്മം മനുഷ്യനായി ജനിക്കേണം" എന്നു ശപിച്ചു. (മത്സ്യപുരാണം.)

2. കൃഷ്ണൻ മനുഷ്യാവതാരം എടുത്തുവരുന്നതിനു മുമ്പെ ഗോലോകം എന്ന സ്ഥലത്തായിരു

### I.

### ക്രിസ്താവതാരത്തിന്റെ ഹേതുക്കൾ.

1. മനുഷ്യർ ദൈവകല്പനയെ ലംഘിച്ചതിനാൽ ലോകത്തിൽ പാപം ഉളവായി. ഈ പാപം ഹേതുവായിട്ടു ദൈവകോപവും ശിക്ഷയും പാപികളുടെ മേൽ വന്നു. അപ്പോൾ ദൈവം "സ്ത്രീയുടെ സന്തതി സൎപ്പത്തിന്റെ തലയെ ചതെക്കും" ഉല്പത്തി 3, 15. എന്ന വാഗ്ദത്തം മനുഷ്യൎക്കു കൊടുത്തു. ഇതത്രെ പാപികൾക്കു രക്ഷിതാവിനെ കുറിച്ചുള്ള ആദ്യവാഗ്ദത്തം.

2. മനുഷ്യർ ദൈവകല്പനയെ ലംഘിച്ചു ദൈവമഹത്വമില്ലാത്തവരായ്ത്തീൎന്നുകൊണ്ടു ഈ

1) sexual sport. 2) displeasure.
3) The 3. Yuga (out of the 4: Krita-Yugam, Treta-Yugam, Dwapara-Yugam, Kali-Yugam)



ന്നു വസിച്ചിരുന്നതു. അവിടെ അവൻ ഗോപസ്ത്രീകളോടു കൂടെ പാൎത്തിരുന്നു. ഒരിക്കൽ രാധ എന്നവൾ അവൻ തന്നെ വിട്ടു അന്യഗോപസ്ത്രീകളോടു കൂടെ രമിക്കുന്നതിനെ കണ്ടിട്ടു കോപിച്ചു ബഹു നീരസത്തോടെ കുത്തിരുന്നു. ഇതിനെ കൃഷ്ണൻെറ സ്നേഹിതനായ സുദാമൻ കണ്ടിട്ടു കോപം സഹിക്കാതെ കൃഷ്ണനെക്കൊണ്ടു അവളെ ചീത്ത പറയിച്ചു. അപ്പോൾ രാധ സുദാമനോടു "നീ ഭൂമിയിൽ മനുഷ്യജന്മം എടുത്തു ജനിക്കുക" എന്നു ശപിച്ചു. അപ്പോൾ സുദാമനും ഈ ശാപം കൊണ്ടു തന്നെ അവളെ ശപിച്ചു. അതുനിമിത്തം ഇവർ ഇരുവരും ഭൂമിയിൽ മനുഷ്യരായി പിറന്നു വന്നു. കൃഷ്ണൻ ഇതു കണ്ടിട്ടു താനും കൂടെ മനുഷ്യാവതാരം എടുത്തു ഭൂമിയിൽ വന്നു പിറന്നു. രാധ വൃഷഭാനു എന്ന ഒരു വൈശ്യൻെറ വയററിൽ വന്നു ജനിച്ചു. പിന്നെ കൃഷ്ണൻ ഇവളെ ഇവളുടെ പന്ത്രണ്ടാം വയസ്സിൽ വിവാഹം ചെയ്തു. (ബ്രഹ്മവൈവൎത്തപുരാണം.)

3. ദ്വാപരയുഗത്തിൽ കംസൻ ഗോബ്രാഹ്മണരെ വളരെ ഹിംസിച്ചതുനിമിത്തം ബ്രഹ്മദേവനും ഭൂമിദേവിയും മററുള്ള ദേവന്മാരും വിഷ്ണുവെ ശരണംപ്രാപിച്ചു. അപ്പോൾ അവൻ അവരുടെ പ്രാൎത്ഥന കേട്ടു തൻെറ തലയിൽനിന്നു വെളുത്തതും കറുത്തതും ആയ രണ്ടു മുടി എടുത്തു കൊടുത്തു. എൻെറ ഈ രോമ

കല്പനകളെ പൂൎണ്ണമായി നിവൃത്തിച്ചിട്ടു ദൈവമഹത്വത്തെ വെളിപ്പെടുത്തേണ്ടതിന്നു ക്രിസ്തു ലോകത്തിലേക്കു വന്നു. കാലസമ്പൂൎണ്ണത വന്നപ്പോൾ ദൈവം തൻെറ പുത്രനെ സ്ത്രീയിൽനിന്നു ഉണ്ടായവനും ധൎമ്മത്തിങ്കീഴ് പിറന്നവനുമായി നിയോഗിച്ചയച്ചു (ഗലാ. 4, 4). വചനം ജഡം ആയ്ചമഞ്ഞു കൃപയും സത്യവുംകൊണ്ടു നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാൎത്തു (യോഹ. 1, 14).

3. മനുഷ്യരുടെമേലുള്ള ദൈവത്തിൻെറ നീതിയുള്ള കോപത്തെ തൻെറ മേൽ ഏററുകൊണ്ടിട്ടു അവരെ നരകശിക്ഷയിൽനിന്നു ഉദ്ധരിക്കേണം എന്നുവെച്ചു ക്രിസ്തു മനുഷ്യാവതാരംചെയ്തു. എല്ലാവരും കൈക്കൊള്ളേണ്ടതും വിശ്വാസ്യവുമായ വചനമാവിതു: "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു

1) Krishna's elder brother (Ursprung des Awataram).
2) for the support of the good.
3) for the destruction of the wicked.



ങ്ങൾ അവതരിച്ചിട്ടു ഭൂമിയുടെ ഭാരം തീൎക്കും" എന്നു പറഞ്ഞു. ഇവയിൽ വെളുത്ത രോമത്തിൽ നിന്നു ബലരാമനും കറുത്തതിൽ നിന്നു കൃഷ്ണനും ജനിച്ചു. (മത്സ്യ പു. 5 സ്ക. 2അ. മഹാഭാര. ആദി പൎവ്വം.)

എന്നുള്ളതു തന്നെ." (1 തിമോ 1, 15.) ക്രിസ്തു തന്നെ പറയുന്നതെന്തെന്നാൽ "ഞാൻ പാപികളെ മാനസാന്തരത്തിലേക്കു വിളിപ്പാൻ വന്നിരിക്കുന്നു" (മാൎക്ക് 2, 17.). "അവനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന്നു അവനെ തരുവാന്തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു" (യോഹ. 3, 16.).

4. ഭാഗവതത്തിൽ കൃഷ്ണൻ അൎജ്ജുനനോടു പറയുന്നതെന്തെന്നാൽ: "എപ്പോൾ ധൎമ്മം കുറഞ്ഞും അധൎമ്മം പെരുകിയും വരുന്നുവോ അപ്പോൾ ഞാൻ എന്റെ സ്വഭാവത്തെ കാണിക്കും. ശിഷ്ടപാലനത്തിന്നും ദുഷ്ടനിഗ്രഹത്തിന്നും ആയിക്കൊണ്ടു യുഗങ്ങൾ തോറും ഞാൻ വന്നു ജനിക്കും".

യദായദാഹി ധൎമ്മസ്യ
ഗ്ലാനിൎഭവതി ഭാരത ।
അഭ്യുത്ഥാനമധൎമ്മസ്യ
തദാത്മാനം സൃജാമ്യഹം ॥
പരിത്രാണായ സാധൂനാം
വിനാശായച ദുഷ്കൃതാം ।
ധൎമ്മ സംസ്ഥാപനാൎത്ഥായ
സംഭവാമി യുഗെ യുഗെ ॥
(ഭഗവൽഗീത 4, 7. 8.)

4. ക്രിസ്തു ലോകത്തിൽ അവതരിച്ചു വന്നതു മനുഷ്യരെ രക്ഷിപ്പാൻ വേണ്ടി മാത്രമല്ല, ലോകത്തിൽ ദൈവജ്ഞാനവും ഭക്തിയും കുറഞ്ഞുപോകയാൽ അവയെ പരിപാലിപ്പാനും അഭിവൃദ്ധിപ്പെടുത്തുവാനും തനിക്കായിട്ടു ഒരു വിശുദ്ധ സഭയെ സ്ഥാപിപ്പാനും കൂടെയാകുന്നു. "ഞാൻ സ്വൎഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള സകല കുഡുംബത്തിന്നും നാമകാരണനും നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായവങ്കലേക്കു എന്റെ മുഴങ്കാലുകളെ കുത്തുന്നു" (എഫെ. 3, 14. 15.). എന്നു പൌലപ്പോസ്തലൻ പറയുന്നു.

കൃഷ്ണന്റെയും ക്രിസ്തുവിന്റെയും അവതാരഹേതുക്കളെ കുറിച്ചു നാം ഇതുവരെ വായിച്ചുവല്ലോ. ഇപ്പോൾ അവയെ അല്പം ഒത്തുനോക്കുക. കൃഷ്ണാവതാരത്തിന്റെ ഹേതുക്കളിൽ തന്നെ എത്രയോ വ്യത്യാസങ്ങളുണ്ടെന്നു പറവാൻ ആവശ്യമില്ലല്ലോ. അവൻ ഒരു

ഋഷിയുടെ ശാപത്താൽ ലോകത്തിൽ വന്നു. രാധ തന്നെ പിരിഞ്ഞുപോയതുനിമിത്തം അവൻ ഗോലോകവാസം വിട്ടു നരലോകവാസിയായിത്തീൎന്നു. ദുഷ്ടമനുഷ്യനായ കംസനെ കൊല്ലുവാൻ ദൈവം അവതരിച്ചപ്പോൾ. കൃഷ്ണൻ താൻ തന്നെ ഗീതയിൽ ഞാൻ ധൎമ്മത്തെ സ്ഥാപിപ്പാൻ യുഗങ്ങൾതോറും ജനിക്കുന്നു എന്നും പറയുന്നു.

ക്രിസ്തുവിൻെറ അവതാരഹേതുക്കൾ എത്രയും പ്രധാനമായവ ആകുന്നു എന്നതു ദൈവവചനസാക്ഷ്യങ്ങളോടു കൂടെ മേൽ കാണിച്ചിരിക്കുന്നുവല്ലോ. ആ വാക്യങ്ങളാൽ ദൈവദൂതന്മാൎക്കും മനുഷ്യൎക്കും നിവൃത്തിപ്പാൻ കഴിയാത്ത വേലയെ ചെയ്യേണ്ടതിന്നു തന്നെ ക്രിസ്തു വന്നതു എന്നു സ്പഷ്ടമാകുന്നു. കൃഷ്ണനെ പോലെ ക്രിസ്തുവിൻെറ മേൽ ആരുടെയും ശാപം ഉണ്ടായിരുന്നില്ല. എങ്കിലും നമുക്കവേണ്ടി തന്നെത്താൻ ശാപത്തിന്നു കീഴ്പെടുത്തി. എങ്ങിനെയെന്നാൽ: "ക്രിസ്തു നമുക്കവേണ്ടി ശാപമായിത്തീൎന്നു ന്യായപ്രമാണത്തിൽ നിന്നു നമ്മെ വീണ്ടുകൊണ്ടു" ഗലാ. 3, 13. അവൻ നമ്മുടെ പാപച്ചുമടിനെ ചുമപ്പാൻ തക്കവണ്ണം ദൈവം അവനെ നമുക്കവേണ്ടി പാപം ആക്കി. എന്നാൽ ക്രിസ്തു ഇതെല്ലാം ചെയ്വാനും സഹിപ്പാനും തന്നെത്താൻ മനഃപൂൎവ്വം ഏല്പിച്ചുകൊടുത്തു. "ഇതാ ഞാൻ വരുന്നു പുസ്തകച്ചുരുളിൽ എന്നെ കുറിച്ചു എഴുതിയിരിക്കുന്നു. എൻെറ ദൈവമേ! നിൻെറ ഇഷ്ടം ചെയ്വാൻ ഞാൻ ആഗ്രഹിക്കുന്നു" സങ്കീ. 40, 7. 8. എന്നു തൻെറ ആഗമനത്തിന്നു മുമ്പെ തന്നെ പറഞ്ഞിരിക്കുന്നു. നാം ക്രിസ്തു

വതാരത്തിന്റെ എല്ലാ കാരണങ്ങളെയും നോക്കിയാൽ അവയെല്ലാം തമ്മിൽ യോജ്യതയുള്ളതായി അവററിൽ മനുഷ്യവംശത്തിന്റെ മേലുള്ള ദൈവസ്നേഹവും കരുണയും കാണായ്വരുന്നു. വായനക്കാരാ! കൃഷ്ണാവതാരത്തിന്റെ കാരണങ്ങളിൽ ഇപ്രകാരം ലേശമെങ്കിലും കാണുന്നുവോ?

## II.

## കൃഷ്ണന്റെ ജനനവൃത്താന്തം.

കൃഷ്ണൻ ജനിച്ചകാലത്തു കംസൻ എന്ന ഒരു രാജാവു മധുരയിൽ രാജ്യഭരണം ചെയ്തിരുന്നു. അവന്നു ദേവകി എന്നുപേരായ ഒരു സഹോദരി ഉണ്ടായിരുന്നു. യദുവംശക്കാരനായ വസുദേവൻ എന്ന ഒരുവൻ അവളെ വിവാഹം ചെയ്തു. വിവാഹദിവസത്തിൽ ദമ്പതിമാരെ രഥത്തിൽ കരേററി കംസൻ തന്നെ തേർ തെളിച്ചു പട്ടണത്തിൽ കൂടി പ്രദക്ഷിണം ചെയ്യിച്ചും കൊണ്ടിരിക്കുമ്പോൾ "അല്ലയൊ! കംസാ! ദേവകിയുടെ ഗർഭത്തിൽനിന്നു ജനിക്കുന്ന എട്ടാമത്തെ മകന്റെ കയ്യാൽ നീ മരിക്കും" എന്നൊരു ആകാശവാണി കേട്ടു. ഉടനെ കംസൻ തന്റെ വാൾ ഊരി ദേവകിയെ കൊല്ലുവാൻ എഴുന്നീററു. അപ്പോൾ വസുദേവൻ അവനെ സാവധാനപ്പെടുത്തി "ഇവളെ കൊല്ലേണ്ട, അവളുടെ ഗർഭത്തിൽ ജനിക്കുന്ന മക്കളെ എല്ലാം ഞാൻ നിണക്കു തരാം"

## II.

## ക്രിസ്തുവിന്റെ ജനനവൃത്താന്തം.

യഹൂദദേശത്തിൽ ഹെരോദ എന്ന രാജാവു രാജ്യഭാരം ചെയ്യുമ്പോൾ ഗലീലയിലെ നസറെത്ത് എന്ന നഗരത്തിൽ മറിയ എന്നു പേരായ ഒരു കന്യക ഉണ്ടായിരുന്നു. ഒരു ദൈവദൂതൻ പ്രത്യക്ഷനായി അവളോടു: "കൃപലഭിച്ചവളെ വാഴ്ക. ഇതാ നീ ഗർഭംധരിച്ചു ഒരു പുത്രനെ പ്രസവിക്കും അവന്നു യേശു എന്ന പേർ വിളിക്കേണം. അവൻ വലിയവൻ ആകും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും" എന്നരുളിചെയ്തു. (ലൂക്ക് 1, 18-23.) പിന്നെ മറിയ ഗർഭം ധരിച്ചാറെ അവളെ വിവാഹത്തിന്നു നിശ്ചയിച്ച യോസെഫ് അവർ തമ്മിൽ കൂടിവരുമ്മുമ്പെ ഇതിനെ സംബന്ധിച്ചു സംശയിച്ചു ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി "ദാവീദിന്റെ പുത്രനായ

1) [illegible]
2) miraculous power of Wishnu.
3) herd of cattle. (Gokulam [illegible])
4) The incarnation or emanation of Wishnu.
5) came to see her. 6) Oh thou who art the mother of the world.



എന്നു പറഞ്ഞു. ഒടുവിൽ കംസൻ ആ ഇരുവരെയും തടവിലാക്കി. പിന്നെ അവൎക്കു ശിശു ജനിച്ചപ്പോൾ ഉടനെ അതിനെ എടുത്തുകൊണ്ടുവന്നു കൊന്നുകളഞ്ഞു. ഇപ്രകാരം അവൻ ആറുമക്കളെ കൊന്നു. ദേവകിയുടെ ഏഴാം ഗൎഭത്തിൽ ബലരാമൻ ഉണ്ടായിരുന്നു. അവനെ വിഷ്ണുവിന്റെ മായ അവളുടെ വയററിൽനിന്നു എടുത്തു ഗോകുലത്തിലെ വസുദേവന്റെ മററൊരു ഭാൎയ്യയായ രോഹിണിയുടെ ഗൎഭത്തിൽ ആക്കി. എട്ടാം പ്രാവശ്യം ദേവകി ഗൎഭം ധരിച്ചപ്പോൾ അവളുടെ ഗൎഭത്തിൽ വിഷ്ണുവിന്റെ അംശം കൃഷ്ണരൂപത്തിൽ വന്നുനിന്നു. (വി. പു. 5-ാം സ്കാന്ദം. 1. അ.)

ദേവകി കൃഷ്ണനെ ഗൎഭം ധരിച്ചപ്പോൾ സ്വൎഗ്ഗലോകത്തിലെ ദേവന്മാർ അവളെ സന്ദൎശിപ്പാൻ വന്നു അവളെ സ്തുതിച്ചു "അല്ലയൊ ആദി പ്രകൃതിയെ! നീ വേദങ്ങളുടെ മാതാവാകുന്നു. നീ അനാദിയാകുന്നു. നീ ജ്ഞാനത്തിന്റെ മാതാവാകുന്നു. ലോകമാതാവായുള്ളോവെ നിന്റെ വയററിൽ എണ്ണമില്ലാത്ത വസ്തുക്കൾ ഉണ്ടു. പൃഥിവി വെള്ളം അഗ്നി ആകാശം, ദേവന്മാരുടെ രഥങ്ങൾ ദേവന്മാർ ഋഷികൾ ബ്രഹ്മാണ്ഡം ഭൂതപിശാചുക്കൾ രാക്ഷസന്മാർ സൎപ്പങ്ങൾ മുതലായവ എല്ലാം ആരിൽ അടങ്ങിയിരിക്കുന്നുവൊ ആയവൻ നിന്നിൽ ഉണ്ടു. ഇഹലോക രക്ഷാൎത്ഥം

യോസെഫെ, നിന്റെ ഭാൎയ്യയായ മറിയയെ ചേൎത്തുകൊൾവാൻ ഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ അവളിൽ ഉത്പാദിതമായതു പരിശുദ്ധാത്മാവിൽ നിന്നാകുന്നു. അവൾ ഒരു പുത്രനെ പ്രസവിക്കും അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിക്കുന്നതാകകൊണ്ടു നീ അവന്നു യേശു എന്നുപേരിടേണം" എന്നു പറഞ്ഞു. (മത്താ. 1, 18-21.)

മറിയ ഗൎഭിണിയായതിൽ പിന്നെ അവൾ ദൈവത്തെ സ്തുതിച്ചു പറഞ്ഞതാവിതു: "എന്റെ ദേഹി കൎത്താവിനെ മഹിമപ്പെടുത്തുന്നു എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ആനന്ദിച്ചിരിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ചയെ നോക്കി കണ്ട ഹേതുവാലത്രെ. അവന്റെ നാമം പരിശുദ്ധം. ശക്തനായവൻ എനിക്കു വലിയവ ചെയ്തു അവന്റെ കരുണ അവനെ ഭയപ്പെടുന്നവരിൽ തലമുറ, തലമുറകളോളവും ഇരിക്കുന്നു. അവൻ തന്റെ ഭുജം കൊണ്ടു ബലം പ്രവൃത്തിച്ചു ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. പ്രഭുക്ക

7) Universe 8) demons and devils.
× 6 [illegible]

നീ ഭൂമിയിൽ ഇറങ്ങിവന്നിരിക്കുകയാകുന്നു. അല്ലയൊ ദേവിയെ ഞങ്ങളോടു ദയയുണ്ടാകേണമെ ഭൂമിയോടു നന്മ ചെയ്യാലും. സൃഷ്ടിക്കു ആധാരമായിരിക്കുന്ന ആ ദൈവത്തെ ധരിച്ചിരിക്കുന്നതു കൊണ്ടു നിണക്കു മഹത്വം ഉണ്ടാകട്ടെ" എന്നു പറഞ്ഞു. (വിഷ്ണു. പു. 5, 2.)

കൃഷ്ണൻ ജനിച്ച ഉടനെ വസുദേവന്നും ദേവകിക്കും തന്റെ ചതുൎഭുജരൂപത്തെ കാണിച്ചു. അവർ ഇതു കണ്ടിട്ടു അവനോടു: ഈ നിന്റെ രൂപം കംസൻ കണ്ടാൽ അവൻ നമ്മെകൊല്ലും, ആകയാൽ ഈ രൂപം നീ ഉപേക്ഷിക്കേണം എന്നു അപേക്ഷിച്ചു. അപ്പോൾ അവൻ ഒരു ചെറിയശിശുവായ്തീൎന്നു. പിന്നെ വസുദേവൻ അവനെ നന്ദഗോകുലത്തേക്കു എടുത്തുകൊണ്ടുപോയി നന്ദന്റെ ഭാൎയ്യയായ യശോദയുടെ അടുക്കൽ ആക്കി അവളുടെ ചെറിയ പെൺ പൈതലിനെ എടുത്തു കൊണ്ടു മടങ്ങിപോന്നു. കംസൻ ഈ കന്യകയെ കൊല്ലുവാൻ കയ്യിൽ എടുക്കുമ്പോഴെക്ക് കൈ കുതറി മേലോട്ടു പോയ്ക്കളഞ്ഞു. മേലോട്ടുപോകുമ്പോൾ "നിന്റെ വൈരിയായ കൃഷ്ണൻ നന്ദഗോകുലത്തിൽ വളരുന്നുണ്ടു" എന്നു പറഞ്ഞു. അപ്പോൾ കംസൻ വസുദേവനെയും ദേവകിയെയും തടവിൽനിന്നു വിട്ടുവിച്ചു അവരുടെ മക്കളെ ഞാൻ വെറുതെ കൊന്നല്ലൊ എന്നു പറഞ്ഞു വളരെ ദുഃഖിച്ചു അതി

ന്മാരെ സിംഹാസനങ്ങളിൽ നിന്നു തള്ളി താണവരെ ഉയൎത്തി വിശന്നവരെ നന്മകളാൽ നിറച്ചു സമ്പന്നന്മാരെ വെറുതെ അയച്ചുകളഞ്ഞു." (ലൂക്ക് 1, 46-53.)

യേശു ബെത്ലഹെം എന്ന ഊരിൽ ജനിച്ചു. അന്നു ആ പ്രദേശത്തിൽ ചില ഇടയന്മാർ തങ്ങളുടെ ആട്ടിങ്കൂട്ടത്തെ രാത്രിയിൽ കാവൽ കാത്തു വെളിയിൽ പാൎത്തിരിക്കുമ്പോൾ കൎത്താവിന്റെ ദൂതൻ അവരുടെ അരികെ വന്നുനിന്നു "ഇതാ ജനത്തിന്നെല്ലാം ഉണ്ടാവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇന്നു കൎത്താവാകുന്ന ക്രിസ്തു എന്ന രക്ഷിതാവു ദാവീദിന്റെ നഗരത്തിൽ നിങ്ങൾക്കായി ജനിച്ചു. ശീലകൾ ചുററീട്ടുള്ളൊരു ശിശു പശുത്തൊട്ടിയിൽ കിടക്കുന്നതു നിങ്ങൾ കണ്ടെത്തും. അതു നിങ്ങൾക്കു അടയാളമാകും" എന്നു പറഞ്ഞു. പെട്ടന്നു സ്വൎഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ആ ദൂതനോടു ചേൎന്നു ദൈവത്തെ പുകഴ്ത്തി ചൊല്ലിയതു: "അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വവും ഭൂമിയിൽ സമാധാനവും മനുഷ്യരിൽ പ്രസാദവും ഉണ്ടാകട്ടെ" (ലൂക്ക് 2, 8-14).

ന്നു വസുദേവൻ "നീ വെറുതെ ദുഃഖിക്കേണ്ട ഞങ്ങൾക്കു വിധിച്ചതു ഞങ്ങൾ അനുഭവിച്ചു എന്നേയുള്ളു" എന്നു പറഞ്ഞു. (വി: പു. 5, 4.)

കൃഷ്ണനെ നന്ദഗോകുലത്തിലേക്കു കൊണ്ടുപോയ ശേഷം ഇരുപത്തേഴു ദിവസം പ്രായമായപ്പോൾ നന്ദൻ തന്റെ കുലഗുരുവായ ഗർഗ്ഗാചാര്യനെ വിളിപ്പിച്ചു രണ്ടു മക്കൾക്കും നാമകരണം ചെയ്വാൻ പറഞ്ഞു. അപ്പോൾ ഗർഗ്ഗാചാര്യൻ "ഇതു കംസൻ അറിഞ്ഞാൽ നിന്നെ കൊല്ലും. ആയതുകൊണ്ടു ഇക്കാര്യം വളരെ ഗുപ്തമായി നടക്കേണം" എന്നു പറഞ്ഞു. പിന്നെ നന്ദന്റെ വീട്ടിൽ ചെന്നു. ആ രണ്ടു മക്കളുടെ ജനനകാലത്തെ അന്വേഷിച്ചു ഗണിച്ചു നന്ദനോടു പറഞ്ഞതെന്തെന്നാൽ: "രോഹിണി പുത്രനു ബലരാമൻ, ബലദേവൻ, ഹലധരൻ എന്നീ പേരുകളെ ഇടേണം. നിന്റെ മകനെ കൃഷ്ണൻ എന്നു വിളിക്കേണം. എന്നാൽ അവൻ വസുദേവന്റെ ഭവനത്തിൽ ജനിച്ചതുകൊണ്ടു വാസുദേവൻ എന്ന പേരും കൂടെ അവനു വിളിക്കേണം. ചതുര്യുഗങ്ങളിലും നിന്റെ ഈ മക്കൾ എവിടെ ജനിച്ചാലും അവർ ഇരുവരും ഒരേ സ്ഥലത്തു തന്നെ ജനിക്കും. ഇവർ ഇരുവരും ദേവന്മാരാകുന്നു. ഇവരുടെ സ്വഭാവത്തെ തിരിച്ചറിവാൻ വളരെ പ്രയാസം ഉണ്ടു. എങ്കിലും ഇവർ കംസ

പൈതലിനെ പരിഛേദന ചെയ്വാൻ എട്ടു ദിവസം തികഞ്ഞപ്പോൾ അവനു ന്യായപ്രമാണപ്രകാരം പരിഛേദന കഴിക്കയും യേശു എന്നപേർ വിളിക്കയും ചെയ്തു. പിന്നെ മറിയയുടെ ശുദ്ധീകരണ ദിവസങ്ങൾ തികഞ്ഞപ്പോൾ ശിശുവിനെ യരുശലേം ദൈവാലയത്തിലേക്കു കൊണ്ടുപോയി ദൈവത്തിന്നു ഏല്പിച്ചു. അന്നു അവിടെ രക്ഷിതാവിന്റെ വരവിന്നായി കാത്തിരിക്കുന്ന ചിലർ ഉണ്ടായിരുന്നു. അവരിൽ നീതിമാനും ഭക്തിമാനും ആയ ശിമ്യോൻ എന്ന ഒരു വൃദ്ധൻ ഉണ്ടായിരുന്നു. അവൻ പൈതലിനെ കയ്യിൽ എടുത്തു ദൈവത്തെ സ്തുതിച്ചുകൊണ്ടു "ഇപ്പോൾ നാഥാ, നിൻ മൊഴി പ്രകാരം നീ നിന്റെ ദാസനെ സമാധാനത്തോടെ വിട്ടയക്കുന്നു. എന്തുകൊണ്ടെന്നാൽ ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ ഇസ്രയേലിന്റെ മഹത്വവുമായിട്ടു നീ സകല ജനത്തിന്നും മുമ്പാകെ ഒരുക്കീട്ടുള്ള നിന്റെ രക്ഷയെ എന്റെ കണ്ണുകൾ കണ്ടുവല്ലോ" എന്നു പറഞ്ഞു. (ലൂക്ക് 2, 21-38.) പിന്നെ ഹന്ന എന്നൊരു പ്രവാചകിയും അവിടെ ഉണ്ടായിരുന്നു. അവൾ എണ്പത്തുനാലു വ

നെ സംഹരിച്ചു ഭൂഭാരം പോക്കും എന്നറിയുന്നു” എന്നിത്യാദി പറഞ്ഞിട്ടു ഗൎഗ്ഗാചാൎയ്യൻ പുറപ്പെട്ടു പോയി. (വി. പു. 9. മഹാഭാ. 10 സ്ക.)

യസ്സുള്ള ഒരു വിധവ ആയിരുന്നു. ആ നാഴികയിൽ തന്നെ ഇവളും അടുത്തു നിന്നു ദൈവത്തെ സ്തുതിച്ചു യരുശലേമിൻെറ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെ കുറിച്ചു പറഞ്ഞു. അതിൻെറ ശേഷം യഹൂദരുടെ രാജാവായി പിറന്നവൻെറ നക്ഷത്രം കണ്ടിട്ടു കിഴക്കുനിന്നു ചില വിദ്വാന്മാർ ദൈവോപദിഷ്ടരായി യേശുവിനെ കാണ്മാൻ വന്നു. ഇവർ ശിശുവിനെ കണ്ടിട്ടു അവനെ കുമ്പിട്ടു വണങ്ങി പൊന്നും കുന്തുരുക്കവും മൂരും കാഴ്ച വെച്ചു നാട്ടിലേക്ക് മടങ്ങിപോകയും ചെയ്തു. (മത്തായി 2, 11.)

കൃഷ്ണൻ ജനിച്ചപ്പോൾ സ്വൎഗ്ഗലോകത്തിലെ ദേവന്മാർ വന്നു ദേവകിയെ സ്തുതിച്ചു. ക്രിസ്തു ജനിച്ചപ്പോഴോ ദൈവദൂതന്മാർ ദൈവത്തെ സ്തുതിച്ചു. ഒരു മനുഷ്യസ്ത്രീയെ സ്തുതിച്ച പുരാണങ്ങളിലെ ദേവന്മാരെക്കാൾ ദൈവത്തെ സ്തുതിച്ച ദൂതന്മാരല്ലയോ ബുദ്ധിയോടെ പ്രവൃത്തിച്ചതു? ദേവകി, ദേവന്മാർ തനിക്കു കൊടുത്ത ദേവി എന്ന മാനപ്പേരിനെ മൌനമായി സ്വീകരിച്ചുകൊണ്ടതിനേക്കാൾ മറിയ തൻെറ എളിമയെ സ്വീകരിച്ചു ദൈവത്തെ സ്തുതിച്ചതല്ലയോ യോഗ്യത? കൃഷ്ണൻെറ ഉത്ഭവം ലോകനടവടി പ്രകാരം പാപികളായ സ്ത്രീപുരുഷന്മാരിൽ നിന്നാകയാൽ കൃഷ്ണൻ പാപജന്മിയത്രെ. എന്നാൽ ക്രിസ്തുവിൻെറ ജനനം കന്യാസ്ത്രീയുടെ ഗൎഭത്തിൽ പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ഉണ്ടായി. ആകയാൽ

1) in the family of Nanigopan.



ക്രിസ്തു മനുഷ്യബീജത്തിൽനിന്നു പിറന്നവനും പാപസ്വഭാവമുള്ളവനും അല്ല. കൃഷ്ണനെ അവന്റെ മാതാപിതാക്കന്മാർ ആചാൎയ്യന്റെ അടുക്കൽ കൊണ്ടുപോയി അവന്റെ ജനനത്തെ കുറിച്ചു അന്വേഷണം കഴിച്ചു. ക്രിസ്തുവിനെ മറിയ ദൈവത്തിന്റെ ആലയത്തിലേക്കു കൊണ്ടുപോയി ദൈവത്തിന്റെ മുമ്പാകെ ഏല്പിച്ചു. കൃഷ്ണനെ കുറിച്ചു ഗൎഗ്ഗാചാൎയ്യൻ അവൻ കുലപാതകനായ്ത്തീരും എന്നു പ്രവചിച്ചു. ശിമ്യോൻ യേശുവിനെ കുറിച്ചു പരിശുദ്ധാത്മാവു നിറഞ്ഞവനായി ഇവൻ ദൈവത്തിൽനിന്നുള്ള രക്ഷയാകുന്നു എന്നു പ്രവചിച്ചു.

## III.
## കൃഷ്ണന്റെ ബാല്യം.

കൃഷ്ണൻ തന്റെ ബാല്യത്തെ 1) നന്ദഗോകുലത്തിൽ യമുനാ നദീതീരത്തുള്ള ഗോക്കളെ മേച്ചുകൊണ്ടും ഗോപികളോടുകൂടെ നാനാവിധമായ ക്രീഡകൾ ചെയ്തുകൊണ്ടും കഴിച്ചു. പശുക്കളെ നോക്കേണ്ടതിന്നായി ഇവനെ കാട്ടിൽ അയപ്പാൻ അമ്മക്കു മനസ്സുണ്ടായിരുന്നില്ല. ആകയാൽ കൃഷ്ണൻ ശാഠ്യം പിടിച്ചു നീ എന്നെ അയക്കാഞ്ഞാൽ ഞാൻ ഉണ്ണുകയില്ല എന്നു പറഞ്ഞു. അതിന്റെ ശേഷമാകുന്നു ഇവൻ കാട്ടിൽ പോവാൻ തുടങ്ങിയതു. അവിടെ വെച്ചു ഇവൻ സൎപ്പാദികളെ കൊല്ലുകയും ചെടികളെ പൊരിച്ചുകളകയും ഗോപസ്ത്രീകളോടുകൂടി കളിക്കയും കുഴൽ

## III.
## ക്രിസ്തന്റെ ബാല്യം.

യേശുക്രിസ്തൻ ചെറുപ്പത്തിൽ തന്റെ ലൌകീക മാതാപിതാക്കന്മാരുടെ ഭവനത്തിൽ നചറെത്ത് എന്ന ഊരിൽ പാൎത്തിരുന്നു. ചെറുപ്പം മുതൽ അവൻ ഭക്തിയുള്ളവനായിരുന്നു. അവൻ അതിപരിശുദ്ധനായിരുന്നതിനാൽ അയോഗ്യമായ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. തന്റെ സമപ്രായക്കാരായ ശേഷം കുട്ടികളെ നിൎമ്മലസ്നേഹത്താൽ സ്നേഹിച്ചു തന്റെ നടപ്പിനാൽ അവൎക്കു ഉത്തമ മാതൃക കാണിച്ചു. അവൻ എല്ലാവരോടും താഴ്മയിലും സ്നേഹത്തിലും പെരുമാറി. 2) തന്റെ വേലകളെ മടിവുകൂടാതെ 3) ചെയ്തു. അവൻ ചെറുപ്പത്തിൽ മനുഷ്യമക്കളെപോലെ

2) [illegible]
3) laziness

വിളിക്കയും മററും ചെയ്തുകൊണ്ടിരുന്നു. ഇവൻ ഊരിൽ വന്നാലൊ ഊൎക്കാൎക്കു സൈ്വരം കൊടുക്കുകയില്ല. ഗോപസ്ത്രീകളുടെ വീടുകളിൽ പുക്കു മോരും പാലും കക്കും. അവിടെ കാണുന്ന ബാല്യക്കാരത്തികളെ കഷ്ടപ്പെടുത്തി, വൃദ്ധസ്ത്രീകളെ ഭയപ്പെടുത്തും. വികൃതികുട്ടികളെ ചേൎത്തു താൻ അവൎക്കു തലവനായി നിന്നിട്ടു അവരോടുകൂടെ ഊരെല്ലാം പൊടി പൊടിക്കും. അവൻ ചെയ്ത അസംഖ്യം ദുഷ്കൎമ്മങ്ങളിൽ രണ്ടു സംഗതികളെ പുരാണങ്ങളിൽനിന്നു ദൃഷ്ടാന്തത്തിന്നായി എടുത്തു കാണിക്കാം.

ഒരിക്കൽ ഒരു ഇടയനും അവന്റെ ഭാൎയ്യയും കിടക്കയിൽ കിടന്നുറങ്ങുമ്പോൾ, കൃഷ്ണൻ അവരുടെ അരികെ ചെന്നു അവരിരുവരുടെയും താടിയും മുടിയും കൂട്ടികെട്ടിക്കളഞ്ഞു. അവർ ഉണൎന്നശേഷം കൃഷ്ണനെ കുറിച്ചു സങ്കടം പറവാൻ നന്ദന്റെ അടുക്കലേക്കു പോയി. അപ്പോൾ കൃഷ്ണനും അവന്റെ കൂട്ടക്കാരും വഴിയിൽവെച്ചു ഇവരെ വളരെ പരിഹസിച്ചു.

മറെറാരിക്കൽ ചില ഗോപസ്ത്രീകൾ നദിയിൽ സ്നാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ കൃഷ്ണൻ അവരുടെ വസ്ത്രങ്ങളെ എടുത്തുംകൊണ്ടു കദംബ എന്ന വൃക്ഷത്തിന്മേൽ കയറികുത്തിരുന്നു. പിന്നെ അവർ അവനോടു വസ്ത്രം ചോദിച്ചപ്പോൾ മഹാലജ്ജാകര

വല്ല ഉപദ്രവവും പോക്കിരിത്തനവും ചെയ്തപ്രകാരം സത്യവേദത്തിൽ എവിടെയും കാണുകയില്ല.

ക്രിസ്തൻ മേൽപറഞ്ഞപ്രകാരം സല്ഗുണമുള്ള ബാലനായിരുന്നതുകൊണ്ടു എല്ലാവരും അവനെ സ്നേഹിച്ചു. ആരും ഒരിക്കലും അവനെ കുറിച്ചു അവന്റെ അമ്മയപ്പന്മാരോടു ആവലാതി പറഞ്ഞിട്ടില്ല. അവൻ സ്വന്തമാതാപിതാക്കന്മാരോടു മൎയ്യാദയായും സൌമ്യമായും പെരുമാറിവന്നു. അവന്റെ ബാല്യവളൎച്ചയെ സംബന്ധിച്ചു "അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിൎന്നുവന്നു" എന്നു സത്യവേദത്തിൽ പറയപ്പെട്ടിരിക്കുന്നു.

യേശു, താൻ ഇഹത്തിൽ വന്ന കാൎയ്യത്തെ കുറിച്ചു ചെറുപ്പത്തിൽ തന്നെ ചിന്തിച്ചുകൊണ്ടിരുന്നു. അവൻ കുട്ടിക്കളികളാൽ നേരം പോക്കാതെ ദൈവകാൎയ്യങ്ങളെ ധ്യാനിക്കുന്നതിൽ

മായ കാൎയ്യങ്ങളെ ചെയ്വാൻ തുടങ്ങി.

അവൻ ഗോപന്മാരുടെ പശുക്കിടാങ്ങളെ തൊഴുത്തിൽനിന്നു അഴിച്ചു ഓടിച്ചുകളയും. ഗോപസ്ത്രീകളുടെ വസ്ത്രങ്ങളിൽ പാമ്പിനെയും കീരിയെയും പിടിച്ചിടും. അവരുടെ പാൽകുടങ്ങളിൽ ഉള്ളതെല്ലാം കവൎന്നു കുടിച്ചിട്ടു, അവയിൽ പാമ്പു, തേൾ, ചേരട്ട മുതലായവയെ കൊണ്ടുവന്നു ഇടും. അവരുടെ ചെറിയ പൈതങ്ങളെ പശുക്കളുടെ വാലോടു പിടിച്ചുകെട്ടും. (ഹരിവിജയം.)

കൃഷ്ണൻ തന്റെ അമ്മയെയും കൂടെ വളരെ ഉപദ്രവിച്ചിരിക്കുന്നു. അവൾ അവനെ മരത്തോടും ഉരലിനോടും മറ്റും പിടിച്ചു കെട്ടാറുണ്ടു. വടി എടുത്തു അവന്റെ പിന്നാലെ ഓടും. പാലും വെണ്ണയും കൊടുക്കയില്ലെന്നു മകനെ ഭയപ്പെടുത്തും. എന്നിട്ടും അമ്മയെ കൂട്ടാക്കാതെ മോരും പാലും വെണ്ണയും കട്ടുതിന്നും. മൺപാത്രങ്ങളെ ഉടച്ചുകളയും. പിന്നെ താൻ ചെയ്ത തെറ്റുകളെല്ലാം ബലരാമന്റെ മേൽ ചുമത്തും.

കൃഷ്ണന്റെ ദുൎഗ്ഗുണങ്ങളാലും ദുൎന്നടപ്പുകൊണ്ടും നന്ദഗോകുലത്തിലെ സ്ത്രീകൾക്കു സഹിച്ചുകൂടാതായി. അവർ യശോദയുടെ അടുക്കൽ പലപ്പോഴും ആവലാതി ചെന്നു പറഞ്ഞു. ഇവൻ ഒരു ഗോപസ്ത്രീയുടെ മേൽ അപരാധം ചുമത്തിയപ്പോൾ അവൾ യ

നിഷ്ഠയുള്ളവനായിരുന്നു. അവന്നു പന്ത്രണ്ടു വയസ്സായപ്പോൾ യരുശലേമിൽ വിദ്വാന്മാരുടെയും ശാസ്ത്രികളുടെയും കൂടെ ഇരുന്നു അവരോടു ആത്മികകാൎയ്യങ്ങളെ കുറിച്ചു ചോദ്യോത്തരം കഴിക്കുന്നതിനെ ഒരിക്കൽ അവന്റെ അമ്മയപ്പന്മാർ തന്നെ കണ്ടു.

ക്രിസ്തൻ ചെറുപ്പത്തിൽ തന്നെ തന്റെ ഐഹിക മാതാപിതാക്കൾക്കു താൻ സാമാന്യമകനല്ല എന്നും സാമാന്യവേലക്കായല്ല താൻ വന്നതു എന്നും ബോദ്ധ്യം വരുത്തി, ദൈവം തന്റെ പ്രത്യേക പിതാവാകുന്നു എന്നും താൻ ദൈവക്രിയകളെ ചെയ്യേണ്ടതിന്നത്രെ വന്നിരിക്കുന്നതു എന്നും അവരെ ഗ്രഹിപ്പിച്ചു. അവന്റെ വാക്കു അവൎക്കു ഉടനെ മനസ്സിലായില്ല എന്നിട്ടും അവന്റെ അമ്മ ഈ കാൎയ്യങ്ങളെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്ക് 2, 51).

യേശുവിന്റെ പോറ്റപ്പൻ ഒരു തച്ചൻ ആയിരുന്നു. മകനും ഈ വേല തന്നെ ചെയ്തു അപ്പന്നു സഹായിച്ചിട്ടുണ്ടാകും. അവൻ മാതാപിതാക്കന്മാൎക്കു അനുസരണമുള്ളവൻ ആയിരുന്നു. എന്തുകൊണ്ടെന്നാൽ "അവൻ തന്റെ അമ്മയപ്പന്മാൎക്കു കീഴട

1) virtuous woman
2) [illegible]
3) ruin, destruction. 4) removal, remedy.
5) prophesying.



ശോദയോട്ടു ചെന്നു പറഞ്ഞ വാക്കുകളെ ഇവിടെ പറഞ്ഞുംകൊണ്ടു ഈ സംഗതിയെ അവസാനിപ്പിക്കുന്നു. "സതിയേ! കേൾക്ക ഈ കൃഷ്ണൻ നല്ലവനല്ല. മഹാദുഷ്ടനും ആചാരഭ്രഷ്ടനും ആയിട്ടു ബുദ്ധിയില്ലാത്ത അനേക ദൂഷണങ്ങളെ പറഞ്ഞു പരത്തുന്നു. ഈ അനർത്ഥത്തിന്നു ഒരു നീക്കുപോക്കു നീ വരുത്തുന്നില്ലെങ്കിൽ ഇവനാൽ വളരെ വംശങ്ങൾക്കു നാശം വരും എന്നു നീ ഓർത്തുകൊൾക" എന്നത്രെ. ഇപ്രകാരം ഹരിവിജയം എന്ന ഗ്രന്ഥത്തിൽ ആ ഗോപസ്ത്രീ പറഞ്ഞ പ്രവാചകംപോലെ തന്നെ ഒടുവിൽ നിവൃത്തിയാകയും ചെയ്യു.

ങ്ങി പാർത്തു" എന്നു സത്യവേദത്തിൽ പറഞ്ഞിരിക്കുന്നു. പിന്നെ അവൻ മുതിർന്നു ഒരു പുരുഷൻ ആയശേഷം ഒരു സ്ത്രീ അവൻെറ ഉപദേശത്തേയും നടപ്പിനെയും കണ്ടിട്ടു "നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ" (ലൂക്ക് 11, 27.) എന്നു അവനെ പുകഴ്ത്തിയിരിക്കുന്നു. പണ്ടു പണ്ടേ യേശുവിനെ കുറിച്ചു "ഒരു കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും അവൻ ദോഷമുള്ളതിനെ നിരസിച്ചു ഗുണമുള്ളതിനെ തെരിഞ്ഞെടുക്കും" (യശ:. 7, 14 15.) എന്നു ഒരു ദീർഘദർശനം ഉണ്ടായിട്ടുണ്ടു. ഈ ദീർഘദർശനം യേശുവിൽ ഉള്ളവണ്ണം നിവൃത്തിയായിരിക്കുന്നു.

ഹിന്തുമതക്കാർ കൃഷ്ണൻ അവതാര പുരുഷനാകയാൽ അവൻെറ ബാലക്രീഡകൾ ദോഷമുള്ളവയല്ല എന്നു നിരൂപിക്കുന്നു. മനുഷ്യാവതാരം എടുക്കയാൽ മനുഷ്യരോടു സകലത്തിലും തുല്യനായി പ്രവൃത്തിക്കേണ്ടതാകുന്നു എന്നും അവർ പറയുന്നു. ഇതിന്നു ക്രിസ്ത്യാനികൾ പറയുന്നതോ: കൃഷ്ണൻ അവതാര പുരുഷൻ എന്നു വിശ്വസിക്കുന്നതായാൽ അവൻെറ ബാലക്രീഡ വളരെ ദോഷാരോപണത്തിന്നു ഹേതുവായിരിക്കുന്നു. അവൻ ദൈവമായിരുന്നിട്ടു മാനുഷരൂപം ധരിച്ചു വന്നതാകുന്നു എന്നുവരികിൽ അവൻെറ നടപ്പു നിർമ്മലമായിരിക്കേണ്ടതായിരുന്നു. അവൻ മനുഷ്യനായ്വന്നതു എന്തിന്നു? പാപികളായ

മനുഷ്യൎക്ക സന്മാൎഗ്ഗത്തെ കുറിച്ചുള്ള ഉപദേശവും ദൃഷ്ടാന്തവും കൊടുക്കാതിരുന്നതു എന്തു? ദൈവം മനുഷ്യാവതാരം എടുത്താൽ പാപത്തിന്റെ അവതാരത്തെയും എടുക്കേണമൊ? ആദിയിൽ മനുഷ്യൻ ഏതു വിധമുള്ള പവിത്രനായിരുന്നുവൊ അപ്രകാരം താനും പവിത്രനായി അവരെ തന്നെപോലെ പവിത്രന്മാരാക്കുവാൻ യത്നിക്കേണ്ടതല്ലയൊ? മനുഷ്യാവതാരമായുള്ള കൃഷ്ണന്റെ ബാലക്രീഡകളാൽ അനേകൎക്കും തിന്മപിണഞ്ഞതല്ലാതെ വല്ല നന്മയും ഉണ്ടായിട്ടുണ്ടൊ? ഇവന്നു തുല്യരായ അനേകം ദുഷ്ടപിള്ളർ ഇന്നും ഉണ്ടല്ലൊ. ഇവരും കൃഷ്ണനും ചെയ്ത ദുൎവ്വൃത്തികളാൽ ജനങ്ങൾക്കു ഉപദ്രവം വരാതിരുന്നിട്ടുണ്ടൊ? എന്നാൽ കൃഷ്ണനെ ദൈവം എന്നു വിചാരിക്കുകയാൽ ഏറിയ കാലമായിട്ടു അസംഖ്യം ജനങ്ങൾ നശിച്ചു പോകുന്നു കഷ്ടം!

കൃഷ്ണന്റെ ബാലക്രീഡയെ കുറിച്ചു ഭാഗവതം, ഹരിവംശം, പത്മപുരാണം മുതലായ ഗ്രന്ഥങ്ങളിൽ വൎണ്ണിച്ചിരിക്കുന്നു. ഹിന്തുക്കളിൽ ഒരു ഭാഗക്കാരായ വൈഷ്ണവരുടെ ഭക്തി മുഖ്യമായി കൃഷ്ണന്റെ കൌമാരവൃത്തിയിലാകുന്നു. ഇവർ അവനെ ബാലകൃഷ്ണൻ രാധാകാന്തൻ, ഗോപീനാഥൻ, മുരലീധരൻ എന്നിത്യാദി നാമധേയങ്ങളാൽ ഭജിച്ചുവരുന്നു. ഈ വിധത്തിൽ ജനങ്ങളുടെ ഭക്തിമാൎഗ്ഗം എത്രയൊ അശുദ്ധവും അബദ്ധവും ആയിിക്കുന്നു എന്നു പറയേണമെന്നില്ലല്ലൊ. ബ്രഹ്മവൈവൎത്ത പുരാണത്തിൽ കൃഷ്ണന്റെ ഭൂലോക ക്രീഡകൾ ഗോലോകത്തിൽ കൊണ്ടുപോയി വെച്ചിരിക്കുന്നു എന്നു പറയപ്പെട്ടിരിക്കുന്നു.

ആലോകം വൈകുണ്ഠത്തെക്കാളും മീതെയാകുന്നു പോൽ അവിടെ പരമാത്മാവാകുന്ന കൃഷ്ണൻ ഇരിക്കുന്നു. ഇവനിൽനിന്നു നാരായണനും മഹാദേവനും ഉളവായി. അവന്റെ ഇടത്തെ രോമങ്ങളിൽനിന്നു രാധ ജനിച്ചു. അവളുടെ രോമരന്ധ്രങ്ങളിൽനിന്നു മുപ്പത്തു കോടി ഗോപികളും കൃഷ്ണന്റെ രോമരന്ധ്രങ്ങളിൽനിന്നു മുപ്പത്തുകോടി ഗോപന്മാരും ഉത്ഭവിച്ചു. അവിടെ പശുക്കളും അവയുടെ കിടാങ്ങളും ഉണ്ടു. കൃഷ്ണൻ വൃന്ദാവനത്തിൽ വെച്ചു ചെയ്ത പ്രകാരം തന്നെ അവിടെ വെച്ചും എല്ലാ ഗോപിമാരോടും രാധയോടും കൂടെ ഉല്ലസിച്ചുകൊണ്ടിരിക്കുന്നു പോൽ.

കൃഷ്ണന്റെ ദുഷ്പ്രവൃത്തികളെ അവതാരലീല എന്നു എണ്ണുന്നതുകൊണ്ടു ഇപ്രകാരമുള്ള കഥകൾ ഉളവായ്വന്നിരിക്കുന്നു. ഇവനിൽ വിശ്വസിക്കുന്നവരുടെ ശരീരാത്മാക്കൾക്കു വരുന്ന നഷ്ടം എത്രയോ ഭയങ്കരമായിരിക്കും നിശ്ചയം. "യഥാദേവസ്തഥാ ഭക്തഃ യഥാ രാജാ തഥാ പ്രജാ" എന്ന പഴഞ്ചൊല്ലിന്നു കൃഷ്ണനും അവന്റെ ഭക്തന്മാരും ദൃഷ്ടാന്തം.

കൎത്താവായ യേശുക്രിസ്തന്റെ ബാല്യവൃത്താന്തം സത്യവേദത്തിൽ വിസ്തരിച്ചു കാണുന്നില്ലെങ്കിലും സൂൎയ്യന്റെ ഏകകിരണത്താൽ സൂൎയ്യന്റെ മുഴുതേജസ്സിനെ നാം ഗ്രഹിക്കുന്നതു പോലെ യേശുവിന്റെ ബാല്യത്തെ കുറിച്ചു പറഞ്ഞിട്ടുള്ള ഏകസംഗതിയിൽനിന്നു അവന്റെ മുഴുഗുണവും പ്രത്യക്ഷമായ്വരുന്നു. യേശുവിന്റെ ബാല്യജീവിതത്തിൽനിന്നു ചെറിയ പൈതങ്ങളെ ഉപദേശിക്കേണ്ടതിന്നു എത്രയോ നല്ല സംഗതികൾ കിട്ടുന്നു. കൃഷ്ണഭക്തരിൽ

ഒരുത്തനെങ്കിലും ബാലകൃഷ്ണന്റെ മാതിരിയെ തന്റെ മക്കൾക്ക് പഠിപ്പിപ്പാൻ ഇഷ്ടപ്പെടുമോ? എന്നാൽ ക്രിസ്തീയമാതാപിതാക്കന്മാർ യേശുകുട്ടിയെ കുറിച്ചു മക്കളോടു വിവരിക്കയും യേശുകുട്ടിയെപോലെ വളരുവാൻ ബുദ്ധിയുപദേശിക്കയും ചെയ്തുവരുന്നു.

## IV.

## കൃഷ്ണന്റെ പുരുഷപ്രായത്തിലെ വൃത്താന്തം.

കൃഷ്ണൻ മുതിൎന്നശേഷം മധുരയിൽ ചെന്നു അവിടെവെച്ചു തന്റെ അമ്മോമനായ കംസനോടു യുദ്ധം ചെയ്തു അവനെ കൊന്നു അവന്നു പകരം ഉഗ്രസേനനെ സിംഹാസനത്തിൽ വാഴിച്ചു. പിന്നെ അവന്തിയിൽ പാൎക്കുന്ന സന്ദീപനി എന്ന ഒരു ബ്രാഹ്മണന്റെ ശിഷ്യനായി അവന്റെ പക്കൽനിന്നു ധനുൎവ്വിദ്യയെ വശമാക്കി. അവിടെനിന്നു മടങ്ങിവന്നതിന്റെ ശേഷം ചില ദിവസം മധുരയിൽ തന്നെ പാൎത്തുകൊണ്ടിരിക്കുമ്പോൾ കംസന്റെ അമ്മായപ്പനായ ജരാസന്ധൻ തന്റെ മരുമകന്റെ മരണത്തിന്നു പ്രതികാരം ചെയ്യേണ്ടതിന്നായിട്ടു വളരെ സൈന്യം കൂട്ടി മധുരയിലേക്കു വന്നു. കൃഷ്ണൻ ഇവനോടും യുദ്ധം ചെയ്തു അവനെ ഓടിച്ചുകളഞ്ഞു. എന്നിട്ടും അവൻ പിന്നെയും വന്നു. ഇപ്രകാരം പതിനേഴു വട്ടം സംഭവിച്ചു. അതിന്റെ

## IV.

## ക്രിസ്തന്റെ പുരുഷപ്രായത്തിലെ വൃത്താന്തം.

ക്രിസ്തൻ മുപ്പതാം വയസ്സിൽ പരസ്യമായി ജനങ്ങളോടു ഉപദേശിപ്പാൻ തുടങ്ങി. ഒന്നാമതു അവൻ യോഹന്നാനാൽ സ്നാനപ്പെട്ടു, അപ്പോൾ സ്വൎഗ്ഗത്തിൽനിന്നു പരിശുദ്ധാത്മാവു അവന്റെ മേൽ ഇറങ്ങിവന്നു. ഇവൻ എന്റെ പ്രിയ പുത്രൻ ആകുന്നു; ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉണ്ടായി. പിന്നെ പിശാചു മരുഭൂമിയിൽവെച്ചു യേശുവിനെ പരീക്ഷിച്ചു. ഈ പരീക്ഷയിൽ അവൻ പിശാചിനെ ജയിച്ചു. പിന്നെ ദൈവദൂതന്മാർ വന്നു അവനെ ശുശ്രൂഷിച്ചു. അനന്തരം യോഹന്നാൻ യേശുവിനെ കണ്ടിട്ടു: "ഇതാ ലോകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു" എന്നു ജനങ്ങളോടു വിളിച്ചുപറഞ്ഞു. പിറ്റെന്നാൾ യേശു യോഹന്നാന്റെ രണ്ടു ശിഷ്യന്മാരോടു തന്നെ അനുഗമി

ശേഷം കാലയവനൻ എന്ന ഒരു രാജാവു മധുരയോടു യുദ്ധത്തിന്നു വന്നു. അവന്റെ സൈന്യത്തോടു എതിൎപ്പാൻ യാദവൎക്കു കഴിയായ്കയാൽ കൃഷ്ണൻ മധുരയെ വിട്ടു ഗുജരാഷ്ട്രത്തിലേക്കു പോയി സമുദ്രതീരത്തിൽ ദ്വാരകയെ സ്ഥാപിച്ചു. പിന്നെ അവൻ മധുരയിൽ വന്നു അല്പദിവസം പാൎത്തപ്പോൾ വീണ്ടും കാലയവനനെ കണ്ണിന്മുമ്പിൽ കണ്ടതിനാൽ ഓടിപോയി. കാലയവനൻ പിന്തുടൎന്നു ചെല്ലുമ്പോൾ, കൃഷ്ണൻ ഒരു ഗുഹയിൽ പുക്കു അവിടെ കിടന്നുറങ്ങിക്കൊണ്ടിരുന്ന മുചുകുന്ദൻ എന്ന ഒരു രാജാവിന്റെ മേൽ തന്റെ പീതാംബരത്തെ ഇട്ടുംവെച്ചു ഒളിച്ചുകളഞ്ഞു. ഇവന്റെ വഴിയെ തന്നെ കാലയവനനും വന്നു ഉറങ്ങികിടക്കുന്ന രാജാവിനെ കൃഷ്ണൻ എന്നു നിരൂപിച്ചു ഒരു ചവിട്ടു കൊടുത്തു. അപ്പോൾ ആ രാജാവു ഞെട്ടി ഉണൎന്നു ക്രോധത്തോടെ നോക്കിയ നോട്ടത്താൽ കാലയവനൻ ഭസ്മമായ്പോയി.

ഇപ്രകാരം കൃഷ്ണൻ തന്റെ ശത്രുവിനെ നശിപ്പിച്ചിട്ടു പിന്നെയും ദ്വാരകയിൽ ചെന്നു. ഭീമകരാജന്റെ മകളായ രുഗ്മിണിക്കും ശിശുപാലനും തമ്മിൽ വിവാഹംനടപ്പാനിരിക്കുമ്പോൾ കൃഷ്ണൻ അവളെ മോഷ്ടിച്ചു കൊണ്ടുപോയി രാക്ഷസവിവാഹപ്രകാരം തന്റെ ഭാൎയ്യയാക്കി.

കൃഷ്ണന്നു സന്താനം ഇല്ലായ്കയാൽ അവൻ ശിവനെ ഭജി

പ്പാൻ കല്പിച്ചു. ഇവരോ മൂന്നാമനായ ഒരു ശിഷ്യനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അതിന്റെ ശേഷം യേശു ഗലീലയിൽ വന്നു. അവിടെ കാനാ എന്ന ഊരിൽ ഒരു കല്യാണ വിരുന്നിൽ ചേൎന്നു. ആ വിരുന്നിൽ വീഞ്ഞു കുറവായാറെ യേശു വെള്ളം വീഞ്ഞാക്കി അത്ഭുതങ്ങളെ ചെയ്വാൻ ആരംഭിച്ചു. അവിടെനിന്നു അവൻ കപ്പൎന്നഹൂമിലേക്കു പോയി ചില ദിവസം പാൎത്തിട്ടു പെസഹാ പെരുന്നാളിന്നു യരുശലേമിലേക്കു കയറിപോയി. ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ, ദൈവാലയപ്രാകാരത്തിൽ ജനങ്ങൾ ആടുമാടുകളെ കൊണ്ടുവന്നു വില്ക്കുന്നതിനെ യേശു കണ്ടിട്ടു അവരെ പുറത്താക്കി "എന്റെ പിതാവിൻ ഭവനത്തെ വാണിഭശാല ആക്കരുതു" എന്നു പറഞ്ഞു. അപ്പോൾ യഹൂദന്മാർ അവനോടു "നീ ഏതു അധികാരംകൊണ്ടു ഇപ്രകാരം ചെയ്യുന്നു?" എന്നു ചോദിച്ചു അതിന്നു അവൻ "ഞാൻ മരിച്ചിട്ടു മൂന്നാം നാൾ ഉയിൎത്തെഴുനീല്ക്കും ഇതാകുന്നു എന്റെ അധികാരത്തിന്റെ അടയാളം" എന്നു ഉത്തരം കൊടുത്തു. അനേകം യഹൂദന്മാർ അവൻ പെരുന്നാളിൽ ചെയ്ത അതിശയങ്ങളെ കണ്ടിട്ടു ആശ്ചൎയ്യപ്പെട്ടു.

അനന്തരം അവിടെനിന്നു പുറപ്പെട്ടു യഹൂദ്യ അതിരുകളിലെ ശേഷമുള്ള പ്രദേശങ്ങളിലേക്കു പോയി ജനസമൂഹങ്ങളോടു

ച്ചാൻ വനത്തിൽ പോയി. ശിവനും പാൎവ്വതിയും ഇവന്റെ തപോബലം കണ്ടു പ്രസാദിച്ചിട്ടു പുത്രസന്താനവരം കൊടുത്തു. "നിണക്കു പതിനാറായിരം ഭാൎയ്യമാരുണ്ടാകട്ടെ" എന്നു പാൎവ്വതിയും വരം കൊടുത്തു. അതിൽപിന്നെ കൃഷ്ണന്നു പ്രദ്യുമ്നൻ എന്ന ഒരു മകൻ ജനിച്ചു. അവനെ സംബരൻ എന്ന ഒരു ദൈത്യൻ കട്ടുകൊണ്ടുപോയി സമുദ്രത്തിൽ ഇട്ടുകളഞ്ഞു. അവിടെ വെച്ചു അവനെ ഒരു മത്സ്യം പിടിച്ചു വിഴുങ്ങി. ആ മത്സ്യത്തെ ഒരു മുക്കുവൻ പിടിച്ചു സംബരന്റെ ഭാൎയ്യയുടെ വക്കൽ കൊടുത്തു. അതിന്റെ വയറ്റിൽനിന്നു ആ കുട്ടി ജീവനോടെ പുറത്തു വന്നു. ഇതിന്മദ്ധ്യേ രുഗ്മിണി പുത്രശോകത്തിൽ മുങ്ങിക്കിടന്നിട്ടും കൃഷ്ണൻ പുത്രനെ അന്വേഷിപ്പിച്ചില്ല. പിന്നെ ചില സംവത്സരങ്ങളുടെ ശേഷം ആ കുട്ടിയെ വീണ്ടും കിട്ടി. അപ്പോൾ അമ്മയപ്പന്മാൎക്കു വളരെ സന്തോഷമായി (വി: പു. 5, 37 അ.).

പിന്നെ ഒരിക്കൽ "ഇന്ദ്രൻ കൃഷ്ണന്റെ അടുക്കൽ വന്നു നീ അനേകം ദൈത്യന്മാരെ കൊന്നു ഭൂഭാരം കുറച്ചിരിക്കുന്നുവല്ലോ. എന്നാൽ ഇനിയും നരകാസുരൻ എന്ന ഒരു ദൈത്യൻ ഉണ്ടു. അവൻ ദേവന്മാരെയും മനുഷ്യരെയും വളരെ ഉപദ്രവിക്കുന്നു. അവൻ എന്റെ അമ്മയുടെ കുണ്ഡലങ്ങളെ കട്ടു കൊണ്ടുപോയതു

ഉപദേശിപ്പാനും തന്റെ ശിഷ്യന്മാരെകൊണ്ടു അവരെ സ്നാനപ്പെടുത്തുവാനും തുടങ്ങി. അവിടെനിന്നു വടക്കോട്ടു പോകുമ്പോൾ ശമൎയ്യരുടെ ഒരു ഗ്രാമത്തിന്നു പുറമെ ക്ഷീണിതനായി ഒരു കിണററിൻ വക്കത്തു ഇരുന്നു. അവിടെ വെള്ളം കോരുവാൻ വന്ന ഒരു സ്ത്രീയോടു സംഭാഷിച്ചു താൻ ക്രിസ്തുവാകുന്ന മശിഹയാകുന്നു എന്നു അവൾക്കു വെളിപ്പെടുത്തി. അവളുടെ ഊൎക്കാർ അപേക്ഷിക്കയാൽ രണ്ടു ദിവസം അവിടെ പാൎത്ത ശേഷം ഗലീലയിലേക്കു പോയി. അവിടത്തുകാർ അവനെ ബഹുപ്രീതിയോടെ കൈക്കൊണ്ടു. അവൻ കാനാ എന്ന ഊരിൽ പാൎക്കുമ്പോൾ ഒരു പ്രമാണിയുടെ മകനെ സൌഖ്യമാക്കി. അതിൽ പിന്നെ അവൻ സ്വന്ത ഊരിലേക്കു പോയി. ശബ്ബത് ദിവസത്തിൽ അവൻ പള്ളിയിൽ ചെന്നു നിന്നു ജനങ്ങളുടെ അവിശ്വാസത്തിന്നു എതിരെ സംസാരിച്ചു ആക്ഷേപിച്ചു. അപ്പോൾ അവൎക്കു കോപം മുഴുത്തു അവനെ തലകീഴായി തള്ളിയിട്ടുവാന്തക്കവണ്ണം മലയുടെ വക്കോളം കൊണ്ടുപോയി. എങ്കിലും അവൻ അവരുടെ നടുവിൽകൂടി കടന്നുപോയി (ലൂക്ക്. 4, 28—30).

അനന്തരം അവൻ സ്വശിഷ്യരുമായി ഗലീല പ്രാന്ത്യങ്ങളിലുള്ള അനേകം ഊരുകളിൽ ഉപദേശിച്ചും അത്ഭുതങ്ങൾ ചെയ്തും കൊണ്ടു സഞ്ചരിച്ചു. അപ്പോൾ

കൂടാതെ ഇപ്പോൾ എന്റെ ഐരാവതം എന്ന ആനയെയും കൂടെ ചോദിക്കുന്നു. അതുകൊണ്ടു നീ അവനെ സംഹരിക്കേണം" എന്നു പറഞ്ഞു. ഇതു നിമിത്തം കൃഷ്ണൻ ഗരുഡവാഹനമേറി സത്യഭാമയോടുകൂടെ നരകാസുരന്റെ പട്ടണത്തിൽ ചെന്നു തന്റെ സുദൎശനം എന്ന ചക്രംകൊണ്ടു അവന്റെ ഏഴായിരം മക്കളെ കൊന്നുകളഞ്ഞു. പിന്നെ ആ അസുരനെയും കൊന്നു അവൻ തടവിലിട്ടിരുന്ന പതിനാറായിരം സ്ത്രീകളെ വിടുവിച്ചു. പിന്നെ ഇന്ദ്രന്റെ അമ്മയുടെ കുണ്ഡലങ്ങളെ അവൾക്കു തിരികെ കൊടുപ്പാനായി സത്യഭാമയോടുകൂടെ സ്വൎഗ്ഗലോകത്തിലേക്കു യാത്രയായി. (വി: പു.)

അവിടെ സകല ദേവന്മാരും സഭയായി കൂടിവന്നു. ഇന്ദ്രനും സഭയിൽ ഉണ്ടായിരുന്നു. ഇവർ എല്ലാവരും കൃഷ്ണനെ വളരെ സ്തുതിച്ചു. നരകാസുരനെ വധിച്ചതുകൊണ്ടു വളരെ ബഹുമതികളെയും നല്കി. അവിടെ നിന്നു മടങ്ങിവരുമ്പോൾ സത്യഭാമ ഇന്ദ്രന്റെ തോട്ടത്തിൽ പാരിജാതകം എന്ന ചെടിയെ കണ്ടു അതിന്റെ പുഷ്പങ്ങളുടെ മേൽ മോഹം ജനിക്കയാൽ ഇങ്ങിനെത്ത ചെടി ഭൂലോകത്തിൽ തന്റെ തോട്ടത്തിലും ഉണ്ടാവാൻ തക്കവണ്ണം അതിനെ പറിച്ചെടുക്കേണം എന്നു കൃഷ്ണനോടു അപേക്ഷിച്ചു. അപ്പോൾ അവൻ ഇന്ദ്രനോടു ചോദിക്കാതെ ആ

ചുങ്കക്കാരനായ മത്തായി എന്ന ഒരുവനെ തന്റെ ശിഷ്യനാവാൻ വിളിച്ചു. അവൻ യേശുവിന്റെ വിളി കേട്ടു സകലവും വിട്ടു അവനെ അനുഗമിച്ചു. പിന്നെ പെസഹപ്പെരുന്നാളിന്നു യരുശലേമിൽ ചെന്നപ്പോൾ അവിടെ വെച്ചു മുപ്പത്തെട്ടു വൎഷത്തോളം രോഗിയായി സഹായമില്ലാതെ കിടന്നിരുന്ന ഒരു സാധുവിനെ ശബ്ബത്തിൽ സൌഖ്യമാക്കി. ഇതു യഹൂദന്മാർ കേട്ടിട്ടു അവന്റെ മേൽ ശബ്ബത്തുലംഘനത്തെ ചുമത്തി അവനെ കൊല്ലുവാൻ ആലോചിച്ചു. അപ്പോൾ അവൻ അവരോടു "ദൈവം എന്റെ പിതാവാകുന്നു ഞാനും പിതാവും ഒന്നായിരിക്കുന്നതുകൊണ്ടു ശബ്ബത്തിലും പ്രവൃത്തിക്കേണ്ടതിന്നു എനിക്കധികാരം ഉണ്ടു" എന്നു പറഞ്ഞു. പിന്നെയും രണ്ടു ശബ്ബത്തുകളിൽ രോഗികളെ സൌഖ്യമാക്കുന്ന അതിശയപ്രവൃത്തികളെ ചെയ്തു. അപ്പോൾ യഹൂദന്മാൎക്കു കോപം മുഴുത്തു അവനെ കൊല്ലുവാൻ വട്ടം കൂട്ടി. പിന്നെ അവൻ തിബെൎയ്യക്കടൽവക്കത്തു പോയി. അവിടെവെച്ചു അനേകം രോഗികളെ സൌഖ്യമാക്കുകയും പിശാച് ബാധിതരിൽനിന്നു പിശാചുക്കളെ പുറത്താക്കുകയും ചെയ്തു.

അതിന്റെ ശേഷം അവൻ ഒരു രാത്രി മുഴവൻ പ്രാൎത്ഥിച്ചുംകൊണ്ടു ഒരു മലമേൽ താമസിച്ചു. പിറെറ ദിവസം തന്റെ ശിഷ്യ

ചെടി പറിച്ചു ഗരുഡന്റെ മേൽ
ഏററി കൊണ്ടുപോയ്ക്കളഞ്ഞു. ഈ
വിവരം ഇന്ദ്രന്റെ ഭാൎയ്യ കേട്ടിട്ടു
ഭൎത്താവോടു കോപിച്ചു കൃഷ്ണനു
വിരോധമായി പറഞ്ഞയച്ചു.
അപ്പോൾ ചില ദിവസംമുമ്പെ
ബഹുമാനപൂൎവ്വം എതിരേററു സ
ല്ക്കാരം ചെയ്ത ആ ദേവന്മാരെ
ല്ലാവരും ഇന്ദ്രന്റെ പക്ഷത്തു
നിന്നു കൃഷ്ണനോടു പോരിന്നു വ
ട്ടം കൂട്ടി. ഇപ്രകാരം സ്വൎഗ്ഗ
ത്തിൽ വലിയ യുദ്ധം ഉണ്ടായി.
കൃഷ്ണനോ, അഗ്നി, രുദ്രൻ, യ
മൻ, വസു മുതലായ എല്ലാ ദേവ
ന്മാരെയും ജയിച്ചു. ഗരുഡൻ
തന്റെ ചിറകുകളാലും കൊക്കു
കൊണ്ടും ബാക്കിയുള്ള ദേവന്മാ
രെ ഖണ്ഡിച്ചുകളഞ്ഞു. ഇന്ദ്രൻ
കൃഷ്ണന്റെ മുമ്പിൽനിന്നു ഓടി
പോയ്ക്കളഞ്ഞു. ഒടുവിൽ സത്യ
ഭാമ ഇന്ദ്രനു അവന്റെ ചെടി
യെ മടക്കികൊടുക്കാം എന്നു സ
മ്മതിച്ചു; തന്റെ ഭൎത്താവിന്നു
ജയം കിട്ടിയാൽ മതി എന്നു പറ
വാൻ തുടങ്ങി. എന്നാൽ ഇ
ന്ദ്രൻ ആ ചെടിയെ അവൾക്കു
തന്നെ സമ്മാനിച്ചു.

കൃഷ്ണൻ ഇപ്രകാരമുള്ള വൻ
കാൎയ്യത്തെ ചെയ്തശേഷം സ്വൎഗ്ഗ
ലോകത്തിൽനിന്നു ദ്വാരകയി
ലേക്കു മടങ്ങിവന്നു. നരകാസു
രന്റെ തടവിൽനിന്നു വിട്ടുവി
ച്ച പതിനാറായിരം ഗോപിക
ളെ തനിക്കു ഭാൎയ്യമാരാക്കി. (വി.
പുരാ. 5, 30. 31.)

പിന്നെ ഉണ്ടായതു എന്തെ
ന്നാൽ: ബാണാസുരൻ കൃഷ്ണ

ന്മാരിൽനിന്നു പന്ത്രണ്ടു പേരെ
അപോസ്തലന്മാരായിട്ടു വരിച്ചു
നിയമിച്ചു, പട്ടണങ്ങൾതോറും
പോയി പ്രസംഗിപ്പാൻ അതി
ശയം ചെയ്വാനുള്ള വരത്തോടും
കൂടെ അവരെ പറഞ്ഞയച്ചു.
പിന്നെ അവൻ ഒരു മലമേൽ
കയറി ജനങ്ങളെ ഉപദേശിച്ചു.
അതിന്നു പൎവ്വതപ്രസംഗം എന്നു
പേർ.

അവൻ ഉപദേശിച്ചുതീൎന്ന
ശേഷം കപ്പൎന്നഹൂമിലേക്കു പോ
യി. അവിടെവെച്ചു ഒരു ശതാ
ധിപന്റെ ദാസനെ സൌഖ്യമാ
ക്കി. പിറെറ ദിവസം നയിൻ
എന്ന പട്ടണത്തിലേക്കു പോകു
മ്പോൾ ഒരു വിധവയുടെ ഏക
പുത്രൻ മരിച്ചിട്ടു കുഴിച്ചിടുവാൻ
കൊണ്ടുപോകുന്ന വഴിയിൽവെ
ച്ചു ആ ശവത്തെ ഉയിൎപ്പിച്ചു.
ഈ അത്ഭുതം കണ്ടവർ അത്ഭുത
പ്പെട്ടു ഒരു വലിയ പ്രവാചകൻ
നമ്മുടെ മദ്ധ്യത്തിൽ എഴുന്നീററി
രിക്കുന്നു എന്നു പറവാൻ തുടങ്ങി.
(ലൂക്ക് 7, 11 — 17.)

പിന്നെ ഒരിക്കൽ ഒരു പരീ
ശന്റെ വീട്ടിൽ യേശു ഭക്ഷണ
ത്തിന്നിരിക്കുമ്പോൾ മുമ്പെ വള
രെ ദുൎന്നടപ്പിൽ ജീവിച്ച ഒരു
സ്ത്രീ വന്നു വളരെ താഴ്മയോടെ
യേശുവിനെ ശുശ്രൂഷിപ്പാൻ തുട
ങ്ങി. ഇതു ആ പരീശൻ
കണ്ടിട്ടു യേശു ഇവളെ അക
ററാതിരിക്കുന്നതെന്തു എന്നു ഉ
ള്ളിൽ ആലോചിക്കുന്നതു യേശു
അറിഞ്ഞിട്ടു അവനോടു രണ്ടു ക
ടക്കാരുടെ ഉപമയെ പറഞ്ഞുപി

ന്റെ പൌത്രനായ അനിരുദ്ധനെ തടവിലാക്കിയിരുന്നു. കൃഷ്ണൻ അവനെ വിടുവിപ്പാനായി വലിയ സൈന്യം കൂട്ടി ചെന്നു. തന്മദ്ധ്യേ ശിവൻ ബാണാസുരന്റെ സഹായത്തിന്നായി തന്റെ സകല ഗണങ്ങളുമായി വന്നു. പിന്നെ ഉഭയ സൈന്യങ്ങൾക്കു തമ്മിൽ കഠിനയുദ്ധം ഉണ്ടായാറെ കൃഷ്ണൻ ശിവന്നു ആലസ്യം വരുത്തി ഉറക്കിക്കളഞ്ഞ ശേഷം അവന്റെ സൎവ്വസൈന്യങ്ങളെയും ജയിച്ചു ബാണാസുരന്റെ സഹസ്ര ഭുജങ്ങളെ ഛേദിച്ചുകളഞ്ഞു. അതിൽപ്പിന്നെ ബാണാസുരൻ ശിവന്റെ വാക്കു കേട്ടു കൃഷ്ണനെ ശരണംപ്രാപിച്ചു അവന്റെ പൌത്രനെ വിട്ടുകൊടുത്തു.

കൃഷ്ണൻ ദ്വാരകയിൽ മടങ്ങി വന്നപ്പോൾ അവന്റെ അമ്മാവിയപ്പനായ സത്രാജിത്തിന്റെ സ്യമന്തകം എന്ന രത്നത്തെ മോഷ്ടിച്ചു എന്നുള്ള അപരാധം കൃഷ്ണന്റെമേൽ ചുമത്തപ്പെട്ടു. ഇതിന്നു ഒരു ഹേതുവും കൂടെ ഉണ്ടായിരുന്നു. കൃഷ്ണൻ സത്രാജിത്തിന്റെ ദേഹത്തിന്മേൽ ഉണ്ടായിരുന്ന ശോഭയേറിയ ഈ രത്നത്തെ കണ്ടിട്ടു, ‘‘ഈ അമൂല്യരത്നം ഉഗ്രസേനന്റെ വക്കലായിരുന്നെങ്കിൽ നന്നായിരുന്നു’’ എന്നു ഒരിക്കൽ പറഞ്ഞിരുന്നു. എന്നാൽ താൻ അതു ബലാല്ക്കാരമായി എടുത്താൽ സത്രാജിത്തിന്റെ മകളായ സത്യഭാമയുടെ ദൃഷ്ടിയിൽ നീചത്വം എന്നു തോന്നി തന്നെ പൃ

ന്നെ ആ സ്ത്രീയോടു “സ്ത്രീയേ! നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു സമാധാനത്തോടെ പോക’’ എന്നു പറഞ്ഞു (ലൂക്ക് 7, 36 — 50.).

പിന്നെ യേശു ശിഷ്യരോടൊന്നിച്ചു ഗലീലയിൽ സഞ്ചരിച്ചു വീണ്ടും കപ്പൎന്നഹൂമിൽ വന്ന ശേഷം അവിടെവെച്ചു പരീശന്മാരുടെ അസൂയയെയും മൂഢതയെയും കുറിച്ചു പരസ്യമായി ശാസിച്ചു (മത്താ. 12, 22 — 50.).

അവൻ തിബെൎയ്യക്കടല്ക്കരെ പോയി ഒരു പടകിൽ ഇരുന്നുകൊണ്ടു ജനങ്ങൾക്കു ഉപദേശിച്ചു. അവൻ, അവരോടു കോതമ്പു, കള, കടുകുമണി, വിതക്കുന്നവൻ മുതലായ ഉപമകളാൽ ദൈവരാജ്യത്തിന്റെ രഹസ്യങ്ങളെ കേൾപ്പിച്ചു. അവിടെനിന്നു പോകുമ്പോൾ സമുദ്രത്തിൽ വലിയ കൊടുങ്കാറ്റുണ്ടായി. അവൻ അതിനെ ശാന്തമാക്കി സ്വശിഷ്യരുടെ വിശ്വാസത്തെ വൎദ്ധിപ്പിച്ചു. യേശു പിന്നെയും കപ്പൎന്നഹൂമിലേക്കു വന്നു അവിടെ വെച്ചു യായീർ എന്നവന്റെ മകളെ മരിച്ചവരിൽനിന്നു ഉയിൎപ്പിച്ചു. യേശു ഇവന്റെ വീട്ടിലേക്കു പോകുന്ന വഴിയിൽവെച്ചു പന്ത്രണ്ടു രക്തവാൎച്ചയുള്ള ഒരു സ്ത്രീ വിശ്വാസത്തോടെ അവന്റെ വസ്ത്രത്തെ തൊട്ടപ്പോൾ അവനിൽ നിന്നു ശക്തി പുറപ്പെട്ടു അവൾ സുഖപ്പെടുകയും ചെയ്തു. ഇപ്രകാരം മറ്റും പല അതിശയങ്ങളെ ചെ

ച്ചിക്കും എന്നുവെച്ചു കൃഷ്ണൻ അടങ്ങിപ്പാൎത്തു. അതിന്റെ ശേഷം സത്രാജിത്തിന്റെ വക്കൽ ഉണ്ടായിരുന്ന ആ രത്നം കാണാതെപോയി. അപ്പോൾ അവൻ കൃഷ്ണനെ സംശയിപ്പാൻ തുടങ്ങി. ഈ അപരാധത്തെ പരിഹരിപ്പാൻ കൃഷ്ണൻ യാദവന്മാരോടുകൂടെ രത്നത്തെ തിരയുവാൻ പുറപ്പെട്ടു. അവൻ ചില ദിവസങ്ങളോളം വനത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ചത്ത സിംഹത്തെ കണ്ടെത്തി അതിന്നു സമീപം ഒരു കരടിയുടെ ചവിട്ടടിയും കണ്ടു. ഇതിനെ വല്ല മനുഷ്യരും കൊന്നതായിരിക്കേണം എന്നാലോചിച്ചുംകൊണ്ടു ആ ചവിട്ടടി നോക്കി നോക്കി നടന്നു ഒരു ഗുഹയുടെ വാതുക്കൽ വന്നെത്തി. കൃഷ്ണൻ തന്റെ കൂടെയുള്ളവരെ പുറമെ നിറുത്തി താൻ അകത്തു കടന്നു. അതു ജാംബുവാന്റെ ഗുഹയായിരുന്നു. അവിടെ ഒരു ദാസി കുട്ടികളെ കളിപ്പിച്ചുംകൊണ്ടു സ്യമന്തകം എന്ന രത്നത്തെ കുറിച്ചു ഒരു പാട്ടു പാടുന്നതിനെ കേട്ടു. ആകയാൽ പക്ഷേ ആ രത്നം ഇവിടെ ഉണ്ടായിരിക്കും എന്നുള്ള സംശയത്തോടു കൂടെ മുമ്പോട്ടു ചെന്നപ്പോൾ ആ രത്നം ഒരു കുട്ടിയുടെ കയ്യിൽ കണ്ടെത്തി. പിന്നെ കൃഷ്ണനും ജാംബുവാനും തമ്മിൽ ഇരുപത്തെട്ടു ദിവസത്തോളം ഘോരയുദ്ധം ഉണ്ടായി. ഇതിന്മദ്ധ്യേ കൃഷ്ണനോടു കൂടെ വന്ന യാദവന്മാർ ഗുഹയുടെ പു

യിട്ടു അവൻ മൂന്നാമതും ഗലീലയിൽ സഞ്ചരിപ്പാൻപോയി.

അവൻ ഒരു മരുഭൂമിയിലേക്കു പോയപ്പോൾ ബഹു പുരുഷാരം അവനോടുകൂടെ അവന്റെ ഉപദേശം കേൾപ്പാൻ ചെന്നിരുന്നു. അപ്പോൾ അവൎക്കു തിന്മാൻ ഒന്നും ഇല്ല എന്നു യേശു അറിഞ്ഞിട്ടു അത്ഭുതം പ്രവൃത്തിച്ചിട്ടു അവരെ പോഷിപ്പിച്ചു. പിന്നെ അവൻ മൂന്നാം പ്രാവശ്യം പെസഹ പെരുന്നാളിന്നു യരുശലേമിലേക്കു പോയി. അവിടെവെച്ചു പരീശന്മാരെ അവരുടെ കപടഭക്തിയും ലോഭവും നിമിത്തം പരസ്യമായി ശാസിച്ചു. അപ്പോൾ അവർ അവനെ കൊല്ലുവാൻ വഴി അന്വേഷിച്ചു. എങ്കിലും അവന്റെ സമയം അതുവരെയും വന്നിട്ടില്ലായ്കയാൽ അവൻ അവരുടെ മദ്ധ്യത്തിൽ കൂടി കടന്നുപോയി. അനന്തരം അവൻ തന്റെ മരണത്തെ കുറിച്ചു തന്റെ ശിഷ്യന്മാരെ അറിയിച്ചു. അവർ അതു കേട്ടിട്ടു ആശ്ചൎയ്യപ്പെടുകയും ദുഃഖിക്കുകയും ചെയ്തു. ഇതു കൂടാതെ താൻ അന്ത്യദിവസത്തിൽ ലോകത്തെ ന്യായം വിധിപ്പാൻ വരും എന്നും ജനങ്ങളോടു പറഞ്ഞു. ഇതു കഴിഞ്ഞിട്ടു എട്ടാം ദിവസം അവൻ ഒരു ഉയൎന്ന മലമേൽ കയറി പ്രാൎത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ശിഷ്യന്മാർ അവന്നു രൂപാന്തരം ഭവിച്ചപ്രകാരം കണ്ടു. മുഖം സൂൎയ്യനെപ്പോലെ ശോഭിക്കയും വസ്ത്രം ഏററവും പ്രഭയോടെ മിന്നുക

1) ceremony after death.
2) by the power of the rice and the water, which were offered for the Shratham in this ceremony.
3) day by day.
4) was the intimate friend of the Pandavas.
5) many times.



റാമെ തന്നെ ഏഴെട്ടു ദിവസത്തോളം നിന്നിരുന്നു. കൃഷ്ണൻ ഇനിയും വന്നില്ലല്ലോ. പക്ഷേ മരിച്ചുപോയിരിക്കാം എന്നു നിരൂപിച്ചു ദ്വാരകയിലേക്കു മടങ്ങിച്ചെന്നു കൃഷ്ണൻ മരിച്ചുപോയി എന്നു അവന്റെ കുഡുംബങ്ങളോടു അറിയിച്ചു. അവർ ഇവന്റെ ശേഷക്രിയയും ചെയ്തു. ഈ ക്രിയയിൽ ശ്രാദ്ധത്തിന്നായി അൎപ്പിച്ച അന്നത്തിന്റെയും വെള്ളത്തിന്റെയും ബലംകൊണ്ടു ഗുഹയിൽ വെച്ചു കൃഷ്ണന്നു യുദ്ധം ചെയ്വാനുള്ള ബലം ദിവസേനാൽ കിട്ടിവന്നു. (വി. പു.).

ഒടുവിൽ കൃഷ്ണൻ ജാംബ്യവാനെ ജയിച്ചു ആ രത്നത്തെയും കൊണ്ടു മടങ്ങിവന്നു. ജാംബ്യവാൻ ആ രത്നത്തോടു കൂടി ജാംബവതി എന്ന തന്റെ മകളെയും കൂടെ കൃഷ്ണന്നു കൊടുത്തു. അവളെ ഇവൻ ഭാൎയ്യയായി എടുത്തു.

കൃഷ്ണൻ പാണ്ഡവന്മാരുടെ ഉറ്റ സ്നേഹിതനായിരുന്നു. മുഖ്യമായി അൎജ്ജുനന്റെയും ദ്രൌപതിയുടെയും സഖിയായിരുന്നു. അവൻ ഇവൎക്കു പലകുറിയും സഹായിച്ചതു കൂടാതെ യുദ്ധത്തിൽ ഇവരുടെ പക്ഷം നിന്നു കൌരവരോടു കപടമായി സംസാരിച്ചു അവരെ നശിപ്പിക്കയും ചെയ്തു. പാണ്ഡവൎക്കും കൃഷ്ണന്നും തമ്മിലുള്ള മിത്രത്വം നിമിത്തം കൃഷ്ണന്റെ കഥയും വൎണ്ണനവും മഹാഭാരതത്തിൽ വളരെ പ്രസ്താവിച്ചിരിക്കുന്നു. അവയിൽ ചില സംഗതികളെ സംക്ഷേപിച്ചു പറയാം.

യും ചെയ്തു. അപ്പോൾ ആകാശത്തുനിന്നു മോശെയും എലിയാവും ഇറങ്ങിവന്നു യരുശലേമിൽ വെച്ചു മരിപ്പാനിരിക്കുന്ന തന്റെ മരണത്തെക്കുറിച്ചു സംഭാഷിച്ചു. പിന്നെ ആകാശത്തുനിന്നു "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനെ ചെവിക്കൊൾവിൻ" എന്ന ഒരു ദിവ്യശബ്ദം ഉണ്ടായി.

പിന്നെ യേശു നാലാം പ്രാവശ്യം പെരുനാളിന്നു യരുശലേമിലേക്കു പോയി. അവിടെവെച്ചു ഉപദേശിച്ചു കൊണ്ടിരിക്കുമ്പോൾ യഹൂദന്മാർ അവനെ പിടിപ്പാൻ ആളുകളെ അയച്ചു. എന്നാൽ ഇവർ അവന്റെ ദിവ്യോപദേശത്തിൽ വിസ്മയിച്ചു മടങ്ങിപ്പോയി (യോഹ. 7.).

അനന്തരം യേശു എഴുപതു ശിഷ്യന്മാരെ പ്രസംഗിപ്പാൻ ഊരുകളിലേക്കു പറഞ്ഞയച്ചു അതിശയം പ്രവൃത്തിപ്പാനുള്ള വരവും കൊടുത്തു. എന്നിട്ടും അവൻ അവരോടു ഈ വരം നിമിത്തം നിങ്ങൾ സന്തോഷിക്കരുതു നിങ്ങളുടെ നാമങ്ങൾ സ്വൎഗ്ഗങ്ങളിൽ എഴുതിയിരിക്കയാൽ സന്തോഷിപ്പിൻ എന്നു കല്പിച്ചു. (ലൂക്ക് 10, 20.)

പിന്നെ അവൻ വീണ്ടും യരുശലേമിൽ ചെന്നു ദരിദ്രന്മാരും നീചന്മാരും പാപികളെന്നു വിളിക്കപ്പെടുന്നവരുമായവരെ എല്ലാം തന്റെ അടുക്കൽ ചേൎത്തുകൊണ്ടു അവരോടു മമതയായി സംസാരിക്കയും കൂടെ ഭക്ഷണം

6) friendship, 7) description.

ഒരിക്കൽ അൎജ്ജുനൻ തീൎത്ഥയാത്രയായി രാമേശ്വരത്തു പോയി. അവിടെവെച്ചു മാരുതിയെ (ഹനുമാനെ) കണ്ടുമുട്ടി. അവിടെയുണ്ടായിരുന്ന ശിലാസേതുവിനെ കുറിച്ചു: ഞാൻ ആ കാലത്തു ഉണ്ടായിരുന്നെങ്കിൽ ബാണം കൊണ്ടു സേതു കെട്ടി ലങ്കയിലേക്കു പോകുമായിരുന്നു എന്നു അൎജ്ജുനൻ ഹനുമാനോടു പറഞ്ഞു. ഹനുമാൻ ഇതു കേട്ടിട്ടു, അതിന്മേൽ കൂടി പൎവ്വതതുല്യരായ അനേകം കുരങ്ങന്മാർ കടക്കേണ്ടിയിരുന്നതുകൊണ്ടു അവയുടെ ഭാരംകൊണ്ടു ബാണത്തിന്റെ സേതു മുറിഞ്ഞുപോകുമായിരുന്നു എന്നു പറഞ്ഞു. പിന്നെ അവരിരുവരും ഒരു പന്തയം കെട്ടി. അതായതു: അൎജ്ജുനൻ ബാണംകൊണ്ടു കെട്ടുന്ന സേതു മാരുതി ഒരു ചാട്ടംകൊണ്ടു മുറിച്ചുകളയേണം. ഇപ്രകാരം ബാണം മുറിഞ്ഞാൽ അൎജ്ജുനൻ അഗ്നിജ്വാലയിൽ പ്രവേശിക്കേണം എന്നായിരുന്നു പന്ത്യം. ഇതിൽ അൎജ്ജുനൻ തോററതു നിമിത്തം പ്രതിജ്ഞാപ്രകാരം അഗ്നിപ്രവേശനത്തിന്നു ഒരുങ്ങി. തന്മദ്ധ്യേ കൃഷ്ണൻ അവിടെ എത്തി അൎജ്ജുനന്റെ പന്ത്യത്തിന്നു സാക്ഷികൾ ഒരുത്തരും ഉണ്ടായിട്ടില്ല എന്നു മാരുതിയോടു പറഞ്ഞു അൎജ്ജുനനെക്കൊണ്ടു വീണ്ടും സേതു കെട്ടിച്ചു അതിന്റെ ചുവട്ടിൽ തന്റെ സുദൎശനം എന്ന ചക്രത്തെ ആരും കാണാതെ വെച്ചു; പരീക്ഷിപ്പാൻ പറഞ്ഞു. ഇ

കഴിക്കുകയും ചെയ്യുതു സ്വകൎമ്മാഭിമാനികളായ പരീശൎക്കു അനിഷ്ടമായി. ആകയാൽ ക്രിസ്തു കാണാതെപോയ ആടു, വെള്ളിക്കാശു, മുടിയനായ മകൻ എന്നീ മൂന്നു ഉപമകളാൽ ദൈവത്തിന്റെ ദയയും സ്നേഹവും പാപികളുടെ നേരെ ധാരാളമായിട്ടു ഉണ്ടെന്നും അവൻ എല്ലാവരെയും രക്ഷിപ്പാൻ ഇഷ്ടപ്പെടുന്നു എന്നും തെളിയിച്ചുകൊടുത്തു, ധനവാന്മാർ തങ്ങളുടെ ധനത്തിന്മേൽ ആശ്രയം വെക്കരുതെന്നു ധനവാനായ മനുഷ്യന്റെയും ദരിദ്രനായ ലാജരിന്റെയും ഉപമയാൽ പഠിപ്പിച്ചു. (ലൂക്ക് 16, 19 — 31.)

പിന്നെ തന്നെ അനുഗമിച്ച പുരുഷാരങ്ങളോടു: എന്റെ നിമിത്തം സകലത്തെയും ഉപേക്ഷിപ്പാനും സൎവ്വകഷ്ടങ്ങളെയും സഹിപ്പാനും മനസ്സുണ്ടെങ്കിൽ എന്റെ ശിഷ്യരാകുവിൻ! എന്നും മനുഷ്യരുടെ അത്യുത്തമമായ ക്രിയകൾപോലും ദൈവ മുമ്പിൽ അഴുക്കുള്ളവയാകുന്നു എന്നും പറഞ്ഞു. (ലൂക്ക് 17, 1-10.)

ഏകദേശം ഈ സമയത്തു തന്നെ മാൎത്ഥ, മറിയ എന്ന രണ്ടു സഹോദരിമാർ: "ഞങ്ങളുടെ സഹോദരൻ രോഗിയായിരിക്കുന്നതുകൊണ്ടു വന്നു അവനെ സൌഖ്യമാക്കേണം" എന്നു യേശുവിനോടു ആളയച്ചു പറയിച്ചു. എന്നാൽ അവൻ തന്റെ സ്നേഹത്തെയും ശക്തിയെയും വെളിപ്പെടുത്തുവാൻ ലാസർ മരിച്ചിട്ടു

1) thirsting. 2) banner, flag. 3) gambling.
4) possession, 5) deceive, hint deceitfully.
6) Brother of Krishna. 7) as soon as possible.



തിൽ അൎജ്ജുനൻ ജയിച്ചതുകൊണ്ടു മാരുതി തന്റെ കരാറിൻപ്രകാരം അവന്റെ ധ്വജത്തിന്മേൽ നിത്യം കുത്തിരിക്കേണ്ടി വന്നു. (മഹാ. ഭാര. ആദിപൎവ്വ.)

പിന്നെ അൎജ്ജുനൻ സന്ന്യാസിവേഷം ധരിച്ചുകൊണ്ടു ദ്വാരകയിൽവന്നു. അവിടെ കൃഷ്ണന്റെ സഹോദരിയായ സുഭദ്രക്കു വിവാഹത്തിന്നുള്ള പ്രായം തികഞ്ഞിരുന്നു. ഇവളെ ദുൎയ്യോധനന്നു കൊടുക്കേണമെന്നായിരുന്നു ബലരാമന്റെ ഇഷ്ടം. എന്നാൽ കൃഷ്ണന്റെ മനസ്സു അൎജ്ജുനന്നു കൊടുക്കേണമെന്നായിരുന്നു. അതുകൊണ്ടു കൃഷ്ണൻ അൎജ്ജുനനെ ഒരു മഹാസന്ന്യാസിയുടെ വേഷം നടിപ്പിച്ചു അവനെ ശുശ്രൂഷിപ്പാൻ സുഭദ്രയെ അയക്കേണ്ടതിന്നു ജ്യേഷ്ഠനോടു അനുവാദം വാങ്ങി. ഒരു ദിവസം അവർ എല്ലാവരും ശക്തിപൂജക്കായി വനത്തിൽ പോയിരുന്നു. മടങ്ങിവരുമ്പോഴെക്കു അൎജ്ജുനൻ കൃഷ്ണന്റെ ഉപദേശപ്രകാരം സുഭദ്രയെ കട്ടുകൊണ്ടുപോയ്ക്കളഞ്ഞു.

പാണ്ഡവന്മാർ കൌരവരുമായി ചൂതാടി തങ്ങളുടെ രാജ്യം കളഞ്ഞിരുന്നു. അതിനെ വീണ്ടും കൈവശം വരുത്താം എന്നു കബളിപ്പിച്ചും കൊണ്ടു കൃഷ്ണൻ അവരെ യുദ്ധത്തിന്നു ഉത്സാഹിപ്പിച്ചു. ബലഭദ്രൎക്കോ ഇരുഭാഗക്കാൎക്കും തമ്മിൽ സമാധാനം ഉണ്ടായിരിക്കേണമെന്നായിരുന്നു ഇഷ്ടം. എന്നാൽ കൃഷ്ണൻ യുദ്ധം എന്ന തീ

നാലാം ദിവസം അവരുടെ വീട്ടിലേക്കു ചെന്നു. അവിടെ വെച്ചു കല്ലറയിൽ അടക്കപ്പെട്ടിരുന്ന ലാസരിന്റെ ഉടലിനെ അനേകം യഹൂദന്മാരുടെ മുമ്പാകെ വിളിച്ചു ഉയിൎപ്പിച്ചു. (യോഹ. 11. അ.)

ഈ അത്ഭുതം നടന്ന ദിവസം മുതൽ അവന്റെ ശ്രുതി എങ്ങും പരന്നു. വളരെ യഹൂദന്മാർ അവന്റെ ശിഷ്യരാവാൻ തുടങ്ങിയതുകൊണ്ടു യഹൂദന്മാരുടെ വേദശാസ്ത്രികൾക്കു ഭയം കുടുങ്ങി; അതുകൊണ്ടു അവർ സഭകൂടി ആലോചിച്ചു കഴിയുന്ന വേഗത്തിൽ അവനെ കൊല്ലേണം എന്നു നിൎണ്ണയിച്ചു. എങ്കിലും അവന്റെ സമയം അതുവരെ വന്നിട്ടില്ലായ്കയാലും അവനുഖാന്തരം വേറെയും പലക്രിയകൾ നടപ്പാൻ ഉണ്ടായിരുന്നതിനാലും അവൻ യരുശലേമിന്നു പുറത്തു പോയി.

പിന്നെ പെരുന്നാൾ ആയാറൊ തന്റെ അന്ത്യയാത്രകളിൽ നിന്നു യേശു യരുശലേമിലെക്കു വരുമ്പോൾ വഴിയിൽ വെച്ചു അനേകം അത്ഭുതങ്ങൾ ചെയ്കയും ഓരോ ഉപമകൾ പറകയും ചെയ്തു. ബൎത്തിമായി എന്ന കുരുടന്നു കാഴ്ചകൊടുത്തതും തോട്ടക്കാരന്റെ ഉപമ പറഞ്ഞതും ഈ സമയത്തായിരുന്നു.

പെസഹാ പെരുന്നാളിന്നു ആറുദിവസം മുമ്പെ യേശു ബെത്ഥാന്ന്യയിൽ വന്നു. അവിടെ താൻ ഉയിൎപ്പിച്ച ലാജർ ഉണ്ടായി

കൊളുത്തി കൌരവന്മാരെ നിൎമ്മൂലം നശിപ്പിച്ചു കളഞ്ഞു. ഈ വലിയ യുദ്ധത്തിന്നു പുറപ്പെട്ടപ്പോൾ, അൎജ്ജുനൻ ശത്രു സൈന്യത്തിൽ ഉള്ള, തന്റെ സന്ധുബന്ധുക്കളെ കണ്ടിട്ടു, കൃഷ്ണനോടു: "ഇവരെ കൊന്നിട്ടു രാജ്യഭാരം ചെയ്യുന്നതു പാപമാകയാൽ ഈ കൎമ്മം ഞാൻ എങ്ങിനെ ചെയ്യേണ്ടു?" എന്നു പറഞ്ഞു. അതിന്നു അവന്നു ബ്രഹ്മജ്ഞാനം ഉപദേശിച്ചുകൊടുത്തു. അതിന്റെ സാരാംശം എന്തെന്നാൽ: ആത്മാവു അമൎത്ത്യതയുള്ളതാകയാൽ നീ ശരീരത്തെ മാത്രമെ കൊല്ലുന്നുള്ളു. ഇതിൽ യാതൊരു പാപവും ഇല്ല; സൎവ്വം ചെയ്യുന്നവനും ചെയ്യിക്കുന്നവനും കൊല്ലുന്നവനും കൊല്ലിക്കുന്നവനും ഞാൻ തന്നെ ആകയാൽ നീ സ്വതേ ഒന്നും ചെയ്യുന്നില്ലല്ലൊ". (ഭഗവൽ ഗീത 18, 17.)

യുദ്ധത്തിൽ ജയദ്രഥൻ അൎജ്ജുനന്റെ മകനെ കൊന്നതു കൊണ്ടു പ്രതികാരം ചെയ്വാൻ നിശ്ചയിച്ചു. "നാളെ സൂൎയ്യാസ്തമാനത്തിന്നു മുമ്പെ, ഞാൻ ജയദ്രഥനെ കൊന്നിട്ടില്ലെങ്കിൽ അഗ്നിപ്രവേശം ചെയ്യും" എന്നു ശപഥം ചെയ്തു. എന്നാൽ പിറെറന്നു വൈകുന്നേരം വരെ ജയദ്രഥൻ അൎജ്ജുനന്റെ കയ്യിൽ പെട്ടില്ല എന്നു കൃഷ്ണൻ കണ്ടിട്ടു അരനാഴിക പകൽ ഉള്ളപ്പോൾ തന്റെ സുദൎശനം എന്ന ചക്രത്താൽ സൂൎയ്യനെ മറച്ചു കളഞ്ഞു. ആകയാൽ അൎജ്ജുനൻ അഗ്നി

രുന്നു. യേശു അവന്റെ വീട്ടിൽ പാൎത്തു. അപ്പോൾ ഇവരെ കാണേണ്ടതിന്നു യരുശലേമിൽനിന്നു വളരെ ജനങ്ങൾ വന്നു കൂടിയതല്ലാതെ പലരും യേശുവിൽ വിശ്വസിക്കയും ചെയ്തു ആകയാൽ യഹൂദരുടെ മഹാപുരോഹിതർ ലാജറിനെയും യേശുവെയും കൊല്ലുവാൻ ഉപായം ചിന്തിച്ചു.

പിന്നെ യേശു സമാധാനത്തിന്റെ സൂചകമാകുന്ന കഴുതക്കുട്ടിപ്പുറത്തു കയറിക്കൊണ്ടു യരുശലേമിൽ ചെന്നു. പട്ടണത്തോടു സമീപിക്കുന്തോറും അതിനെ കുറിച്ചുള്ള ദുഃഖം അവന്റെ ഉള്ളിൽ പാരിച്ചിട്ടു. "അല്ലയൊ യരുശലേമെ! യരുശലേമെ! പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കലേക്കു അയക്കപ്പെട്ടവരെ കല്ലെറികയും ചെയ്യുന്നവളെ! കോഴി തന്റെ കുഞ്ഞുകളെ ചിറകുകളിൻ കീഴിൽ ചേൎത്തുകൊള്ളുന്ന പ്രകാരം തന്നെ, നിന്റെ മക്കളെ എത്രവട്ടം ചേൎത്തുകൊൾവാൻ എനിക്കു മനസ്സുണ്ടായിരുന്നു എങ്കിലും നിങ്ങൾക്കു മനസ്സായില്ല, ഇതാ! നിങ്ങളുടെ ഭവനം നിങ്ങൾക്കു പാഴായി വിടപ്പെടുന്നു." എന്നു പറഞ്ഞു. (മത്താ. 23. 37. 38.)

പിന്നെ യേശു യരുശലേമിൽ എത്തിയ ശേഷം ചില യഹൂദന്മാർ സംഭാഷിപ്പാനും യുക്തിയുള്ള ചോദ്യം കഴിപ്പാനുമായിട്ടു അവന്റെ അടുക്കൽ വന്നു. എന്നാൽ അവൻ എല്ലാവൎക്കും തക്ക

യിൽ ചാടുവാൻ വട്ടം കൂട്ടി. ഈ കാഴ്ച കാണ്മാൻ ഉഭയ സൈന്യത്തിലെ വീരന്മാരെല്ലാവരും കൂടിവന്നു. അവരുടെ കൂട്ടത്തിൽ ജയദ്രഥനും വന്നിരുന്നു. അപ്പോൾ കൃഷ്ണൻ സൂൎയ്യനെ മറച്ച തന്റെ ചക്രത്തെ എടുത്തിട്ടു "ഇതാ സൂൎയ്യൻ ഇതാ ജയദ്രഥൻ" എന്നു പറഞ്ഞു ഉടനെ അൎജ്ജുനൻ അവിടെ വെച്ചു അവനെ ബാണം കൊണ്ടു സംഹരിച്ചു കളഞ്ഞു. (ദ്രോണപൎവ്വം.)

അതിൽ പിന്നെ കൌരവന്മാരുടെ ഭാഗക്കാരൻ ആയ ദ്രോണൻ എന്ന ഒരു മഹാവീരൻ പാണ്ഡവന്മാരുമായി യുദ്ധം ചെയ്യുമ്പോൾ പാണ്ഡവ സൈന്യത്തെ തോല്പിക്കുന്നതു കൃഷ്ണൻ കണ്ടിട്ടു, അവന്റെ ശൌൎയ്യപരാക്രമ ബലത്തെ ക്ഷയിപ്പിപ്പാൻ, അവന്റെ മകനായ അശ്വത്ഥാമാ എന്നവൻ യുദ്ധത്തിൽ പട്ടുപോയി എന്നൊരു കള്ള ശ്രുതി പരത്തി ഭ്രമിപ്പിച്ചതല്ലാതെ, ധൎമ്മപുത്രരോടു നീയും ഇപ്രകാരം തന്നെ പറയേണം എന്നു ഉപദേശിക്കയും ചെയ്തു. ഇതിന്നു ധൎമ്മപുത്രരും സമ്മതിച്ചു. ദ്രോണൻ തന്റെ മകന്റെ വിവരം ചോദിപ്പാൻ ധൎമ്മ പുത്രരുടെ അടുക്കൽ വന്നപ്പോൾ കൃഷ്ണന്റെ ഉപദേശ പ്രകാരം "നരോവാ കുഞ്ജരോവാ" എന്നു വെച്ചാൽ: യുദ്ധത്തിൽ മരിച്ചതു അശ്വത്ഥാമാ എന്ന മനുഷ്യനൊ ആനയൊ എന്നു ഞാനറിയുന്നില്ല എന്നു പറഞ്ഞു.

തായ ഉത്തരം കൊടുത്തു അവരുടെ വായടച്ചു കളഞ്ഞു. പിന്നെ യേശു ദൈവാലയത്തിൽനിന്നു കൊണ്ടു ദൈവാലയത്തിന്നു നിൎമ്മൂലനാശം വരും എന്നു, ഭീഷദൎശനം പറഞ്ഞതു കൂടാതെ യഹൂദന്മാരുടെ ആചാൎയ്യന്മാരുടെയും ശാസ്ത്രികളുടെയും ദുരാചാരങ്ങളെ ആക്ഷേപിച്ചു ഖണ്ഡിക്കുകയും ചെയ്തു. ഒടുവിൽ തന്റെ ശിഷ്യന്മാരെയും ജനങ്ങളെയും തന്റെ രാജ്യത്തെ കുറിച്ചു ഉപമകളാൽ ഉപദേശിച്ചു. അവന്റെ ശിഷ്യന്മാർ സ്വസ്ഥതയോടെ ഇരുന്നു പ്രാൎത്ഥനയിൽ ഉററിരുന്നും അവന്റെ പുനരാഗമനത്തെ പ്രതീക്ഷിച്ചും കൊണ്ടിരിക്കേണം എന്നുള്ളതിനെ സംബന്ധിച്ചു അവൻ അവൎക്കു പത്തു കന്യകമാരുടെ ഉപമയാൽ തെളിയിച്ചു കൊടുത്തു. പിന്നെ തന്റെ മരണത്തെ കുറിച്ചു; താൻ ലോകത്തിന്റെ പാപം ഹേതുവായിട്ടും പാപികൾക്കു നിത്യജീവനുണ്ടാവാനായിട്ടും അത്രെ കഷ്ടമരണങ്ങൾ അനുഭവിക്കുന്നതു എന്നു പിന്നെയും പിന്നെയും അവരോടു പറഞ്ഞു ഗ്രഹിപ്പിച്ചു കൊടുത്തിരിക്കുന്നു.

ഇപ്രകാരം കൃഷ്ണൻ പാണ്ഡവർക്കും കൌരവർക്കും തമ്മിൽ ഉണ്ടായ യുദ്ധത്തിൽ വളരെ ഉപായതന്ത്രങ്ങളാൽ തന്റെ സഖികളായ പാണ്ഡവർക്കു ജയംവരുത്തുവാൻ ശ്രമിച്ചു. ഒടുവിൽ കൌരവന്മാരെല്ലാം നശിച്ചശേഷം, കുലം മുടിച്ച ശാപംപോക്കുവാനായി ധർമ്മപുത്രർ അശ്വമേധയാഗം കഴിച്ച ശേഷം കൃഷ്ണൻ അവരുടെ അനുവാദത്തോടു കൂടെ ദ്വാരകയിലേക്കു തിരിച്ചു പോയി.

കൃഷ്ണന്റെ പുരുഷപ്രായത്തിലെ ക്രിയകൾ, ബാല്യകാലത്തിൽ ചെയ്ത ദുഷ്കർമ്മങ്ങളോളം തന്നെ ദോഷമുള്ളവ അല്ലായായിരുന്നു എന്നു സമ്മതിക്കാം. എങ്കിലും അവയിൽ ഒട്ടും ദോഷമുണ്ടായിരുന്നില്ല എന്നു പറഞ്ഞുകൂടാ. യുദ്ധം ചെയ്തു രക്തം ചൊരിയാതെ സമാധാനത്തോടിരിപ്പാൻ അവന്നു അറിഞ്ഞുകൂടാ. അവന്റെ ആയുഷ്കാലം മുഴുവനും യുദ്ധവും കലഹവും തന്നെ. അവൻ തന്റെ ശത്രുക്കളുടെ നേരെ സ്നേഹവും ക്ഷമയും കാണിച്ചിട്ടില്ല. അവൻ മണ്ണു, പെണ്ണു, പൊന്നു എന്നിവ സമ്പാദിക്കുന്നതിൽ മനസ്സു വെച്ചു അതിൽ നിമഗ്നനായിരുന്നതെയുള്ളൂ. അവയെ സമ്പാദിപ്പാൻ കപടം, അനീതി, ചതി മുതലായ ഉപായങ്ങൾ പ്രയോഗിച്ചു. പതിനാറായിരം സ്ത്രീകളെ വേളികഴിച്ചതിനാൽ, അവൻ വിഷയസക്തനായിരുന്നു എന്നു സ്പഷ്ടം. അവൻ "നരോവാ കുഞ്ജരോവാ" എന്നു പറവാൻ ധർമ്മപുത്രരെ ഉപദേശിച്ചതിൽനിന്നു അവൻ സത്യം

സംസാരിക്കുന്നവനല്ല എന്നു സ്പഷ്ടമാകുന്നു. ഇന്ദ്രൻെറ പാരിജാതകം എന്ന ചെടിയെ സമ്മതം കൂടാതെ അവൻ പൊരിച്ചു വീട്ടിൽ കൊണ്ടു വന്നതുകൊണ്ടു അന്യരുടെ വസ്തുക്കളെ മോഹിക്കുന്നവനും മോഷ്ടാവും ആയിരുന്നു എന്നു കാണുന്നില്ലയോ? ഇതു കൂടാതെ അവൻ സത്രാജിത്തിൻെറ രത്നത്തിൻെറ സംഗതിയിൽ തനിക്കു മാനഭംഗം വരുത്തി എന്നും അതിനെ കണ്ടെത്തുവാൻ പല ദിക്കിലും തിരഞ്ഞു നടന്നു എന്നും ഉള്ള കഥയാൽ പുരാണകർത്താവു അവൻ വെറും മനുഷ്യനത്രെ എന്നു സ്പഷ്ടമായി കാണിച്ചിരിക്കുന്നു. അവൻ ദൈവത്തിൻെറ അവതാരമായിരുന്നെങ്കിൽ ആ സമയത്തു തൻെറ സൎവ്വജ്ഞതയെ കാണിക്കേണ്ടതായിരുന്നു. ഈ ദിവ്യലക്ഷണത്തെ അപ്പോൾ മറച്ചുവെപ്പാൻ എന്താവശ്യം? അവൻ ദ്വാരകയിൽ ഇരുന്നുകൊണ്ടു തന്നെ ആ രത്നം ഇന്ന സ്ഥലത്തുണ്ടെന്നു ദൈവാവതാരമാണെങ്കിൽ അവൻ പറയേണ്ടതായിരുന്നു. കൃഷ്ണൻെറ സമസ്തക്രിയകളും അപവിത്രമാകയാൽ തന്നിൽ പരിശുദ്ധത്വം ഇല്ല എന്നു സ്വന്തവായികൊണ്ടു തന്നെ സ്വീകരിക്കേണ്ടി വന്നിരിക്കുന്നു. സ്യമന്തകം എന്ന രത്നത്തിൻെറ കഥയുടെ അന്ത്യത്തിൽ കാണുന്നതെന്തെന്നാൽ: സത്രാജിത്തിൻെറ മരണാനന്തരം ആ രത്നം ആരുടെ വശം ഇരിക്കേണ്ടതാകുന്നു? എന്നതിനെ കുറിച്ചു സത്യഭാമയും കൃഷ്ണനും ബലഭദ്രരും കൂടി തമ്മിൽ വാദിച്ചുകൊണ്ടിരിക്കുമ്പോൾ, കൃഷ്ണൻ യാദവന്മാരുടെ പ്രമാണികളെ സഭയായി കൂട്ടിവരുത്തി പവിത്രവൃത്തിയുള്ള അക്രൂരനോടു പറഞ്ഞതാവിതു:

"രാജ്യങ്ങൾക്കെല്ലാം ഗുണം വരേണ്ടതിന്നായിട്ടു യാവനൊരുത്തൻ ബ്രഹ്മചൎയ്യവ്രതം ദീക്ഷിക്കുന്നുവോ ആയവൻെറ വക്കൽ ഈ രത്നം ഇരിക്കേണം. അശുദ്ധനായ വല്ലവനും ഈ രത്നം ധരിച്ചാൽ അവൻെറ മരണത്തിന്നു അതു തന്നെ ഹേതുവായിരിക്കും. എന്നെ സംബന്ധിച്ചോ: എനിക്കു പതിനാറായിരം ഭാൎയ്യമാർ ഉള്ളതുകൊണ്ടു അതിനെ ധരിപ്പാൻ ഞാൻ യോഗ്യനല്ല. ബലരാമനോ: മഹാ കുടിയനും വിഷയസക്തനും ആകയാൽ അവനെക്കൊണ്ടും ഇന്ദ്രിയനിഗ്രഹം ചെയ്വാൻ സാധിക്കുന്നതല്ല. അതുകൊണ്ടു ഞങ്ങളെ കുറിച്ചു ചിന്തിക്കേണ്ട. പരമാൎത്ഥം ഇങ്ങിനെയിരിക്കയാൽ, അല്ലയോ ഉദാരനായ അക്രൂരാ! എല്ലാ യാദവന്മാരും, ബലഭദ്രരും, സത്യഭാമയും ഞാനും ഏകകണ്ഠേന ഈ രത്നത്തെ നീ തന്നെ സൂക്ഷിക്കേണമെന്നപേക്ഷിക്കുന്നു. അതു നിൻെറ കൈയിൽ ഇരിക്കുന്നതുകൊണ്ടു ഇതുവരെ രാജ്യത്തിന്നു ക്ഷേമം ഉണ്ടായിരിക്കുന്നു. ആ രത്നത്തെ എടുപ്പാൻ നീ തന്നെ യോഗ്യൻ" എന്നു പറഞ്ഞു. (വി: പു. 4 സ്കം. 13 അ.) ആകയാൽ കൃഷ്ണനെക്കൊണ്ടു ഇനി അധികം പറവാൻ ആവശ്യമില്ല, ആ സ്യമന്തകം എന്ന രത്നത്തെ സൂക്ഷിപ്പാൻ താൻ അയോഗ്യനെന്നു സ്വയമായി സ്വീകരിക്കുന്ന കൃഷ്ണൻ, മനുഷ്യാത്മാക്കൾ എന്ന അമൂല്യരത്നങ്ങളെ കാത്തു രക്ഷിപ്പാൻ ശക്തനും യോഗ്യനും ആകുന്നതെങ്ങിനെ?

ഇനി ക്രിസ്തൻെറ ഗുണലക്ഷണങ്ങളെ കുറിച്ചു അല്പം ആലോചിക്കുക. കൃഷ്ണൻെറയും ക്രിസ്തൻെറയും ക്രിയകളെ പരിശോധിപ്പാന്തക്കവണ്ണം ഇരുവരു

ടെ ക്രിയകളെയും മീതെ വെവ്വേറെ വിവരിച്ചിരിക്കുന്നു. അവയെ ഒരുവൻ വായിച്ചാൽ ക്രിസ്തൻ തന്റെ മുഴുജീവകാലത്തെ ദൈവസേവക്കും മനുഷ്യരക്ഷക്കും സമൎപ്പിച്ചുകൊടുത്തു എന്നും, അവൻ കളിച്ചും ചിരിച്ചുംകൊണ്ടു സുഖഭോഗങ്ങളനുഭവിപ്പാൻ വന്നവൻ അല്ല എന്നും, മണ്ണു, പെണ്ണു, പൊന്നു എന്നിത്യാദികളിൽ ആശ ലേശംപോലും അവന്നു ഉണ്ടായിട്ടില്ല എന്നും, അവൻ അന്യരുടെ വസ്തുക്കളെ മോഹിക്കയോ മോഷ്ടിക്കുകയോ ചെയ്തിട്ടില്ല എന്നും, എളുപ്പത്തിൽ ബോധിക്കും. അവന്റെ വായിൽ ഒരു ചതിപോലും കാണപ്പെട്ടിട്ടില്ല. അവൻ തന്റെ ശത്രുക്കളെ സ്നേഹിച്ചു. അവരുടെ പാപങ്ങളെ ക്ഷമിച്ചു അവൎക്കു ഗുണം വരേണ്ടതിന്നായി അവൎക്കുവേണ്ടി പ്രാൎത്ഥിക്കയും അവരെ ചൊല്ലി കരകയും കൂടെ ചെയ്തിരിക്കുന്നു. അവൻ എല്ലാടവും സൽക്രിയകളെ ചെയ്തുംകൊണ്ടത്രെ സഞ്ചരിച്ചതു. (അപോ: പ്ര. 10, 38.) അവൻ അത്യുത്തമമായ ഉപദേശങ്ങളാൽ ജനങ്ങളെ പഠിപ്പിച്ചുംകൊണ്ടു സത്യജ്ഞാനത്തെ ഉദിപ്പിച്ചതല്ലാതെ തന്റെ ശുദ്ധമായ നടപ്പിനാൽ മനുഷ്യൎക്കു ഉത്തമമാതൃകയെ വെച്ചുതരികയും ചെയ്തിരിക്കുന്നു. അവനെ സംബന്ധിച്ചു സത്യവേദത്തിൽ: "ഇങ്ങിനെയുള്ള മഹാ പുരോഹിതനല്ലോ നമുക്കു വേണ്ടിയവൻ: പവിത്രൻ, നിൎദ്ദോഷൻ, നിൎമ്മലൻ, പാപികളിൽനിന്നു വേൎപ്പെട്ടവൻ, സ്വൎഗ്ഗങ്ങളെക്കാൾ ഉന്നതൻ ആയ്തീൎന്നവൻ തന്നെ" എന്നു പറഞ്ഞിരിക്കുന്നു. (എബ്രാ. 7, 26.)

## V.

## കൃഷ്ണന്റെ അത്ഭുത ക്രിയകൾ.

1. ഒരിക്കൽ കൃഷ്ണൻ ഗോപികളുമായി തോണി കയറി ജലക്രീഡ ചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടന്നു വലിയ മഴ പെയ്തു യമുനാനദിയിൽ വലിയ കോളുണ്ടായി. ആ തോണിക്കു ഓട്ടയുണ്ടായിരുന്നതിനാൽ അതിൽക്കൂടി വെള്ളം കയറുവാൻ തുടങ്ങി. അപ്പോൾ ഗോപികളെല്ലാം ഭ്രമിക്കുന്നതു കൃഷ്ണൻ കണ്ടിട്ടു നിങ്ങളുടെ വസ്ത്രങ്ങളെ ഊരി ഓട്ടയടപ്പിൻ എന്നു അവരോടു പറഞ്ഞു. തല്ക്കാലം അവൎക്കു പിണഞ്ഞ കഷ്ടം നിമിത്തം നാണംവിട്ടു പറഞ്ഞതുപോലെ ചെയ്തിട്ടും വെള്ളം കയറുന്നതു നിന്നില്ല. ആകയാൽ അവർ എല്ലാവരും കൂടി അവനോടു: "അല്ലയോ കൃഷ്ണാ ഞങ്ങളെ രക്ഷിക്കേണമേ" എന്നു അപേക്ഷിച്ചു. അപ്പോൾ കൃഷ്ണൻ അത്ഭുതമാംവണ്ണം തോണിയിലേക്കു കയറുന്ന വെള്ളത്തെയും മേലിൽനിന്നുള്ള മഴയെയും നിറുത്തിക്കളഞ്ഞു.

2. പിന്നെ ഒരിക്കൽ സംഭവിച്ചതാവിതു: കൃഷ്ണനും അവന്റെ ചങ്ങാതിമാരായ ഇടയന്മാരും തങ്ങളുടെ ചോറുപൊതിമറന്നുംവെച്ചു പശുക്കളെ മേയ്പാൻ കാട്ടിലേക്കുപോയിരുന്നു. അവിടെവെച്ചു അവൎക്കു വിശന്നപ്പോൾ, കൃഷ്ണൻ സമീപമുള്ള ഒരിടത്തു

## V.

## ക്രിസ്തന്റെ അത്ഭുത ക്രിയകൾ.

1. ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരുമായി ഒരു പടകിൽ കയറി പൊയ്കയുടെ അക്കരെക്കു പോകുമ്പോൾ അവൻ ഒരു തലക്കൽ ഉറങ്ങിയിരുന്നു. അപ്പോൾ തടാകത്തിൽ ഒരു കൊടുങ്കാറ്റുണ്ടായി പടകു വെള്ളംകൊണ്ടു നിറഞ്ഞാറെ ശിഷ്യന്മാർ യേശുവിനോടു നാഥാ! നാഥാ! ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞു അവനെ ഉണൎത്തി. അപ്പോൾ അവൻ എഴുന്നീറ്റു കാറ്റിനെയും കടലിനെയും ശാസിച്ചു. അപ്പോൾ അവ അമൎന്നു ശാന്തത ഉണ്ടാകയും ചെയ്തു. പിന്നെ അവരോടു നിങ്ങളുടെ വിശ്വാസം എവിടെ? എന്നു പറഞ്ഞു. എന്നാൽ അവർ ഭയപ്പെട്ടു; ഇവൻ ആർ? അവൻ കാറ്റുകളോടും വെള്ളങ്ങളോടും കല്പിക്കുന്നു അവ അനുസരിക്കുകയും ചെയ്യുന്നു എന്നു തങ്ങളിൽ പറഞ്ഞു ആശ്ചൎയ്യപ്പെട്ടു (ലൂക്ക് 8, 22-25).

2. ഒരിക്കൽ വലിയ പുരുഷാരം ക്രിസ്തുവിന്റെ ഉപദേശം കേൾപ്പാൻ അവന്റെ പിന്നാലെ അരണ്യത്തിലേക്കു ചെന്നു. ഉപദേശം കഴിഞ്ഞ ശേഷം അവൎക്കു തിന്മാൻ ഒന്നും ഇല്ലായ്കയാൽ ക്രിസ്തു അവരിൽ കരളലിഞ്ഞു അവൎക്കെല്ലാവൎക്കും തൃപ്തിവ

വെച്ചു യാഗം ചെയ്തുകൊണ്ടിരിക്കുന്ന ബ്രാഹ്മണരുടെ അടുക്കൽ ചോറു ചോദിപ്പാൻ അവരെ പറഞ്ഞയച്ചു. അപ്പോൾ അവർ കൊടുക്കായ്കയാൽ തൻെറ കൂടെയുള്ള ഗോപന്മാരെ ഈ ബ്രാഹ്മണരുടെ ഭാര്യമാരുടെ അടുക്കൽ അയച്ചു. അവർ കൃഷ്ണൻെറ നാമം കേട്ട ഉടനെ വേണ്ടുവോളം ഭക്ഷണപദാർത്ഥങ്ങളെ പാത്രങ്ങളിലാക്കി കൃഷ്ണൻെറ അടുക്കൽ കൊണ്ടുവന്നു. കൂട്ടത്തിൽ ഒരുത്തി വഴിയിൽ അല്പം താമസിച്ചുപോയിരുന്നു. ഇവൾ പോകുന്നതു അവളുടെ ഭർത്താവു കണ്ടിട്ടു യാഗശാലയിൽ പിടിച്ചു കെട്ടിക്കളഞ്ഞു. എന്നിട്ടും അവൾക്കു കൃഷ്ണൻെറ മേൽ വളരെ അനുരാഗം ഉണ്ടായിരുന്നതുകൊണ്ടു കൃഷ്ണൻ അവൾക്കു പുതിയൊരു ശരീരത്തെ ഉണ്ടാക്കി തൻെറ അടുക്കൽ വരുത്തി. കൃഷ്ണൻ മോരും വെണ്ണയും മററും കട്ടുതിന്നുമ്പോഴും കൂടെ വളരെ അതിശയങ്ങൾ ചെയ്തിരിക്കുന്നുപോൽ.

രുവോളം അപ്പം അതിശയമായി കൊടുത്തു. ഭക്ഷിച്ചവർ നാലായിരം പേർ ഉണ്ടായിരുന്നു. ഇതു എങ്ങിനെയെന്നാൽ: അവിടെ ഒരുവൻെറ കയ്യിൽ ഏഴു അപ്പവും ചില മീനും ഉണ്ടായിരുന്നു. യേശു അതിനെ കൈയിൽ എടുത്തു സ്തോത്രം പറഞ്ഞു അവയെക്കൊണ്ടു എല്ലാവരെയും തൃപ്തിയാക്കി. പിന്നെ ശിഷ്യന്മാർ ശേഷിച്ച കഷണങ്ങൾ കൊണ്ടു ഏഴു കൊട്ട നിറച്ചെടുക്കയും ചെയ്തു. മറെറാരിക്കൽ അവൻ അഞ്ചപ്പവും രണ്ടു മീനും കൊണ്ടു അയ്യായിരം പേരെ പോഷിപ്പിച്ചു. ശേഷിച്ച കഷണങ്ങൾകൊണ്ടു അവൻെറ ശിഷ്യന്മാർ പന്ത്രണ്ടു കൊട്ട നിറച്ചെടുക്കുകയും ചെയ്തിരിക്കുന്നു.

3. ഒരു ദൈത്യൻ കൃഷ്ണൻെറ ഗുരുവായ സന്ദീപൻെറ മകനെ സമുദ്രത്തിൽ ഇട്ടുകളഞ്ഞിരുന്നു. അവനെ അന്വേഷിച്ചു രക്ഷിച്ചു കൊണ്ടുവരേണ്ടതിന്നു ഗുരു അപേക്ഷിച്ചപ്പോൾ അവൻ ഗുരുപുത്രനെ യാചിപ്പാനായിക്കൊണ്ടു സമുദ്രത്തിൻെറ അരികത്തു ചെന്നു. അപ്പോൾ സമുദ്രം: "അവൻ എൻെറ വക്കൽ ഇല്ല. തിമിംഗലത്തിൻെറ പക്കലാകുന്നു" എന്നു പറഞ്ഞു. അതുകൊണ്ടു

3. ഒരിക്കൽ യേശു നയിൻ എന്ന പട്ടണത്തിലേക്കു പോകുമ്പോൾ ഒരു വിധവയുടെ മരിച്ചുപോയ ഏകപുത്രനെ കുഴിച്ചിടുവാൻ കൊണ്ടുപോകയായിരുന്നു. പിന്നാലെ അനാഥയായ ഈ സ്ത്രീ കരഞ്ഞുംകൊണ്ടു നടന്നിരുന്നു. യേശു ഇതു കണ്ടിട്ടു മനസ്സലിവു തോന്നി "കരയേണ്ട" എന്നു പറഞ്ഞു, അടുത്തു ചെന്നു മഞ്ചത്തെ തൊട്ടു. അപ്പോൾ ചുമക്കുന്നവർ നിന്നു. പിന്നെ

പിന്നെ കൃഷ്ണൻ ആ മത്സ്യത്തിന്റെ അടുക്കലും ചെന്നന്വേഷിച്ചപ്പോൾ അവനെ പാഞ്ചജന്യൻ എന്ന ഒരു അസുരൻ വിഴുങ്ങിയിരിക്കുന്നു എന്നു ആ മത്സ്യം പറഞ്ഞതു കേട്ടു കൃഷ്ണൻ ബലരാമനെയും കൂട്ടിക്കൊണ്ടു ആ അസുരനെ തിരഞ്ഞു പിടിച്ചു സംഹരിച്ചുകളഞ്ഞു. അവന്റെ വയററിലും ഗുരുപുത്രനെ കണ്ടില്ല. അപ്പോൾ അയ്യോ ഞാൻ വെറുതെ ഒരു കുല ചെയ്തുവല്ലോ എന്നു പറഞ്ഞു. (ഹരിവിജയം.) ഒടുവിൽ അവൻ യമന്റെ അടുക്കൽ ചെന്നു. അപ്പോൾ യമൻ ഗുരുപുത്രന്റെ ലിംഗദേഹത്തെ കൊണ്ടുവന്നു കൃഷ്ണന്റെ വക്കൽ ഏല്പിച്ചു. പിന്നെ കൃഷ്ണൻ അവനെ അവന്റെ പിതാവിന്നു കൊടുക്കുകയും ചെയ്തു.

യേശു "ബാല്യക്കാരാ! എഴുന്നീല്ക്ക" എന്നു പറഞ്ഞപ്പോൾ മരിച്ചവൻ എഴുന്നീററു ഇരുന്നുകൊണ്ടു സംസാരിപ്പാൻ തുടങ്ങി. പിന്നെയേശു അവനെ അവന്റെ അമ്മക്കു കൊടുത്തു. അപ്പോൾ എല്ലാവരും ഭയംപിടിച്ചു ദൈവത്തെ മഹത്വപ്പെടുത്തി ഒരു വലിയ പ്രവാചകൻ നമ്മുടെ മദ്ധ്യത്തിൽ എഴുന്നീററിരിക്കുന്നു എന്നും ദൈവം നമ്മെ സന്ദർശിച്ചിരിക്കുന്നു എന്നും പറഞ്ഞു. (ലൂക്ക് 7, 11-17.)

കൃഷ്ണനും ക്രിസ്തുവും ചെയ്ത അത്ഭുതങ്ങളുടെ ചില ദൃഷ്ടാന്തങ്ങളെ മുകളിൽ വായിച്ചുവല്ലോ. ഇവയിൽനിന്നു ഇവരിരുവരുടെ അത്ഭുതക്രിയകളുടെ ഹേതുക്കളും ഫലങ്ങളും തമ്മിൽ വളരെ വ്യത്യാസമുള്ളവയാകുന്നു എന്നു എളുപ്പത്തിൽ ഗ്രഹിക്കാം. കൃഷ്ണൻ സ്വാർത്ഥത്താൽ ജനങ്ങളുടെ നാശത്തിന്നായിട്ടു അത്ഭുതം ചെയ്തു. അവൻ താൻ ദൈവമാകുന്നു എന്നു തെളിയിപ്പാനും ധർമ്മ സംസ്ഥാപനത്തിന്നായും യാതൊരു അതിശയവും ചെയ്തിട്ടില്ല. അവൻ ഗോവർദ്ധനം എന്ന പർവ്വതത്തെ എടുത്തു ഒരു വലിയ അതിശയം ചെയ്തിരിക്കുന്നു എന്നു ഹരിവിജയത്തിൽ വർണ്ണിച്ചിരിക്കുന്നു. അതിനെ സംബന്ധിച്ചു വിഷ്ണു

പുരാണത്തിൽ നാം വായിക്കുന്നതാവിതു: ഗോപന്മാർ അവന്റെ അത്ഭുതക്രിയകളെ കണ്ടിട്ടു അവനെകൊണ്ടു ഒരു ദൈവമാകുന്നു എന്നു പറവാൻ തുടങ്ങി. അപ്പോൾ കൃഷ്ണൻ അവരോടു "അല്ലയോ! ഗോപന്മാരെ! ഞാൻ നിങ്ങളുടെ ചാർച്ചക്കാരൻ ആകുന്നു എന്നു പറവാൻ നിങ്ങൾ ശങ്കിക്കേണ്ട. ഞാൻ നിങ്ങളുടെ സ്തുതിക്കു പാത്രനെങ്കിൽ ഞാൻ ആരാകുന്നു എന്നതിനെ കുറിച്ചു തർക്കിക്കുന്നതുകൊണ്ടു പ്രയോജനം എന്തു? നിങ്ങൾ എന്നെ വിശ്വസിക്കുന്നെങ്കിൽ, ഞാൻ നിങ്ങളുടെ സ്തുതിക്കു യോഗ്യനെങ്കിൽ എന്നെ നിങ്ങളുടെ ചാർച്ചക്കാരൻ എന്നു ഓർത്തുകൊൾവിൻ. ഞാൻ ദൈവം അല്ല, യക്ഷനും അല്ല, ഗന്ധർവ്വനും അല്ല, വേറെ ആരും അല്ല. എന്നെ കുറിച്ചു ഞാൻ വേറെ വല്ലവനും ആകുന്നു എന്നു വിചാരിച്ചു പോകരുതെ". (വിഷ്ണു: പുരാ. 5, 23.)

ഈ പുരാണകഥകളെ വിശ്വസിച്ചാൽ തന്നെയും കൃഷ്ണന്റെ അത്ഭുതക്രിയകളിൽനിന്നു അവന്റെ ദിവ്യത്വം സ്ഥാപിപ്പാൻ കഴികയില്ല. കാരണം ദൈത്യന്മാരും രാക്ഷസന്മാരുംകൂടെ കൃഷ്ണന്റെ അത്ഭുതങ്ങൾക്കു തുല്യമായ അതിശയങ്ങളെ ചെയ്തിട്ടുണ്ടു.

എന്നാൽ ക്രിസ്തന്റെ അത്ഭുതക്രിയകൾ എല്ലാം കൃഷ്ണന്റേവറ്റിൽനിന്നു വളരെ വ്യത്യാസമുള്ളവയാകുന്നു, എന്നു തന്നെയുമല്ല അവയുടെ ഹേതുക്കളും ഫലങ്ങളും അത്യന്തം വൈശിഷ്ട്യമുള്ളവയും ആകുന്നു. അവൻ, താൻ ദൈവത്തിൽനിന്നു വന്നവൻ ആകുന്നു എന്നു ജനങ്ങൾ സമ്മതിക്കുതക്കവണ്ണം അത്രെ അത്ഭുതങ്ങളെ ചെയ്തതു. "ഞാൻ എന്റെ പിതാവിന്റെ

പ്രവൃത്തികളെ ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ട; ചെയ്യുന്നുവെങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവു എന്നിലും ഞാൻ പിതാവിലും ആകുന്നു എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ടതിന്നു പ്രവൃത്തികളെ വിശ്വസിപ്പിൻ" (യോഹ. 10. 37, 38). ഇതുകൂടാതെ ജനങ്ങൾ ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളെ കണ്ടിട്ടു അവനിൽ വിശ്വസിച്ചപ്പോൾ അവൻ കൃഷ്ണൻ ചെയ്തതുപോലെ അവരെ വഞ്ചിക്കാതെ ഞാൻ ക്രിസ്തുവാകുന്നു (യോഹ. 4. 26). ഞാൻ ദൈവത്തിന്റെ പുത്രൻ ആകുന്നു (യോഹ. 9. 35, 37). എന്നിത്യാദി സ്പഷ്ടമായി ഉപദേശിച്ചിരിക്കുന്നു.

ക്രിസ്തു സ്വന്തപ്രയോജനത്തിന്നായി യാതൊരു അതിശയവും ചെയ്തിട്ടില്ല. അവന്നു വിശന്നപ്പോൾ അവന്റെ ശിഷ്യന്മാർ അങ്ങാടിയിൽ പോയി തിന്മാൻ അപ്പം വാങ്ങിക്കൊണ്ടു വന്നു. എന്നാൽ ജനങ്ങൾക്കു വിശന്നപ്പോൾ തന്റെ അത്ഭുതശക്തിയെ ഉപയോഗിച്ചു അവരെ തൃപ്തിപ്പെടുത്തി.

ക്രിസ്തു നീചകാൎയ്യങ്ങൾക്കായി അതിശയം ചെയ്തിട്ടില്ല. കൃഷ്ണനെ അവന്റെ അമ്മ കയർകൊണ്ടു കെട്ടിയിടുവാൻ വിചാരിച്ചിട്ടു അവൾ എത്ര കയർ കൊണ്ടുവന്നിട്ടും പോരാതെവരുവാൻ തക്കവണ്ണം കൃഷ്ണൻ ഒരു അതിശയം ചെയ്തുപോൽ. എന്നാൽ ക്രിസ്തുവിന്റെ അത്ഭുതങ്ങളിൽ ഇങ്ങിനെത്ത പിള്ളക്കളി കാണുകയില്ല.

ക്രിസ്തുവിന്റെ അത്ഭുതക്രിയകളിൽനിന്നു അവന്റെ ദിവ്യശക്തിയും അധികാരവും വിളങ്ങി വരുന്നു. അവന്റെ വായിലെ വചനത്തിന്റെ ശക്തി

യാൽ വിളിച്ചു ഉടനെ മരിച്ചവർ ഉണൎന്നുവന്നിരിക്കുന്നു. എന്നാൽ കൃഷ്ണൻ തന്റെ ഗുരുവിന്റെ പുത്രനെ ഏറിയ സംവത്സരങ്ങളോളം തിരഞ്ഞു നടക്കേണ്ടിവന്നു, എന്നു മാത്രമല്ല അവനെ കണ്ടെത്തികൊണ്ടുവന്നു കൊടുക്കുന്നതിന്മദ്ധ്യേ കൃഷ്ണൻ സ്വന്ത അജ്ഞാനത്തെയും ബലഹീനതയെയും വേണ്ടുവോളം പ്രകടിച്ചിട്ടും ഉണ്ടു.

ക്രിസ്തുവിന്റെ അത്ഭുതങ്ങൾക്കു പല സാക്ഷികൾ ഉണ്ടു. അവൻ അവയെ തന്റെ ശത്രുക്കളുടെ മുമ്പാകെ വെച്ചത്രെ ചെയ്തതു. അവയെ കണ്ടവരിൽ പലരും അവയെ കുറിച്ചു എഴുതിവെക്കുകയും അവരുടെ ജീവകാലത്തു തന്നെ ലോകത്തിലെല്ലാം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കൃഷ്ണന്റെ ക്രിയകളെ കണ്ടിട്ടുള്ള കൺസാക്ഷികളും ലക്ഷ്യങ്ങളും ഇല്ല. കണ്ടവർ ആരും എഴുതിവെച്ചിട്ടും ഇല്ല. അവൻ മരിച്ചിട്ടു അനേകം വൎഷം കഴിഞ്ഞതിൽപിന്നെ ഓരോ സങ്കല്പിതകഥകളെ കൂട്ടിചേൎത്തുണ്ടാക്കിയതത്രെ കൃഷ്ണന്റെ ചരിത്രം. ഇതിനെ എങ്ങിനെ വിശ്വസിക്കാം?

കൃഷ്ണന്റെ അത്ഭുതങ്ങൾക്കു സാക്ഷിനിന്നതിനാൽ ആൎക്കും ഹിംസ ഉണ്ടായിട്ടില്ല. എന്നാൽ യേശുവിന്റെ ക്രിയകളെ കണ്ടവർ അവയുടെ ഉണ്മയെ ഉറപ്പിക്കേണ്ടതിന്നു തങ്ങളുടെ രക്തത്തെയും പ്രാണനെയും കൂടെ ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നു.

## VI.

## കൃഷ്ണന്റെ മരണാന്ത്യവൃത്താന്തം.

കൃഷ്ണൻ മരിക്കുന്നതിന്നു മുമ്പെ യാദവകുലത്തെ എല്ലാം മുടിച്ചുകളഞ്ഞു. അതു എങ്ങിനെയെന്നാൽ: പിണ്ഡാരകം എന്ന തീൎത്ഥത്തിങ്കൽ വിശ്വാമിത്രൻ മുതലായ അനേകം ഋഷിമാർ സ്നാനസന്ധ്യാദി കൎമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ചില ബാലന്മാർ ചെന്നു അവരെ പരിഹസിച്ചു. അവർ ഒരു ബാല്യക്കാരനെ ഗൎഭിണിയുടെ വേഷം കെട്ടിച്ചു ഇവരുടെ മുമ്പാകെ കൊണ്ടുവന്നു; ഇവളുടെ വയററിലെ കുട്ടി ആൺകുട്ടിയോ പെൺകുട്ടിയോ എന്നു ചോദിച്ചു. അപ്പോൾ ഋഷിമാർ ഇവരുടെ ഉപായം ബോധിച്ചിട്ടു, അവളുടെ വയററിൽനിന്നു ഒരു ഉലക്കപിറക്കും എന്നും അതു യാദവകുലത്തെ നിൎമ്മൂലനാശം ചെയ്യും എന്നും പറഞ്ഞു. ഇപ്രകാരം ആ ബാല്യക്കാരന്റെ വയററിൽനിന്നു ഒരു ഇരിമ്പുഗദ പുറത്തുവന്നു. ഇതു ഉഗ്രസേനൻ അറിഞ്ഞ ഉടനെ ആ ബ്രാഹ്മണശാപം ഭയപ്പെട്ടിട്ടു ആ ഗദയെ ഭസ്മമാക്കി സമുദ്രത്തിൽ കലക്കിക്കളഞ്ഞു. അതിൽനിന്നു സമുദ്രതീരത്തിൽ ഒരുവക പുല്ലു മുളച്ചുവന്നു. ആ ഗദക്കു ഒരു അലകുണ്ടായിരുന്നു. അതു ഭസ്മമാകാതെ ഇരുന്നതുകൊണ്ടു അതിനെ ഒരു മത്സ്യം വിഴുങ്ങി. ആ മ

## VI.

## ക്രിസ്തന്റെ മരണാന്ത്യവൃത്താന്തം.

ക്രിസ്തു തന്റെ മരണത്തിന്നു മുമ്പെ താൻ സ്ഥാപിച്ച മതം ലോകാന്ത്യത്തോളം പരന്നു പ്രബലപ്പെടുവാൻ തക്കവണ്ണം അതിനെ പൂൎത്തിവരുത്തി അവൻ തന്റെ മരണത്തിന്നു മുമ്പെ ഒരു നിയമത്തെ സ്ഥാപിച്ചു. അതു ഏതെന്നാൽ: അവൻ ശിഷ്യരോടുകൂടെ പെസഹഭക്ഷണം കഴിക്കുമ്പോൾ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി ശിഷ്യന്മാൎക്കു കൊടുത്തിട്ടു — "വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു വേണ്ടി കൊടുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു എന്നെ ഓൎപ്പാന്തക്കവണ്ണം ഇതിനെ ചെയ്വിൻ" എന്നു പറഞ്ഞു. അതിൽപിന്നെ പാനപാത്രത്തെയും എടുത്തു സ്തോത്രം ചൊല്ലി അവൎക്കു കൊടുത്തു പറഞ്ഞതെന്തെന്നാൽ: ഈ പാനപാത്രം നിങ്ങൾക്കു വേണ്ടി ഒഴിക്കപ്പെടുന്ന എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു. ഇതു അനേകൎക്കു വേണ്ടി പാപമോചനത്തിന്നായി ഒഴിക്കപ്പെടുന്ന എന്റെ രക്തം ആകുന്നു. എന്റെ ഓൎമ്മക്കായി ഇതിനെ ചെയ്വിൻ" എന്നു പറഞ്ഞു. ഇതാകുന്നു ക്രിസ്തുവിന്റെ ജനം ഇന്നും ആചരിച്ചുപോരുന്ന തിരുവത്താഴം എന്ന വിശുദ്ധകൎമ്മം.

ത്സ്യത്തെ ഒരു വേടൻ പിടിച്ചു അതിന്റെ വയററിൽനിന്നു കിട്ടിയ ഇരിമ്പലകകൊണ്ടു തന്റെ അമ്പിന്നു മുന വെപ്പിച്ചു.

അനന്തരം ഇന്ദ്രൻ കൃഷ്ണന്റെ അടുക്കൽ ഒരു ദൂതനെ പറഞ്ഞയച്ചു "നീ ഭൂമിയിൽ ഇറങ്ങി പോയിട്ടു ഇപ്പോൾ നൂറു സംവത്സരം ആയി. ഏതൊരു കാൎയ്യത്തിന്നായി നീ അവതരിച്ചുവോ ആ കാൎയ്യം നിവൃത്തിയായിരിക്കുന്നു. ഇപ്പോൾ ഭൂഭാരം കുറഞ്ഞിരിക്കയാൽ നീ മേൽലോകത്തേക്കു വരേണം" എന്നപേക്ഷിച്ചു. ഇതിന്നു കൃഷ്ണൻ മറുവടിയായി "അതെല്ലാം ഞാൻ അറിയുന്നുണ്ടു. ഞാൻ യാദവന്മാരെ എല്ലാം നശിപ്പിപ്പാൻ ആരംഭിച്ചിരിക്കുന്നു. അതു പൂൎത്തിയാക്കീട്ടു വരാം. ഞാൻ ജരാസന്ധൻ മുതലായ പ്രജാഹിംസകന്മാരെ നശിപ്പിച്ചിരിക്കുന്നു ശരി. എങ്കിലും യാദവന്മാരുടെ ഓരോ കുട്ടിയും അവരെ പോലെ തന്നെ ഭൂമിക്കു ഭാരമായിരിക്കുന്നു. ഈ വലിയ ഭാരത്തെയും നീക്കിയ ഉടനെ ദേവലോകത്തെ രക്ഷിപ്പാൻ ഞാൻ വരുന്നുണ്ടു" എന്നു പറഞ്ഞയച്ചു.

അതിന്റെ ശേഷം ആകാശത്തിലും ഭൂമിയിലും വളരെ ദുൎല്ലക്ഷണങ്ങൾ കാണപ്പെട്ടു. അപ്പോൾ കൃഷ്ണൻ യാദവന്മാരോടു "ഈ ലക്ഷണങ്ങൾ ആപൽസൂചകങ്ങളാകുന്നു അതുകൊണ്ടു നിങ്ങൾ എല്ലാവരും കൂടി പ്രഭാസം

അതിന്റെ ശേഷം യേശു തന്റെ ശിഷ്യന്മാരോടു ഏറിയ ആശ്വാസമൊഴികളെ പറഞ്ഞു. എങ്ങിനെയെന്നാൽ: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു. ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ; ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേൎത്തുകൊള്ളും. നിങ്ങളെ ഞാൻ അനാഥരായി വിടുകയില്ല, ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും" എന്നിത്യാദി സന്തോഷവും ധൈൎയ്യവും വരുത്തുന്ന അനേകം വാക്കുകളെ കേൾപ്പിച്ചശേഷം പരിശുദ്ധാത്മാവിനെ അയക്കും എന്നു വാഗ്ദത്തവും ചെയ്തു. ഇതു കൂടാതെ അവർ തമ്മിൽ തമ്മിൽ സ്നേഹിച്ചു ഐകമത്യമായിരിക്കേണം എന്നു മുന്തിരിവള്ളിയുടെ സാദൃശ്യം പറഞ്ഞു അതിനാൽ അവൎക്കും തനിക്കും എങ്ങിനെത്ത ഐക്യമുണ്ടെന്നു അവരെ ഗ്രഹിപ്പിച്ചു.

അതിന്റെ ശേഷം യേശു തന്റെ പിതാവിനോടു പൌരോഹിത്യ പ്രാൎത്ഥന കഴിച്ചു. അതിന്റെ സാരാംശമാവിതു: തന്റെ ശിഷ്യന്മാർ ഐക്യമായിരിക്കേണം. പാപം നിറഞ്ഞ ഈ ലോകത്തിൽ അവരെ ദൈവം ദോ

എന്ന സ്ഥലത്തേക്കു പോയാൽ അവിടെ നിങ്ങൾക്കു രക്ഷയുണ്ടാകും" എന്നു പറഞ്ഞു. ഇതൊരു വലിയ ചതിയായിരുന്നു. എന്തുകൊണ്ടെന്നാൽ യാദവന്മാർ ദ്വാരകയിൽവെച്ചു മരിച്ചാൽ അവൎക്കു മോക്ഷം കിട്ടിപ്പോകും. അതു വരാതിരിപ്പാൻ വേണ്ടിയാകുന്നു കൃഷ്ണൻ ഇവരെ പ്രഭാസത്തിലേക്കു പോവാൻ ഉത്സാഹിപ്പിച്ചതു; അവിടെവെച്ചു മരിച്ചാൽ യാദവന്മാൎക്കു മോക്ഷം കിട്ടുകയില്ല പോൽ. പിന്നെ യാദവന്മാർ എല്ലാവരും ബലരാമനോടും കൃഷ്ണനോടുംകൂടെ പ്രഭാസത്തിലേക്കു പോയി. അവർ തങ്ങളുടെകൂടെ ആൺമക്കളെയും, പെൺമക്കളെയും, ആന, കുതിര, തേർ മുതലായ എല്ലാവാഹനങ്ങളെയും ഭക്ഷണപദാൎത്ഥങ്ങൾ മദ്യം മാംസം മുതലായവയെയും കൂടെ കൊണ്ടുപോയി. (ബഭ്രുനാം വിവിധം ചക്രുൎമ്മദ്യ മാംസമനേകധാ) (മഹാഭാരതം).

അവിടെ എത്തിയ ശേഷം എല്ലാവരും സ്നാനം ചെയ്തു മദ്യം സേവിച്ചു. മദ്യം കുടിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ മദ്ധ്യത്തിൽ മത്സരാഗ്നി കത്തിത്തുടങ്ങി. പഴിവാക്കുകൾ ആകുന്ന വിറകും ക്രമേണ വീണു കോപാഗ്നി ഏററം ഉജ്ജ്വലിച്ചു ദേ-

ക്ഷത്തിൽനിന്നു ഉദ്ധരിച്ചു കാക്കേണം. അവർ വിശുദ്ധിയിൽ വൎദ്ധിച്ചു ദൈവത്തോടും അന്യോന്യവും കൂട്ടായ്മയുള്ളവർ ആയിരിക്കേണം. ഒടുവിൽ പരലോകത്തിൽ അവരെല്ലാവരും എന്നേക്കും നിത്യാനന്ദത്തെ അനുഭവിക്കുന്നവരായ്തീരേണം എന്നിത്യാദിയത്രെ. ഈ പ്രാൎത്ഥന അന്നു തന്റെ കൂടെയുണ്ടായിരുന്ന ശിഷ്യൎക്കു വേണ്ടി മാത്രമല്ല ലോകാന്ത്യത്തോളം തന്നിൽ വിശ്വസിപ്പാനിരിക്കുന്ന ലക്ഷോപലക്ഷം ശിഷ്യന്മാൎക്കു വേണ്ടിയും കൂടെയാകുന്നു കഴിച്ചിട്ടുള്ളതു. ഇതു കഴിഞ്ഞിട്ടു യേശു യരുശലേം പട്ടണത്തിന്റെ പുറത്തുള്ള ഗതശമന എന്ന തോട്ടത്തിൽ ചെന്നു തന്റെ മനസ്സിന്മുമ്പാകെ ഇരുന്നതും സഹിപ്പാനിരിക്കുന്നതും ആയ മഹാ ദുഃഖത്തെ കുറിച്ചു ആലോചിച്ചു ദൈവത്തോടു "പിതാവെ നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമേ! എന്നാലും എന്റെ ഇഷ്ടം അല്ല നിന്റേതത്രെ ആകട്ടെ" എന്നു ദൈവത്തോടു മൂന്നുവട്ടം പ്രാൎത്ഥിച്ചു.

യേശു തന്നെ ശത്രുക്കൾക്കു ഒററിക്കൊടുക്കുന്നവൻ ഇന്നവൻ എന്നു മുൻകൂട്ടി അറിഞ്ഞിരുന്നു. അവന്റെ ശിഷ്യരിൽ ഒരുവനായ യൂദാ എന്നവൻ ദ്രവ്യാഗ്രഹത്താൽ ദ്രോഹിയായി, യേശു തോട്ടത്തിൽ ഇരിക്കുമ്പോൾ യഹൂദപ്രമാണികളുടെ ഭൃത്യന്മാരെ

വിയുടെ (മദ്യത്തിൻെറ) ശക്തിയാൽ മത്തന്മാരായി അന്യോന്യം യുദ്ധം ചെയ്തു വീണ ആയുധങ്ങളെല്ലാം മുറിഞ്ഞു പോയാറെ സമീപമുള്ള സമുദ്രതീരത്തിങ്കൽ മുളച്ചുണ്ടായ ഒരു വിധം പുല്ലു പറിച്ചു കൊണ്ടുവന്നു. അതു അവക്കു വജ്രംപോലെ ഉറപ്പുള്ള ഇരിമ്പുഗദകളായ്തീൎന്നു. ഇവ കൊണ്ടുള്ള താഡനങ്ങളാൽ അനേകം യാദവന്മാർ വീണു ചത്തു. ആദിയിൽ കൃഷ്ണൻ ഇക്കാൎയ്യത്തിൽ കയ്യിടാതെ അവരോടു ഗുണദോഷം പറഞ്ഞു കലഹം നിറുത്തുവാൻ ശ്രമിച്ചു എന്നിട്ടും അവർ കൂട്ടാക്കുന്നില്ല എന്നു കണ്ടപ്പോൾ അവനും കോപിച്ചു തൻെറ കൈനിറയ ആ പുല്ലു പറിച്ചു. അപ്പോൾ അതെല്ലാം കൂടി ഒരു വലിയ ഗദയായ്തീൎന്നു. അതിനെക്കൊണ്ടു അവൻ അനേകം യാദവന്മാരെ മാത്രമല്ല തൻെറ സ്വന്തമക്കളെയും കൂടെ കൊന്നുകളഞ്ഞു. കൃഷ്ണനു ഒരു ലക്ഷത്തെണ്പതിനായിരം മക്കൾ ഉണ്ടായിരുന്നു. (മഹാഭാരതം.)

പിന്നെ കൃഷ്ണൻ അരണ്യത്തിൽ ഏകനായിരുന്നു തൻെറ കാൽ തുടമേൽ വെച്ചു ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വേടൻ ദൂരത്തുനിന്നു ഒരു മാൻ എന്നു കരുതി കൃഷ്ണൻെറ നേരെ ഒരു അസ്ത്രം വിട്ടു. അതു ചെന്നു അവൻെറ കാലിന്നു കൊണ്ടതിനാൽ അവൻ കാല വശനായ്തീൎന്നു.

ഇപ്രകാരം കൃഷ്ണൻ മരിക്കുന്ന

കൂട്ടിക്കൊണ്ടുവന്നു യേശുവിനെ കാണിച്ചുകൊടുപ്പാൻ തമ്മിൽ പറഞ്ഞൊത്തു. പിന്നെ ആ സേവകന്മാർ യേശുവിനെ പിടിച്ചു കെട്ടി യഹൂദന്മാരുടെ മൂപ്പസഭയിലേക്കു കൊണ്ടുപോയി. അവിടെവെച്ചു അവൻെറ പേരിൽ അനേകം അപരാധങ്ങളെ ചുമത്തുവാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഒടുവിൽ അവർ അവന്നു വിരോധമായി "ഇവൻ താൻ ദൈവപുത്രൻ ആകുന്നു എന്നു ചൊല്ലിക്കൊണ്ടു ദൈവദൂഷണം പറഞ്ഞിരിക്കുന്നു. അതുകൊണ്ടു നമ്മുടെ ന്യായപ്രമാണപ്രകാരം ഇവൻ മരണയോഗ്യനാകുന്നു" എന്നു കുററം ചുമത്തി. എന്നാൽ മരണശിക്ഷ നടത്തുവാൻ യഹൂദക്കു അധികാരമില്ലായ്കയാൽ അവർ അവനെ പിലാതൻ എന്ന റോമനാടുവാഴിയുടെ അടുക്കൽ കൊണ്ടുപോയി. പിലാതൻ യേശുവിനെ വിസ്തരിച്ച ശേഷം ഇവനിൽ ഞാൻ യാതൊരു കുററവും കാണുന്നില്ല എന്നു പറഞ്ഞു വിട്ടയപ്പാൻ രണ്ടു പ്രാവശ്യം പ്രയത്നിച്ചു. എന്നാൽ യഹൂദന്മാരായ ശത്രുക്കൾ ഏകമനസ്സോടെ ഇവനെ വിട്ടുകളഞ്ഞാൽ നീ കൈസരുടെ സഖിയല്ല എന്തുകൊണ്ടെന്നാൽ ഇവൻ തന്നെത്താൻ രാജാവാക്കുന്നു എന്നു പറഞ്ഞു. അപ്പോൾ പിലാതൻ ജനങ്ങളെ ഭയപ്പെട്ടു, യേശുവിനെ അവരുടെ കയ്യിൽ ഏല്പിച്ചുകൊടുത്തു. അതിൻെറ ശേഷം പട്ടാളക്കാർ അവനെ

1) entertainment, 2) a grain of boiled rice.
2) accomplished his desire.



തിന്നു ദുൎവ്വാസാവെന്ന ഋഷിയുടെ ശാപമായിരുന്നു ഹേതു. എങ്ങിനെയെന്നാൽ: കൃഷ്ണൻ ഒരു ദിവസം ഈ ഋഷിക്കു ബഹുമാനപൂൎവ്വം ആതിത്ഥ്യം ചെയ്യുമ്പോൾ അവന്റെ പാദത്തിന്മേൽ വീണ ഒരുവററു പെറുക്കി എടുക്കായ്കയാൽ "നീ കാലിന്മേൽ മുറിവേററു മരിക്കേണം" എന്നു ആ ഋഷി കൃഷ്ണനെ ശപിച്ചുകളഞ്ഞു.

കൃഷ്ണനെ കൊന്ന വേടൻ തന്റെ തെററു ബോധിച്ചു കൃഷ്ണന്റെ അടുക്കൽ ചെന്നു മാപ്പു ചോദിച്ചപ്പോൾ 'നീ സ്വൎഗ്ഗലോകത്തിൽ പോയി സുഖിച്ചുകൊൾക" എന്നു അനുഗ്രഹം കൊടുത്തു.

കൃഷ്ണൻ മരിക്കുന്നതിന്നു മുമ്പെ ഉണ്ടായ കാൎയ്യത്തെ എല്ലാം ഉഗ്രസേനനോടും ദേവകിയോടും അറിയിപ്പാൻ ആളെ പറഞ്ഞയച്ചു. തന്റെ ഭാൎയ്യമാരെ എല്ലാം അൎജ്ജുനന്റെ വക്കൽ ഏല്പിക്കയും ചെയ്തു.

പിന്നെ അവൻ "ബ്രഹ്മൈവം ഇതിധ്യാതാ" = ബ്രഹ്മം മാത്രം എന്ന ധ്യാനബലത്താൽ തന്റെ നിശ്ചയത്തെ വരുത്തിക്കൊണ്ടു "സൎവ്വഭൂതാന്ത്യവ്യഹം ഏവ" = ഞാൻ തന്നെ സൎവ്വവസ്തുക്കളിലും ഇരിക്കുന്നു എന്നു നന്നായി അറിഞ്ഞിട്ടു തന്റെ മൎത്ത്യദേഹത്തെയും ത്രിഗുണങ്ങളെയും ത്യജിച്ചു, ശുദ്ധനും, ആത്മസ്വരൂപനും നിൎല്ലയനും സൎവ്വഭൂതങ്ങൾക്കും അന്തൎയ്യാമിയും ആയിരിക്കുന്നവങ്കൽ ലയിച്ചു പോയി.

പരിഹസിക്കയും അപമാനിക്കുകയും ചെയ്തു. അവന്റെ തലമേൽ മുൾക്കിരീടം വെക്കുകയും മുഖത്തു തുപ്പുകയും കണ്ണുകെട്ടി തലക്കു തല്ലുകയും മററും പലതും ചെയ്തശേഷം പട്ടണത്തിന്നു പുറത്തു കൊണ്ടുപോയി കലഹക്കാരായ രണ്ടു കള്ളന്മാരോടുകൂടെ ക്രൂശിൽ തറെച്ചു. എന്നിട്ടും അവൻ തന്റെ ശത്രുക്കൾക്കുവേണ്ടി: "പിതാവേ ഇവർ ചെയ്യുന്നതു ഇന്നതെന്നു അറിയായ്കകൊണ്ടു അവരോടു ക്ഷമിക്കേണമേ!" എന്നു പ്രാൎത്ഥിച്ചു.

ക്രിസ്തുവിന്റെ ഒരുമിച്ചു ക്രൂശിൽ തൂങ്ങിയ രണ്ടു കള്ളന്മാരിൽ ഒരുവൻ യേശുവിനോടു "കൎത്താവേ! നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ എന്നെ ഓൎക്കേണമേ!" എന്നു അപേക്ഷിച്ചു അതിന്നു യേശു: സത്യമായിട്ടു ഞാൻ നിന്നോടു പറയുന്നു; ഇന്നു നീ എന്നോടു കൂടെ പരദീസയിൽ ഇരിക്കും" എന്നു പറഞ്ഞു. പിന്നെ യേശു മഹാശബ്ദത്തോടെ "പിതാവേ! നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു" എന്നു വിളിച്ചു പറഞ്ഞു. ഇവ പറഞ്ഞിട്ടു യേശു പ്രാണനെ വിട്ടു.

1) by sucking her breast.



കൃഷ്ണന്റെ ജനനത്തിന്നു ബ്രാഹ്മണ ശാപം ഹേതുവായിരുന്നതുപോലെ അവന്റെ മരണത്തിന്നും ബ്രാഹ്മണ ശാപം തന്നേ കാരണം. അതുകൊണ്ടു ഇതിൽനിന്നു കൃഷ്ണന്റെ മഹത്വമല്ല ബ്രാഹ്മണരുടെ മഹത്വം അത്രെ സ്പഷ്ടമായ്വരുന്നതു. കൃഷ്ണൻ മനുഷ്യരക്ഷക്കവേണ്ടി ജനിച്ചതും ഇല്ല മരിച്ചതും ഇല്ല. അവൻ ജനിച്ച ഉടനെ ആദ്യം തന്നെ ഒരു സ്ത്രീയെയാകുന്നു കൊന്നതു. തന്റെ ജീവാന്ത്യകാലത്തിൽ സ്വന്തമക്കളെ എല്ലാം കൊന്നവനും ആകുന്നു. അവൻ ഭൂമിയിൽ ചിന്നിച്ച രക്തം പ്രവാഹമായി ഒഴുകിയിരിക്കുന്നു. ഇതിലായിരുന്നു അവന്റെ തൃപ്തി. പുരാണകൎത്താക്കന്മാർ, അവൻ ഭൂഭാരം തീൎപ്പാൻ വന്നു എന്നു പറയുന്നു. എന്നാൽ ഭൂമിയുടെ സാക്ഷാൽ ഭാരം കൃഷ്ണൻ തന്നെ ആയിരുന്നു. സ്വന്തകുലം മുടിച്ചവനും സ്വന്തമക്കളായ ഒരു ലക്ഷത്തി എണ്പതിനായിരത്തെ സ്വന്ത കൈകൊണ്ടു കൊന്നവനും ആയവന്റെ ഭാരത്തിന്നു തുല്യമായ ഒരു ഭാരം ഭൂമി എപ്പോഴെങ്കിലും വഹിച്ചിട്ടുണ്ടോ?

കൃഷ്ണന്റെ ജീവാന്ത്യകാലത്തിൽ ധൎമ്മസംസ്ഥാപനത്തിന്നായി വല്ല സാഹിത്യത്തെയോ മാൎഗ്ഗത്തെയോ ഉണ്ടാക്കീട്ടുണ്ടോ? തന്റെ കാലശേഷം ഭൂമിമേൽ ധൎമ്മമോ അധൎമ്മമോ എന്തു നടക്കും എന്നുള്ളതിനെ കുറിച്ചു അവന്നു സ്വപ്നേപിലേശം വിചാരം ഉണ്ടായിട്ടില്ല എന്നു കാണുന്നു. കൃഷ്ണന്റെ കാലത്തു എല്ലാവരും സദ്വൃത്തൻ എന്നു ബഹുമാനിച്ചുവന്ന അക്രൂരൻ എന്നൊരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ കൃഷ്ണനെക്കാളും ഉത്തമനും യോഗ്യനും

ആകുന്നു. അവനോടും കൃഷ്ണൻ നരനാരായണന്റെ അടുക്കൽ ചെല്ലുവാൻ പറഞ്ഞിരിക്കുന്നു. കൃഷ്ണൻ തന്നെ കൊന്നവനെ സ്വൎഗ്ഗത്തിലേക്കു പറഞ്ഞയച്ചു എന്നു പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നു.

ക്രിസ്തുവോ, താൻ ചെയ്യുവാൻ വന്ന കാൎയ്യത്തെ എല്ലാം ഭൂമിയിൽ ചെയ്തു തികച്ച ശേഷമേ സ്വൎഗ്ഗത്തിൽ കയറി പോയിട്ടുള്ളു. അവൻ മരിക്കുമ്പോൾ "നിവൃത്തിയായി" എന്നു വിളിച്ചു പറഞ്ഞിരിക്കുന്നു. എന്നാൽ നിവൃത്തിയായതു എന്തു? യേശുവിന്റെ കഷ്ടമരണങ്ങളെ കുറിച്ചുള്ള സമസ്ത പ്രവാചകവും നിവൃത്തിയായി. തന്റെ സ്വന്ത മൊഴികൾക്കും പൂൎത്തിവന്നു. ബലിയൎപ്പണവും ന്യായപ്രമാണാനുഷ്ഠാനവും പാപത്തിന്നുള്ള പ്രായശ്ചിത്തവിലയും എല്ലാം നിവൃത്തിയായി. അവന്റെ മരണത്തിൽ നീതിയും വിശുദ്ധിയും സ്നേഹവും കരുണയും ആകുന്ന ദൈവലക്ഷണങ്ങളെല്ലാം മനുഷ്യൎക്കുവേണ്ടി വിളങ്ങിവന്നു. സൎവ്വലോകത്തിൻ പാപത്തിന്നു പരിഹാരം വരുത്തുവാനായിവന്ന ദൈവപുത്രനെ മനുഷ്യർ തങ്ങളുടെ ദുഷ്ടകൈകളാൽ ക്രൂശിൽ തറച്ചപ്പോൾ, ഭൂമിമേൽ വൻപാപം സംഭവിച്ചതിനാൽ, സൂൎയ്യൻ തന്റെ മുഖത്തെ മറച്ചു. അപ്പോൾ ഭൂതലത്തിൽ എങ്ങും മഹാ അന്ധകാരം ഉണ്ടായി. വലിയ ഭൂകമ്പവും ഉണ്ടായി. (ലൂക്ക് 23, 44; മത്താ. 27, 51.).

ഇപ്രകാരം ക്രിസ്തു പാപത്തിന്നു പ്രായശ്ചിത്തം ചെയ്തതു കൂടാതെ, താൻ ഉപദേശിച്ച ധൎമ്മം ലോകത്തിൽ സ്ഥാപിതമായി വ്യാപിക്കേണം എന്ന വ്യവസ്ഥയും വെച്ചു. അവൻ ശിഷ്യന്മാൎക്കു തന്റെ സമാ

ധാനത്തെ കൊടുത്തു. പരിശുദ്ധാത്മാവിനെ അയക്കും എന്നു വാഗ്ദത്തവും ചെയ്തു. (യോഹ. 15, 26.) അവൻ ശിഷ്യന്മാൎക്കുവേണ്ടി കഴിച്ച പ്രാൎത്ഥന, അവരെ ലോകത്തിൽനിന്നു എടുക്കേണം എന്നല്ല, ദുഷ്ടനിൽനിന്നു അവരെ കാത്തുകൊള്ളേണം എന്നത്രെ. (യോഹ. 17, 15.) അന്നുള്ള ശിഷ്യന്മാൎക്കുവേണ്ടി മാത്രമല്ല വിശ്വസിപ്പാനിരിക്കുന്നവൎക്കു വേണ്ടിയും യേശു പിതാവിനോടു യാചിച്ചിരിക്കുന്നു. എങ്ങിനെയെന്നാൽ: "ഞാൻ ഇവൎക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവൎക്കു വേണ്ടിയും, നീ എന്നെ അയച്ചു എന്നു ലോകം വിശ്വസിപ്പാനായിട്ടു, അവർ എല്ലാവരും ഒന്നാകേണ്ടതിന്നു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും തമ്മിൽ ഒന്നാകേണ്ടതിന്നു തന്നെ ഞാൻ അപേക്ഷിക്കുന്നു". യേശു മരിക്കുമ്പോൾ ഒരു പാപിയെ രക്ഷിച്ചു. അവനെ തന്നോടു കൂടെ തന്നെ അക്ഷയവും, നില്ലയവും, വിശുദ്ധിയും, സുഖാനന്ദവും ഉള്ളതായ പരലോകത്തിലേക്കു ചേൎത്തു. ഇതിനാൽ തന്റെ ദിവ്യരക്ഷാകരമായ ശക്തിയെ ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നു.

## VII.

### കൃഷ്ണന്റെ മരണാനന്തരം ഉണ്ടായ ചില സംഭവങ്ങൾ.

കൃഷ്ണൻ മരിച്ച ശേഷം അൎജ്ജുനൻ അവന്റെ ശേഷക്രിയ ചെയ്തു എന്നു വിഷ്ണുപുരാണത്തിൽ

## VII.

### ക്രിസ്തന്റെ മരണാനന്തരം ഉണ്ടായ ചില സംഭവങ്ങൾ.

യേശു ക്രൂശിൽ വെച്ചു മരിച്ച ശേഷം നീതിമാനും ധനവാനുമായ യോസേഫ് എന്ന ഒരുവൻ,

പറഞ്ഞിരിക്കുന്നു. എന്നാൽ മറെറാരുസ്ഥലത്തിൽ "അവൻെറ ശവം അഗ്നിയിലാകട്ടെ മണ്ണിലാകട്ടേ ചേരാതെ പശു പുഴക്കൾ മുതലായവ തിന്നുകളഞ്ഞു" എന്നും പറഞ്ഞിരിക്കുന്നു. പിന്നെ അവൻെറ രൂപമാകുന്ന കാലും കയ്യും ഇല്ലാത്ത ജഗന്നാഥൻ ആയിത്തീൎന്നു. കൃഷ്ണൻെറ ഭാൎയ്യമാരിൽ അഷ്ടപത്നിമാർ അവൻെറ ശവത്തോടു കൂടെ സഹഗമനമായിരിക്കുന്നു (വി. പുരാ.) എന്നാൽ മഹാഭാരതത്തിൽ അവർ എല്ലാവരും ഒന്നാമതു ഇന്ദ്രപ്രസ്ഥത്തിൽ പോയി, അവരിൽ നാലു പേർ ഗോക്കളായി തീൎന്നു. ശേഷം സത്യഭാമ മുതലായ ഭാൎയ്യമാർ വനത്തിൽ തപസ്സിന്നു പോയി. ഉഗ്രസേനൻ, ദേവകി, രോഹിണി മുതലായവർ അഗ്നിപ്രവേശം ചെയ്തു മരിച്ചുകളഞ്ഞു എന്നും മററും വായിക്കുന്നു. കൃഷ്ണൻ മരിച്ചന്നു തന്നെ കലി ഭൂമിയിൽ ഇറങ്ങിവന്നു. സമുദ്രം പൊങ്ങി ദ്വാരകയെ വെള്ളംകൊണ്ടു മുക്കിക്കളഞ്ഞു. അൎജ്ജുനൻ കൃഷ്ണൻെറ ഭാൎയ്യമാരെ ആശ്വസിപ്പിച്ചുംകൊണ്ടു അവരോടു കൂടെ ഹസ്തിനാപുരത്തിലേക്കു പോകുമ്പോൾ, വഴിയിൽവെച്ചു കള്ളന്മാർ വന്നു അവൻെറ ധനത്തെയും പതിനാറായിരത്തെട്ടു ഗോപസ്ത്രീകളെയും കവൎന്നുകൊണ്ടു പോയി. അൎജ്ജുനന്നു യുദ്ധം ചെയ്വാൻ ശക്തിയില്ലായ്കയാൽ കൃഷ്ണനെ സ്മരിച്ചുകൊണ്ടിരുന്നു. എന്നിട്ടും അവന്നു ശക്തി ലഭിച്ചില്ല.

അവൻെറ ഉടലിനെ പിലാതനോടു ചോദിച്ചു വാങ്ങി യഹൂദമൎയ്യാദപ്രകാരം അതിനെ സുഗന്ധവൎഗ്ഗങ്ങളോടു കൂടി തുണികളാൽ ചുററി സ്വന്ത തോട്ടത്തിൽ വെട്ടിയുണ്ടാക്കിയ ഒരു പുതിയ കല്ലറയിൽ അടക്കം ചെയ്തു. പിന്നെ യഹൂദരുടെ പ്രമാണികൾ ആ കല്ലറയുടെ വാതുക്കൽ ഒരു വലിയ കല്ലു ഉരുട്ടിവെക്കുകയും, ആ കല്ലിന്നു മുദ്ര വെപ്പിക്കുകയും രോമപടയാളികളെ കാവൽ നിൎത്തുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ: "ഞാൻ മൂന്നാം നാൾ ജീവിച്ചെഴുനീല്ക്കും" എന്നു യേശു അവരോടു മുൻകൂട്ടി പറഞ്ഞിരുന്നു.

മൂന്നാം ദിവസം പ്രഭാതത്തിങ്കൽ ചില സ്ത്രീകൾ കല്ലറ കാണ്മാൻ ചെന്നു. അപ്പോൾ വലിയ ഭൂകമ്പം ഉണ്ടായി, കൎത്താവിൻെറ ദൂതൻ കല്ലറയുടെ വാതുക്കൽ നിന്നു കല്ലുരുട്ടിക്കളഞ്ഞിട്ടു അതിന്മേൽ ഇരുന്നിരുന്നു. കാവല്ക്കാരോ അവൻെറ തേജസ്സിനെ കണ്ടിട്ടു ഭയപ്പെട്ടു മരിച്ചവരെപ്പോലെ നിലത്തു വീണു. ആ ദൂതൻ സ്ത്രീകളോടു: "യേശു മരിച്ചവരിൽനിന്നു ഉയിൎത്തെഴുന്നീററിരിക്കുന്നു. ഇതാ അവൻ നിങ്ങൾക്കു മുമ്പെ ഗലീലക്കു പോകുന്നു അവിടെ നിങ്ങൾ അവനെ കാണും" എന്നു പറഞ്ഞു.

പിന്നെ അവൻെറ ശിഷ്യന്മാർ ഗലീലയിലേക്കു യേശു നിശ്ചയിച്ച പൎവ്വതത്തിലേക്കു ചെന്നപ്പോൾ യേശു അവൎക്കു പ്രത്യ

ഇപ്രകാരം അൎജ്ജുനൻ മാനഹീനനും ദരിദ്രനും ആയതല്ലാതെ അനേകം മനുഷ്യൎക്കും ചേതം വന്നു; അതുകൊണ്ടു ബഹു ദുഃഖിതനായി മധുരയിലേക്കു മടങ്ങി. അവിടെ വെച്ചു അവൻ യദുവംശക്കാരനായ വജ്രൻ എന്ന ഒരു രാജപുത്രനെ സിംഹാസനത്തിൽ വാഴിച്ചു താൻ സമീപമുള്ള ഒരു വനത്തിൽ പോയി വസിച്ചു. അവിടെ വെച്ചു വ്യാസമുനി ഇവനെ കണ്ടെത്തി അവന്റെ ദുഃഖം കണ്ടിട്ടു നീ ദുഃഖിച്ചിരിക്കുന്നതു എന്തു? എന്നു ചോദിച്ചു. അതിന്നു അൎജ്ജുനൻ വിവരമെല്ലാം പറഞ്ഞു കേൾപ്പിച്ചു. "കൃഷ്ണൻ ജീവിച്ചിരുന്ന കാലങ്ങളിലെല്ലാം എനിക്കു ബലം ഉണ്ടായിരുന്നു. അവന്റെ ബലംകൊണ്ടു ഞങ്ങൾ വളരെ പരാക്രമികളെ കൊന്നു കളഞ്ഞിരുന്നു എന്നാൽ ഇപ്പോൾ എന്റെ കാൎയ്യം എന്തു പറയേണ്ടു? വഴിയിൽ വെച്ചു ശൂദ്രപ്പിള്ളർ എന്നെ വടികൊണ്ടു തല്ലി എന്റെ സമ്പത്തെല്ലാം കൊള്ളയിട്ടു കൊണ്ടുപോയ്ക്കളഞ്ഞുവല്ലോ" എന്നു പറഞ്ഞു. അതിന്നു വ്യാസൻ പ്രത്യുത്തരമായി: "അല്ലയോ അൎജ്ജുനാ! നീ വ്യസനിക്കേണ്ട, കാലക്രമംകൊണ്ടു എല്ലാ വസ്തുക്കളും ഇപ്രകാരം തന്നെ രൂപാന്തരമായ്പ്പോകും. ഇന്നുള്ള സമസ്ത വസ്തുക്കളും കാലത്തിന്മേൽ സ്ഥാപിതമായവയാകുന്നു. ഭൂമിയെയും മനുഷ്യരെയും ദേവന്മാരെയും ഉണ്ടാക്കിയതു കാലം ആകുന്നു. നശിപ്പിക്കുന്നതും അതു

ക്ഷനായി. അവരോടു "സ്വൎഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു ഭൂലോകത്തിൽ ഒക്കെയും പോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിയും ഞാൻ നിങ്ങളോടു കല്പിച്ചവ ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ! ഇതാ ഞാൻ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു" എന്നു പറഞ്ഞു.

ഒരിക്കൽ യേശു യരുശലേമിന്നു സമീപം വെച്ചു ശിഷ്യൎക്കു പ്രത്യക്ഷനായി അവരോടു "നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ തന്നെ നിങ്ങളോടു ഞാൻ പറഞ്ഞ എന്റെ വാക്കുകൾ ഇവയാകുന്നു· മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകന്മാരിലും സങ്കീൎത്തനങ്ങളിലും എന്നെ കുറിച്ചു എഴുതിയതു ഒക്കെയും നിവൃത്തിയാകേണം എന്നു തന്നെ. അപ്പോൾ തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന്നായി അവൻ അവരുടെ ബുദ്ധിയെ തുറന്നു. പിന്നെ അവരോടു: ക്രിസ്തു കഷ്ടപ്പെടുകയും മൂന്നാം നാൾ മരിച്ചവരിൽനിന്നു ഉയിൎത്തെഴുന്നീല്ക്കയും, അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കപ്പെടുക

തന്നെ ആകുന്നു. കൃഷ്ണനും കാലവും ഒന്നുതന്നെ. ഇപ്പോൾ അവൻ മേൽ ലോകത്തിൽ പോയിരിക്കയാകുന്നു. ആകയാൽ അൎജ്ജുനാ ദുഃഖിക്കേണ്ട. കാലം അത്രെ മനുഷ്യനു ബലം കൊടുക്കുന്നതു. കാലം എന്നതു അനേകരൂപങ്ങളെ ധരിച്ചുകൊണ്ടു ഭൂമിയെ രക്ഷിക്കയും നശിപ്പിക്കയും ചെയ്യുന്നു. നിണക്കു ഭാഗ്യം വന്നപ്പോൾ ജനാൎദ്ദനൻ നിണക്കു അനുകൂലൻ ആയിരുന്നു. എന്നാൽ ഇപ്പോൾ ആ ഭാഗ്യം തീൎന്നുപോയതുകൊണ്ടു അവൻ നിന്റെ ശത്രുവിന്നു അനുകൂലനായിരിക്കുന്നു" എന്നു പറഞ്ഞു. (വി. പുരാ.).

ഇപ്രകാരം വ്യാസൻ അൎജ്ജുനനെ ആശ്വസിപ്പിച്ചു മടക്കി അയച്ചു. അതിന്റെ ശേഷം സഹോദരന്മാരായ ധൎമ്മപുത്രർ, ഭീമൻ, നകുലൻ, സഹദേവൻ എന്നവരുമായി രാജധാനിയാകുന്ന ഇന്ദ്രപ്രസ്ഥത്തെ വിട്ടു അരണ്യത്തിലേക്കു പോയ്ക്കളഞ്ഞു.

യും വേണം എന്നിപ്രകാരം എഴുതിയിരിക്കുന്നു. ഇവക്കു നിങ്ങൾ സാക്ഷികൾ ആകുന്നു. ഇതാ എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കുന്നു. എന്നാൽ നിങ്ങൾ ഉയരത്തിൽ നിന്നു ശക്തിധരിക്കുന്നതുവരെ പട്ടണത്തിൽ പാൎപ്പിൻ" എന്നു അവരോടു പറഞ്ഞു. പിന്നെ അവരെ ബെഥാന്യയോളം കൊണ്ടുപോയി, തന്റെ കൈകളെ ഉയൎത്തി അവരെ അനുഗ്രഹിച്ചു. അവൻ അവരെ അനുഗ്രഹിക്കുകയിൽ അവൻ അവരിൽ നിന്നു പിരിഞ്ഞു സ്വൎഗ്ഗത്തിലേക്കു എടുത്തുകൊള്ളപ്പെട്ടു. പിന്നെ അവർ അവനെ കുമ്പിട്ടു മഹാസന്തോഷത്തോടെ യരുശലേമിലേക്കു തിരിച്ചുപോന്നു.
(ലൂക്ക് 24, 44-52.)

കൃഷ്ണൻ ഇഹലോകത്തെ വിട്ടന്നു തന്നെ കലിലോകത്തിൽ വന്നു എന്നു വിഷ്ണുപുരാണത്തിൽ പറഞ്ഞിരിക്കുന്നു. ആകയാൽ കൃഷ്ണന്റെ ശേഷം ലോകത്തിൽ അധൎമ്മവും അഭക്തിയും ഉണ്ടായ്വരേണം എന്നുള്ള ഇച്ഛ ദൈവത്തിന്നു ഉണ്ടായിരുന്നു എന്നു ഹിന്ദുശാസ്ത്രത്തിൽനിന്നു കാണായ്വരുന്നു. എന്തുകൊണ്ടെന്നാൽ വിഷ്ണുപുരാണത്തിൽ കാണുന്ന കലിവൎണ്ണനയിൽനിന്നു അവൻ സൎവ്വ അധൎമ്മത്തിന്റെ ആധാരവും ഉറവിടവും ആകുന്നു എന്നു കാണുന്നു.

ക്രിസ്തനൊ: സ്വൎഗ്ഗാരോഹണമായി പോയ ശേഷം അമ്പതാം നാളാകുന്ന പെന്തെകൊസ്ത എന്ന പെരുന്നാളിൽ പരിശുദ്ധാത്മാവിനെ ശിഷ്യൎക്ക ഇറക്കി കൊടുത്തു. ക്രിസ്തുസഭയുടെ തൂണുകളെപോലെ ഇരിക്കുന്ന പന്ത്രണ്ടു അപോസ്തലന്മാരുടെ മേൽ പരിശുദ്ധാത്മാവു വന്നു വസിച്ചു (അപോ. ക്രി. 2. അ.) അവർ മുഖാന്തരം ലോകത്തിൽ ക്രിസ്തീയ മാൎഗ്ഗത്തെ പരത്തുവാൻ തുടങ്ങി. അന്നു തന്നെ മൂവ്വായിരം പേർ ക്രിസ്ത്യാനികളായ്തീൎന്നു ദൈവത്തെ മഹത്വപ്പെടുത്തി. അന്നു മുതൽ സത്യമാൎഗ്ഗത്തിൽ നടക്കുന്നവർ പെരുകിവന്നു. പിന്നെ കൎത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേൎത്തു കൊണ്ടിരുന്നു.

കൃഷ്ണൻ മരിച്ചശേഷം അൎജ്ജുനന്റെ ശക്തിതീരെ ക്ഷയിച്ചുപോയി. അവൻ കൃഷ്ണന്റെ നാമത്തെ സ്മരിച്ചിട്ടും അവനു ബലം കിട്ടിയില്ല. അവനെ ഊരിലെ പിള്ളർ കൊള്ളയിട്ടു നല്ലവണ്ണം താഡിച്ചു. ഒടുവിൽ അവൻ ദുഃഖിച്ചും കഷ്ടപ്പെട്ടും കൊണ്ടു വ്യാസന്റെ അടുക്കൽ ചെന്നു. എന്നാൽ ദുഃഖസാഗരത്തിൽ മുങ്ങിയ ഇവനെ വ്യാസൻ ആശ്വസിപ്പിപ്പാൻ നോക്കിയെങ്കിലും അവന്റെ തത്വജ്ഞാനത്തിന്നു അൎജ്ജുനന്റെ ദുഃഖത്തെ പരിഹരിപ്പാൻ കഴിഞ്ഞില്ല.

ക്രിസ്തൻ മരിച്ചുയിൎത്തശേഷം അവന്റെ ശിഷ്യന്മാർ ഏററം ശക്തന്മാരായ്തീൎന്നു. അവർ തങ്ങളുടെ എല്ലാ ഭയ സംശയങ്ങളെയും, അവിശ്വാസം അധൈൎയ്യം മുതലായവകളെയും ദൂരെ കളഞ്ഞു. യേശു

വിൻെറ പുനരുത്ഥാനത്തിന്നു സാക്ഷ്യം കൊടുത്തും, അവൻെറ നാമത്തിൽ പ്രസംഗിച്ചും കൊണ്ടു ഊർതോറും സഞ്ചരിപ്പാൻ തുടങ്ങി. അവർ അവൻെറ നാമത്തിൽ അനേകം അത്ഭുതങ്ങളെയും ചെയ്തു. അതു കൂടാതെ അവൻെറ നാമം നിമിത്തം ഏറിയ കഷ്ടങ്ങളെയും അനുഭവിച്ചു. അവർ രാജാക്കന്മാരുടെ മുമ്പാകെയും ജനക്കൂട്ടങ്ങളുടെ മുമ്പാകെയും നിന്നു വിസ്തരിക്കപ്പെട്ടുകയും, അപമാനം സഹിച്ചു, തടവിലാക്കപ്പെട്ടുകയും തോൽവാറുകൊണ്ടുള്ളതല്ലു ഏല്ക്കുകയും കല്ലേറു കൊള്ളുകയും കൊല്ലപ്പെട്ടുകയും ചെയ്തിരിക്കുന്നു. എന്നിട്ടും അവർ ഇതെല്ലാം സന്തോഷത്തോടെ സഹിച്ചിരിക്കുന്നു. പിന്നെത്തതിൽ ക്രിസ്തൻെറ മാൎഗ്ഗം ക്രമേണ അഭിവൃദ്ധിയായി ലോകത്തിലെങ്ങും പരക്കുകയും ചെയ്തു.

## VIII.
## കൃഷ്ണൻെറ ഉപദേശസംക്ഷേപം.

### 1. ദൈവത്തെ കുറിച്ചു:

ഒരിക്കൽ വൎഷകാലം കഴിഞ്ഞ ശേഷം ഗോപന്മാർ എല്ലാവരും കൂടി ഇന്ദ്രന്നു ഒരു യാഗം കഴിപ്പാൻ ഒരുമ്പെട്ടു. അപ്പോൾ കൃഷ്ണൻ, നിങ്ങൾ ഇത്ര വളരെ ആഘോഷത്തോടെ ഇന്ദ്രന്നു വേണ്ടി ഉത്സവം ആചരിക്കുന്നതു എന്തിന്നു? എന്നു അവരോടു ചോദിച്ചു. അതിന്നു നന്ദൻ: ഇന്ദ്രൻ വെള്ളങ്ങളുടെയും മേഘങ്ങളുടെയും രാജാവാകുന്നു. അവൻ മഴ പെയ്യിക്കുന്നതിനാൽ ഭൂമി നന

## VIII.
## ക്രിസ്തൻെറ ഉപദേശസംക്ഷേപം.

### 1. ദൈവത്തെ കുറിച്ചു:

യേശു ഒരിക്കൽ യഹൂദ്യയിൽനിന്നു ഗലീലയിലേക്കു പോകുമ്പോൾ ശമൎയ്യയിൽ കൂടി കടക്കേണ്ടിവന്നു. അപ്പോൾ അവൻ വഴിനടപ്പിനാൽ ക്ഷീണിച്ചു ഒരു കിണററിന്നരികെ ഇരുന്നിരുന്നു. അവിടെ ശമൎയ്യക്കാരിയായ ഒരു സ്ത്രീ വെള്ളം കോരുവാൻ വന്നു. യേശു അവളോടു; "എനിക്കു കുടിപ്പാൻ തരിക" എന്നു പറഞ്ഞു. അവൾ അവനോടു യഹൂദന്മാൎക്കു ശമൎയ്യരോടു

ഞ്ഞിട്ടു നമുക്കു ധാന്യം തരുന്നു. പിന്നെ ആ ധാന്യം കൊണ്ടാകുന്നു ശരീരികളായ നാം എല്ലാവരും ജീവിക്കുന്നതു. നാം ധാന്യത്താലും വെള്ളത്താലും ദേവന്മാരെ സന്തോഷിപ്പിക്കുന്നതുകൊണ്ടു നമ്മുടെ പശുക്കൾ പ്രസവിക്കുന്നു. ഇവയൊ പാൽ തരുന്നു. ജലദാതാവാകുന്ന ഇന്ദ്രൻ സൂൎയ്യരശ്മികളാൽ ഭൂമിയുടെ പാൽ കുടിച്ച ശേഷം മുഴുലോകപോഷണത്തിന്നായി വീണ്ടും അതിനെ ഭൂമിയിലേക്കു അയച്ചു തരുന്നു. ഇതു ഹേതുവായിട്ടു എല്ലാ ഭൂരാജാക്കന്മാരും വൎഷം കഴിഞ്ഞശേഷം ഇന്ദ്രന്നു ആഘോഷത്തോടെ യാഗം കഴിച്ചു വരുന്നു" എന്നു പറഞ്ഞു.

ഇതു കേട്ടിട്ടു കൃഷ്ണൻ നന്ദനോടു: നാം ഭൂമിയിൽ കൃഷിവ്യാപാരങ്ങൾ ചെയ്യുന്നവരല്ല. നമ്മുടെ വാസം വനങ്ങളിൽ ആകുന്നുവല്ലൊ. നമ്മുടെ ദേവത പശു അത്രെ. നാം ഉപജീവിക്കുന്നതു പശുക്കളെ കൊണ്ടല്ലയൊ? ഏതുകൊണ്ടു ഒരുവൻ ജീവിക്കുന്നുവൊ അതു തന്നെ അവന്റെ ദൈവം. അവൻ അതിനെയാകുന്നു പൂജിക്കേണ്ടതു. അതിൽ നിന്നല്ലൊ അവന്നു മംഗല്യംഭവിക്കുന്നതു. ഈ പൎവ്വതത്തിൽ നാനാ ദേവതകൾ പലവിധ രൂപം ധരിച്ചും കൊണ്ടു യഥേഷ്ടം ഈ വനത്തിൽ സഞ്ചരിക്കുന്നുണ്ടു. ഈ വനങ്ങളിൽ വസിക്കുന്ന നിവാസികളോടു അവൎക്കു കോപം ഉണ്ടാകുമ്പോൾ,

പെരുമാററം ഇല്ലായ്കയാൽ, "യഹൂദനായ നീ ശമൎയ്യക്കാരിയായ എന്നോടു, കുടിപ്പാൻ ചോദിക്കുന്നതു എന്തു?" എന്നു പറഞ്ഞു. യേശു ഉത്തരമായി അവളോടു: നീ ദൈവത്തിന്റെ ദാനത്തെയും നിന്നോടു കുടിപ്പാൻ തരിക എന്നു ചോദിക്കുന്നവൻ ഇന്നവൻ എന്നതിനെയും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കയും, അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു. സ്ത്രീ അവനോടു പറയുന്നു: "കൎത്താവെ നിനക്കു പാള ഇല്ല കിണറും ആഴമുള്ളതല്ലൊ പിന്നെ ജീവനുള്ള വെള്ളം നിനക്കു എവിടെനിന്നുള്ളു?" എന്നു പറഞ്ഞതിന്നു യേശു, അവളോടു: "ഈ വെള്ളത്തിൽനിന്നു കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും; ഞാൻ കൊടുക്കുന്ന വെള്ളത്തിൽനിന്നു, ആരെങ്കിലും, കുടിച്ചാലൊ എന്നേക്കും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന വെള്ളത്തിന്റെ ഉറവായ്തീരും" എന്നു പറഞ്ഞു. സ്ത്രീ അവനോടു "കൎത്താവെ! എനിക്കു ദാഹിക്കയും ഞാൻ ഇവിടെ കോരുവാൻ വരികയും ചെയ്യാതിരിപ്പാൻ ആ വെള്ളം എനിക്കു തരിക" എന്നു പറഞ്ഞു. അപ്പോൾ യേശു അവളോടു "പോയി നിന്റെ ഭൎത്താവിനെ ഇങ്ങു വിളിച്ചുകൊണ്ടു വരിക" എന്നു പറഞ്ഞു. എനിക്കു ഭൎത്താവില്ല എ

അവ സിംഹാദി ദുഷ്ടജന്തുക്കളു
ടെ രൂപം ധരിച്ചു അവരെ നശി
പ്പിക്കും. ആകയാൽ പൎവ്വതത്തെ
പൂജിച്ചു അതിന്നു യാഗം കഴിക്ക
കയാകുന്നു യോഗ്യത. ഇന്ദ്രനെ
നാം സേവിക്കുന്നതു എന്തിന്നു?
പശുക്കളും പൎവ്വതവും അത്രെ
നമ്മുടെ ദൈവം. ബ്രാഹ്മണർ
പ്രാൎത്ഥനയെ ഭജിക്കുന്നു. കൃഷി
ക്കാർ തങ്ങളുടെ വിളയെയും ന
രിമുതലായവയുടെ ചിഹ്നങ്ങളെ
യും പൂജിക്കുന്നു. അങ്ങിനെയാ
യാൽ വനങ്ങളിലും പൎവ്വതങ്ങളി
ലും പശുക്കളെ മേയ്ക്കുന്നവരായ
നാം പൎവ്വതത്തെയും പശുക്കളെ
യും പൂജിക്കേണ്ടതു ന്യായമല്ല
യൊ? എന്നു പറഞ്ഞു.

നന്ദനും, ശേഷം ഗോപന്മാ
രും കൃഷ്ണന്റെ ഈ പ്രസംഗം
കേട്ടിട്ടു, അവനോടു "നീ പറ
ഞ്ഞതു കാൎയ്യം തന്നെ. അതുകൊ
ണ്ടു നിന്റെ വാക്കുപോലെ ഞ
ങ്ങളും ചെയ്യാം" എന്നു പറഞ്ഞു.
ഗോപന്മാരെല്ലാവരും പൎവ്വത
ത്തെ പൂജിച്ചു. അതിന്നു പാലും
വെണ്ണയും മാംസവും മററും അ
ൎപ്പിച്ചു. അപ്പോൾ മായയുള്ള കൃ
ഷ്ണൻ ഗോവൎദ്ധനം എന്ന പൎവ്വത
ത്തിന്മേൽ കയറി ഞാൻ തന്നെ
ആ പൎവ്വതമാകുന്നു എന്നു ചൊല്ലി
ക്കൊണ്ടു അതിന്നു അൎപ്പിച്ചിരുന്ന
എല്ലാമാംസത്തെയും തിന്നു കള
ഞ്ഞു; "മാംസഞ്ചമായക കൃഷ്ണോ
ഗിരിംഭൂത്വാ സമശ്നുതെ" ഒടു
വിൽതന്റെ സ്വന്തരൂപത്തോടു
കൂടെ എല്ലാ ഗോപന്മാരുമായി

നു സ്ത്രീ പറഞ്ഞാറെ, യേശു:
"എനിക്കു ഭൎത്താവില്ല എന്നു നീ
പറഞ്ഞതു നന്നു. എന്തെന്നാൽ
നിനക്കു അഞ്ചു ഭൎത്താക്കന്മാർ
ഉണ്ടായിരുന്നു; ഇപ്പോൾ ഉള്ള
വൻ നിന്റെ ഭൎത്താവു അല്ല;
ഇതു നീ പറഞ്ഞതു സത്യം ത
ന്നെ" എന്നു പറഞ്ഞു. സ്ത്രീ അ
വനോടു "കൎത്താവെ! നീ ഒരു
പ്രവാചകൻ എന്നു ഞാൻ കാ
ണുന്നു. ഞങ്ങളുടെ പിതാക്കന്മാർ
ഈ മലയിൽ കുമ്പിട്ടുവന്നു; കു
മ്പിടേണ്ടുന്നസ്ഥലം യരുശലേ
മിൽ ആകുന്നു എന്നു നിങ്ങൾ
ചൊല്ലുന്നു". എന്നു പറഞ്ഞാറെ,
യേശു അവളോടു പറയുന്നതു:
"സ്ത്രീയെ എന്നെ വിശ്വസിക്ക,
നിങ്ങൾ പിതാവിനെ കുമ്പിടു
ന്നതു ഈ മലമേൽ എന്നില്ല യരു
ശലേമിൽ എന്നും ഇല്ല എന്നുള്ള
കാലം വരുന്നു; നിങ്ങൾ അറിയാ
ത്തതിനെ കുമ്പിടുന്നു, ഞങ്ങളൊ
അറിയുന്നതിനെ കുമ്പിടുന്നു.
രക്ഷ യഹൂദരിൽ നിന്നാകുന്നു
വല്ലൊ. എങ്കിലും സത്യനമസ്കാ
രികൾ പിതാവിനെ ആത്മാവി
ലും സത്യത്തിലും കുമ്പിടുന്നനാഴി
ക വരുന്നു. ഇപ്പോൾ തന്നെ
യും ആകുന്നു. തന്നെ നമസ്കരി
ക്കുന്നവരായിട്ടു ഇങ്ങിനെത്തവ
രെയല്ലൊ പിതാവു അന്വേഷി
ക്കുന്നു. ദൈവം ആത്മാവാകുന്നു
അവനെ കുമ്പിടുന്നവർ ആത്മാ
വിലും സത്യത്തിലും കുമ്പിടുകയും
വേണം". സ്ത്രീ അവനോടു:
"ക്രിസ്തു എന്നു പറയുന്ന മശീഹ
വരുന്നു എന്നു ഞാൻ അറിയുന്നു

പൎവ്വതത്തിലേക്കു കയറി അതിനെ പൂജിച്ചു.

## 2. മനുഷ്യനെ കുറിച്ചു:

കൃഷ്ണൻ കംസനെ കൊന്നതിൽ പിന്നെ, അവന്റെ ഭാൎയ്യമാർ ദുഃഖിച്ചിരിക്കയിൽ, കൃഷ്ണൻ അവരോടു: "നിങ്ങൾ ദുഃഖിക്കാതെ എന്റെ അമ്മോമന്റെ ഉത്തരക്രിയയെ ചെയ്തു കൊൾവിൻ! ഒരു മനുഷ്യൻ എന്നും ജീവിച്ചിരിക്കയില്ലല്ലൊ. ഒരുവൻ അന്യനെ കുറിച്ചു അവൻ എന്റെ സംബന്ധിയാകുന്നു എന്നു പറയുന്നതു വെറും ഭ്രാന്തത്രെ. അപ്പൻ, അമ്മ, മക്കൾ, ബന്ധുമിത്രങ്ങൾ മുതലായവർ എത്രത്തോളം തങ്ങളുടെ ആപ്തന്മാർ കൂടെയിരിക്കുന്നുവൊ അത്രത്തോളം മാത്രം അവനോടു സഹവാസം ചെയ്തു സുഖം അനുഭവിക്കേണം" എന്നു പറഞ്ഞു. പിന്നെ കൃഷ്ണൻ ത

ആയവൻ വരുമ്പോൾ ഞങ്ങളോടു സകലവും അറിയിക്കും" എന്നു പറഞ്ഞു. യേശു അവളോടു: നിന്നോടു സംസാരിക്കുന്ന ഞാൻ അവൻ ആകുന്നു എന്നു പറഞ്ഞു. അനന്തരം സ്ത്രീ തന്റെ പാത്രം വെച്ചിട്ടു നഗരത്തിൽ ചെന്നു ആ മനുഷ്യരോടു പറഞ്ഞു അവരെ കൂട്ടിക്കൊണ്ടു വന്നു. പിന്നെ അവരും യേശുവിന്റെ വചനങ്ങളെ കേട്ടിട്ടു വിസ്മയിച്ചു അവനിൽ വിശ്വസിക്കുകയും "ഇവൻ ലോകരക്ഷിതാവാകുന്ന ക്രിസ്തു ആകുന്നു എന്നു ഞങ്ങൾ അറിഞ്ഞിരിക്കുന്നു" എന്നു സാക്ഷ്യം ചൊല്ലുകയും ചെയ്തു. (യോഹ. 4, 3-42.)

## 2. മനുഷ്യനെ കുറിച്ചു.

ക്രിസ്തുവിന്നു ലാജർ എന്നു പേരായ ഒരു സ്നേഹിതൻ ഉണ്ടായിരുന്നു. അവൻ മരിച്ചാറെ അവന്റെ സഹോദരിമാരെ കാണ്മാൻ പോയി. അപ്പോൾ ആ സഹോദരിമാരിൽ ഒരുത്തി "കൎത്താവെ! നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു" എന്നു പറഞ്ഞു. യേശു അവളോടു: "നിന്റെ സഹോദരൻ ഉയിൎത്തെഴുന്നീല്ക്കും എന്തുകൊണ്ടെന്നാൽ ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എങ്കൽ വിശ്വസിക്കുന്നവൻ ആരും ഒരിക്കലും മരിക്കയില്ല.

| | |
|---|---|
| ന്റെ അമ്മോമന്റെ ചിതക്കു കൊള്ളി വെച്ചു. | ഇതു നീ വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വത്തെ കാണും" എന്നു പറഞ്ഞു. എന്നിട്ടു മരിച്ചു നാലുനാൾ കഴിഞ്ഞിട്ടുള്ളതും കല്ലറയിൽ അടക്കപ്പെട്ടതുമായ ശവത്തെ അനേകരുടെ മുമ്പാകെ ഉയിൎപ്പിച്ചു. |

ദൈവത്തെയും മനുഷ്യനെയും കുറിച്ചു കൃഷ്ണൻ ഉപദേശിച്ചതു എന്തു എന്നും ക്രിസ്തു ഉപദേശിച്ചതു എന്തു എന്നും ഗ്രഹിപ്പാനായിട്ടു ഇപ്പോൾ ഓരോ ദൃഷ്ടാന്തം വായിച്ചുവല്ലോ. ദൈവത്തെ കുറിച്ചുള്ള കൃഷ്ണന്റെ ബോധം എന്തായിരുന്നു എന്നു ആദ്യത്തെ ദൃഷ്ടാന്തത്തിൽ നിന്നു തന്നെ തെളിയും. അവൻ വയറു നിറക്കുന്ന സാധനം ഏതൊ അതു തന്നെ ദൈവം എന്നു പഠിപ്പിക്കയും അതിനെ പൂജിപ്പാൻ ഉപദേശിക്കയും ചെയ്തിരിക്കുന്നു. ആകയാൽ ഈ നാട്ടിലെ അവന്റെ ഭക്തന്മാർ തങ്ങളുടെ വയറിനെ ദൈവമാക്കി പൂജിക്കുന്നതിൽ ആശ്ചൎയ്യപ്പെടുവാൻ ഇല്ലല്ലോ. കൃഷ്ണന്റെ കാലത്തിൽ ജനങ്ങൾക്കു ദൈവത്തെ കുറിച്ചുള്ള ജ്ഞാനം ലേശം ഉണ്ടായിരുന്നില്ല എന്നു ആ ദൃഷ്ടാന്തത്താൽ തെളിയുന്നു. ധൎമ്മത്തെ സ്ഥാപിപ്പാൻ അവതരിച്ചുവന്നു എന്നു പറയുന്ന കൃഷ്ണനും ഉപദേശിച്ചതു മേല്പറഞ്ഞതു മാത്രമല്ലയൊ?

കൃഷ്ണൻ മരിച്ചു ചില നൂററാണ്ടുകൾ കഴിഞ്ഞശേഷം ബ്രാഹ്മണർ ഭഗവൽഗീതയെ രചിച്ചിട്ടു അതു കൃഷ്ണൻ പറഞ്ഞതാകുന്നു എന്നു പറഞ്ഞുവരുന്നു. എന്നാൽ കൃഷ്ണൻ അതിലെ തത്വജ്ഞാനങ്ങളെയും

സിദ്ധാന്തങ്ങളെയും അശേഷം അറിഞ്ഞവനല്ല. അവൻ കാട്ടുവാസികൾക്കു തുല്യനായി വനം, പൎവ്വതം മുതലായവയെ പൂജിച്ചുവന്നതെയുള്ളു. ആകാശത്തിലെ നിൎമ്മാണ വസ്തുക്കളെ ആരാധിച്ചുവന്നിരുന്ന ജനങ്ങളെ, ഭൂമിയിലെ നിൎമ്മാണവസ്തുക്കളെ ആരാധിപ്പാൻ പഠിപ്പിച്ചതു തന്നെ കൃഷ്ണൻ സ്ഥാപിച്ച ധൎമ്മം. അവൻ സൃഷ്ടികളിൽ നിന്നു സ്രഷ്ടാവിങ്കലേക്കു അവരുടെ മനസ്സിനെ തിരിച്ചില്ല.

ഇനി ക്രിസ്തുകൊടുത്ത ഉപദേശത്തെ കുറിച്ച് അല്പം ശ്രദ്ധയോടെ ആലോചിപ്പിൻ. അവൻ ആ സ്ത്രീയോടു കഴിച്ച സംഭാഷണത്തിൽനിന്നു ധൎമ്മസംബന്ധമായ ഉത്തമ സിദ്ധാന്തം കണ്ടുവരുന്നു. അവൻ ഉപദേശിച്ചതു ഇപ്രകാരം ആകുന്നു: ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കേണം. ദൈവം മനുഷ്യനു കൊടുക്കുന്ന ദാനം അമൂല്യമായതാകുന്നു. ഉറവിൽ നിന്നു ഒഴുകുന്ന വെള്ളം പോലെ അതു വിശ്വാസികളുടെ ഉള്ളിൽ ഇരിക്കും. അതു അക്ഷയമായ നിത്യജീവൻ തന്നെ. ദൈവം തന്റെ ഭക്തരെ സ്നേഹിക്കുന്നു എന്നിത്യാദിയത്രെ അവൻ ഉപദേശിച്ചതു. എന്നാൽ കൃഷ്ണനൊ, ഈ ദേവന്മാരെ നാം ഭജിക്കാതിരുന്നാൽ അവർ നമ്മെ സംഹരിച്ചുകളയും എന്നു പറഞ്ഞു ഭയത്തിൽനിന്നു ജനിക്കുന്ന ഭക്തിയെ അത്രെ ജനങ്ങളുടെ മനസ്സിൽ ഉദിപ്പിച്ചതു. ഒരുവൻ തന്റെ കുല ദൈവത്തെ വിട്ടു അന്യരുടെ ദേവതയെ സേവിച്ചാൽ ആ ദേവതയിൽനിന്നു അവന്റെ ഭക്തക്കു കിട്ടുവാനുള്ള ദാനത്തെ അ

പഹരിക്കുകയത്രെ ചെയ്യുന്നതു. ആകയാൽ അന്യന്നു നഷ്ടംവരാതിരിപ്പാന്തക്കവണ്ണം തന്റെ ദേവതയെ വിട്ടു അന്യന്റെ ദേവതയെ ഭജിക്കരുതു എന്നു കൃഷ്ണൻ ഗോപന്മാൎക്കു ഉപദേശിച്ചിരിക്കുന്നു.

കൃഷ്ണൻ തന്റെ നിജരൂപത്തെ മറച്ചു വെച്ചും കൊണ്ടു ജനങ്ങളെ ഭ്രമിപ്പിച്ചു എന്നു പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ക്രിസ്തനോ തക്ക സമയത്തു തന്നെ തന്നെ സ്പഷ്ടമായിവെളിപ്പെടുത്തി കൊടുത്തിരിക്കുന്നു. താൻ ക്രിസ്തുവാകുന്ന മശീഹയാകുന്നു എന്നു തിട്ടമായി പറഞ്ഞിരിക്കുന്നു. മേല്പറഞ്ഞ ദൃഷ്ടാന്തത്തിൽ പറഞ്ഞ ആ സ്ത്രീക്കു ദിവ്യജ്ഞാനം ഉപദേശിച്ചു അവളുടെ അജ്ഞാനം എന്ന അന്ധകാരത്തെ അകററിക്കളഞ്ഞിരിക്കുന്നു. അവൾ മുമ്പെ പാപ കൎമ്മങ്ങളാൽ നിറഞ്ഞവൾ ആയിരുന്നു. യേശുവിന്റെ മൊഴികളെ കേട്ട ശേഷം, പാപത്തെ ചൊല്ലി അവൾ ദുഃഖിച്ചു മാനസാന്തരപ്പെട്ടു ആത്മരക്ഷയുടെ മേൽ ദാഹമുള്ളവളായ്തീൎന്നു. രക്ഷിതാവാകുന്ന യേശുക്രിസ്തൻ അവൾക്കു തന്നെത്താൻ വെളിപ്പെടുത്തിയതിനാൽ അവൾക്കും അവളുടെ ഗ്രാമക്കാരായ അനേകൎക്കും രക്ഷവന്നു.

കൃഷ്ണൻ, മനുഷ്യനെ സംബന്ധിച്ചു, ഉപദേശിച്ച ബോധന അവന്റെ ദൈവജ്ഞാനത്തിന്നു ഇണങ്ങിയതായിരുന്നു. മനുഷ്യന്നു, അവന്റെ ദുഃഖ മരണാദികളുടെ സമയത്തിൽ, നിത്യജീവന്റെ പ്രത്യാശയെ കാണിച്ചു അവന്നു സമാധാനം കൊടുപ്പാൻ വഹിയാത്ത ഒരു ഉപദേശം കൊണ്ടു മനുഷ്യൎക്കു പ്രയോജനം എന്തു? കൃഷ്ണൻ, ദുഃഖിക്കുന്ന കംസന്റെ ഭാൎയ്യ

മാൎക്കു കൊടുത്ത ഉപദേശം ഇപ്രകാരമുള്ളതായിരുന്നു.

ക്രിസ്തുവിന്റെ ഉപദേശം ഇപ്രകാരമുള്ളതല്ല. അവൻ ദുഃഖിതയായ ആ സ്ത്രീയോടു, "നിന്റെ സഹോദരൻ ഉയിൎത്തെഴുനീല്ക്കും" എന്നു പറഞ്ഞു. ഈ വാക്കുകൊണ്ടു, എല്ലാമനുഷ്യരും ഒടുക്കത്തെ ന്യായവിധി ദിവസത്തിൽ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീല്ക്കും എന്നും നിന്റെ സഹോദരനെ, ഇപ്പോൾ തന്നെ ഉയിൎപ്പിപ്പാൻ ഞാൻ ശക്തനാകുന്നു എന്നും ഉള്ള, രണ്ടു സംഗതികളെ സൂചിപ്പിച്ചു. പിന്നെ തന്റെ ശക്തിയെ വെളിപ്പെടുത്തി, മരിച്ചവനെ ഉയിൎപ്പിക്കയും ചെയ്തു. അതുകൊണ്ടു തന്റെ ധൎമ്മം മരണ നാഴികയിലും കൂടെ, മനുഷ്യന്നു പ്രത്യാശയെയും, സമാധാനത്തെയും കൊടുക്കുന്നതാകുന്നു എന്നു വിളങ്ങിച്ചു. ഒരുവൻ ഉള്ളവണ്ണം, കൎത്താവായ യേശുവിൽ വിശ്വസിച്ചു, സത്യമാൎഗ്ഗത്തിൽ നടന്നാൽ, അവൻ മരണത്തെ ഭയപ്പെടാതെ ധൈൎയ്യത്തോടെ, "ഹേ, മരണമേ! നിൻ വിഷമുൾ എവിടെ? പാതാളമേ! നിന്റെ ജയം എവിടെ?" എന്നു വീരവാദം ചെയ്വാൻ ശക്തനായ്തീരും. എന്തുകൊണ്ടെന്നാൽ, യേശുക്രിസ്തുവിൽ വിശ്വസിക്കാതെ, പാപങ്ങളിൽ തന്നെ മരിക്കുന്നവൎക്കു ഉണ്ടാകുന്ന നരകഭയം അവൎക്കുണ്ടാകയില്ല. വിശ്വാസികൾ ഈ ശരീരത്തിൽ നിന്നു പിരിഞ്ഞ ഉടനെ, സകല കഷ്ടങ്ങളിൽനിന്നും ഒഴിഞ്ഞു വിശ്രമിക്കുന്നു. അവർ ജീവങ്കലേക്കു ചെല്ലുന്ന വഴിയിൽ നടന്നതുകൊണ്ടു, അന്ത്യന്യായവിധി ദിവസത്തിൽ തേജസ്സുള്ള ശരീരത്തോടു കൂടെ, സന്തോ

ഷത്തോടെ നിത്യവും ദൈവത്തെ സേവിപ്പാന്തക്ക വണ്ണം ഉയിൎത്തെഴുനീല്ക്കും. വായനക്കാരായ ബുദ്ധിമത്തുകൾ കൃഷ്ണന്റെയും ക്രിസ്തന്റെയും വാക്കുകളിൽനിന്നു, സത്യോപദേശവും നിത്യജീവന്റെ മൊഴികളും, ആരുടെ വകൽ ആകുന്നു ഉള്ളതെന്നു കണ്ടുപിടിച്ചു അതിന്നനുസാരമായി ജീവിച്ചു, ആത്മരക്ഷ പ്രാപിച്ചുകൊള്ളേണം. എന്തുകൊണ്ടെന്നാൽ: "ഒരു മനുഷ്യൻ സൎവ്വലോകം നേടിയാലും തന്റെ ആത്മാവിന്നു നഷ്ടം വന്നാൽ അവന്നു എന്തു പ്രയോജനം"?

## IX.

### കൃഷ്ണന്റെ നാമങ്ങൾ.

1. വിഷ്ണുവിന്റെ നാമങ്ങൾ കൃഷ്ണന്നു കൊടുക്കപ്പെട്ടിരിക്കുന്നു. ഏവയെന്നാൽ:

പുരുഷോത്തമൻ (പുരുഷന്മാരിൽവെച്ചു ഉത്തമൻ).

ചതുൎഭുജൻ (നാലു കൈകൾ ഉള്ളവൻ).

ഹരി (ഹരണം ചെയ്യുന്നവൻ).

ഗരുഡധ്വജൻ (ഗരുഡൻ കൊടിക്കൂറയായിട്ടുള്ളവൻ).

2. കൃഷ്ണന്റെ വംശസൂചക നാമം:

യാദവൻ, യദുനാഥൻ.

3. മാതാപിതാക്കന്മാരെ സംബന്ധിച്ചുള്ള നാമങ്ങൾ:

## IX.

### ക്രിസ്തന്റെ നാമങ്ങൾ.

1. സത്യവേദത്തിൽ ക്രിസ്തുന്നു ദൈവനാമങ്ങൾ കൊടുക്കപ്പെട്ടിരിക്കുന്നു. ഏവയെന്നാൽ:

യഹോവ. നിത്യപിതാവു. ദൈവം ആയിരിക്കുന്നവൻ.

2. ക്രിസ്തന്റെ ദിവ്യസ്വഭാവസൂചകമായ നാമങ്ങൾ:

യഹോവയുടെ ദൂതൻ. അതിശയമുള്ളവൻ. അനാദിയായവൻ. വചനം. ജ്ഞാനം. ആലോചനക്കാരൻ. ദൈവപുത്രൻ. ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ).

3. ക്രിസ്തന്റെ അവതാര

വാസുദേവൻ. ദേവകീനന്ദനൻ. നന്ദനന്ദനൻ.

4. കുട്ടിക്കാലത്തിലെ ക്രിയകളിൽനിന്നുളവായ പേരുകൾ.

പൂതനാരി (പൂതനയുടെ ശത്രു). ദാമോദരൻ (കയർകൊണ്ടു കെട്ടപ്പെട്ടവൻ). മല്ലാൎജ്ജുനൻ (വൃന്ദാവനത്തിൽവെച്ചു ഈ പേരുള്ള വൃക്ഷത്തെ നശിപ്പിച്ചതുകൊണ്ടു). ഗോപാലൻ (പശുക്കളെ മേയ്ക്കുന്നവൻ). ഗോവൎദ്ധനധാരി (ഗോവൎദ്ധനം എന്ന പൎവ്വതത്തെ എടുത്തവൻ). രാധാകാന്തൻ. രാധാവല്ലഭൻ . . . ഇത്യാദി.

5. അവന്റെ രൂപത്തിൽനിന്നു:

ഘനനീലൻ (കാൎവ്വൎണ്ണമുള്ളവൻ). കൃഷ്ണൻ (കറുത്തവൻ).

6. അവന്റെ വേഷത്തിൽനിന്നു:

പീതാംബരധാരി (പീതവൎണ്ണമുള്ള വസ്ത്രം ധരിക്കുന്നവൻ).

വനമാലീ (കാട്ടിലെ പൂക്കളെ മാലയായി ധരിക്കുന്നവൻ).

കിരീടീ (കിരീടം ധരിക്കുന്നവൻ).

7. അവന്റെ ഭാൎയ്യമാരിൽനിന്നു:

രുഗ്മിണീവരൻ. ജാംബവതീപതി.

ത്തെയും താഴ്ചയെയും സൂചിപ്പിക്കുന്നവ:

യേശു. മനുഷ്യന്റെ പുത്രൻ. ഖേദങ്ങളുള്ള മനുഷ്യൻ.

4. ഗോത്രനാമം:

ദാവീദിന്റെ മകൻ.

5. ഉദ്യോഗാധികാരസൂചകങ്ങളായ ക്രിസ്തുനാമങ്ങൾ:

ക്രിസ്തു. ദൈവത്തിന്റെ കുഞ്ഞാടു. രക്ഷിതാവു. മദ്ധ്യസ്ഥൻ. കൎത്താവു. മശീഹ. വഴി. വാതിൽ. പ്രവാചകൻ. മഹാ പുരോഹിതൻ. രാജാവു.

6. അവതാരം എടുത്തതിനാലും മദ്ധ്യസ്ഥനാകയാലും ക്രിസ്തുന്നു ദൈവത്തോടുള്ള സംബന്ധത്തെ കുറിക്കുന്ന നാമങ്ങൾ:

ദൈവം തെരിഞ്ഞെടുത്തവൻ. യഹോവാദാസൻ. പ്രിയൻ. സ്ത്രീയുടെ സന്തതി.

7. അവനിൽനിന്നു ലഭിക്കുന്ന അനുഗ്രഹവരങ്ങളെ സൂചിപ്പിക്കുന്ന നാമങ്ങൾ:

രണ്ടാമത്തെ ആദാം. ജാതികളുടെ നിയമം. നിയമത്തിന്റെ

8. ആയുധങ്ങളിൽനിന്നു:

ചക്രപാണി (കൈയിൽ ചക്രം ഉള്ളവൻ).

ശംഖീ (ശംഖുള്ളവൻ). പാഞ്ചജന്യധരൻ.

9. അവൻ കൊന്ന ദൈത്യന്മാരിൽനിന്നു:

കംസാരി. മുരാരി. യവനാരി. നരകജിൽ.

10. രാജ്യസൂചകനാമങ്ങൾ:

മധുരേശൻ. ദ്വാരകനാഥൻ.

11. ജനങ്ങൾ ഭജിപ്പാൻ തുടങ്ങിയതുകൊണ്ടു:

ജനാൎദ്ദനൻ. അച്യുതൻ.

കൎത്താവു. പ്രത്യാശ. ജീവൻ. നിത്യജീവൻ. ജീവിപ്പിക്കുന്ന ആത്മാവു. ജീവൻെറ അപ്പം. ജീവവൃക്ഷം. വെളിച്ചം. നീതിസൂൎയ്യൻ. വിശ്വാസത്തിൻെറ ആരംഭം. തികവു വരുത്തുന്നവൻ. നീതീകരിക്കുന്ന കൎത്താവു. സമാധാനം. സമാധാനത്തിൻെറ പ്രഭു. അടിസ്ഥാനം. മൂലക്കല്ലു. നിത്യപാറ. ആശ്രയം. കോട്ട രക്ഷാനായകൻ.

8. തൻെറ ഭക്തരോടുള്ള സംബന്ധത്തെ കുറിക്കുന്ന നാമങ്ങൾ:

ഇടയൻ. വൈദ്യൻ. സ്നേഹിതൻ. മണവാളൻ. ഭൎത്താവു. തല. പുനരുത്ഥാനം. അഗ്രഗാമി (മുമ്പെ പോയവൻ).

9. തൻെറ എതിരാളികൾക്കു മേലാൽ എങ്ങിനെത്തവനായിരിക്കും എന്നു കാണിക്കുന്ന നാമങ്ങൾ:

യഹൂദാഗോത്രത്തിലെ സിംഹം. നീതിയുള്ള ന്യായാധിപതി. മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും ന്യായം വിധിക്കുന്നവൻ.

കൃഷ്ണൻെറയും ക്രിസ്തൻെറയും മേല്പറഞ്ഞ നാമങ്ങളിൽനിന്നു പല അൎത്ഥങ്ങൾ ജനിക്കുന്നതു കൂടാതെ പല സംഗതികളും അതിൽനിന്നു അറിയാസ്സുരുന്നുണ്ടു എന്നതു പരമാൎത്ഥം തന്നെ. എന്നാൽ കുലം, ഗോത്രം, മാതാപിതാക്കന്മാർ, വസ്ത്രാലംകാരം, രൂപം, വേഷം, ശൌൎയ്യപരാക്രമങ്ങൾ മുതലായവകളാൽ ഉളവായിവന്ന നാമങ്ങൾ അവതാരലക്ഷണസൂചക

ങ്ങളല്ല. ഇപ്രകാരമുള്ള പേരുകൾ വേറെയും പല
ക്കും ഇടാമല്ലൊ. നാം മീതെ കാണിച്ച കൃഷ്ണന്റെ
നാമാവലി മിക്കവാറും ഇപ്രകാരമുള്ളവയാകുന്നു.
അവയിൽ യാതൊരു വിശേഷതയും കാണ്മാൻ ഇല്ല.
അവയെ സ്മരിക്കുന്നതിനാൽ പാപിയായ മനുഷ്യന്നു
യാതൊരു പ്രയോജനവും ഇല്ല. വൈഷ്ണവർ കൃഷ്ണ
ന്നു കൊടുത്ത വിഷ്ണുവിന്റെ നാമങ്ങളാൽ പോലും
ദൈവഗുണങ്ങൾ ഒട്ടും വിളങ്ങുന്നില്ല. നിരാകാരനാ
യ ദൈവത്തിന്നു ചതുർഭുജങ്ങൾ ഉണ്ടു എന്നും അവൻ
ഒരു ഗരുഡന്റെ പുറത്തു കുത്തിരിക്കുന്നു എന്നും മറ്റും
പറയുന്നതിനാൽ ദൈവത്തെ അപമാനിക്കുകയല്ല
യോ ചെയ്യുന്നതു. ജനാൎദ്ദനൻ, അച്യുതൻ എന്നിത്യാ
ദി പേരുകൾ കൃഷ്ണന്നു വിളിച്ചെങ്കിലും ഈ പേരുകൾ
അവന്നു ലേശം പോലും കൊള്ളുന്നില്ല എന്നു അവ
ന്റെ ചരിത്രം വായിക്കുന്നവർ സമ്മതിക്കേണ്ടിവരും.
കൃഷ്ണന്റെ ഭക്തന്മാർ സാധാരണയായി സ്നേഹിക്കു
ന്നതും സ്മരിക്കുന്നതും ആയ പേരുകൾ; ഗോപാല
കൃഷ്ണൻ, രാധാകാന്തൻ, ഗോപീനാഥൻ, രാധാകൃ
ഷ്ണൻ എന്നിത്യാദിയാകുന്നു. ഈ നാമങ്ങളാൽ കൃഷ്ണ
നെ സ്മരിക്കുന്നവൎക്കു അവൻ പശുക്കളെ മേച്ചവനും
രാധയുടെ പ്രിയനും, ഗോപികളുടെ നാഥനും ആ
യിരുന്നു എന്നല്ലാതെ മറ്റൊരു ബോധവും ഉദിച്ചു
വരുവാൻ സംഗതിയില്ല; വരികയുമില്ല. ദാമോദരൻ
എന്ന നാമത്തിൽനിന്നു എന്തൊരു ദിവ്യഗുണമാകു
ന്നു വിളങ്ങിവരുന്നതു എന്നു ഓൎത്തുനോക്കുവിൻ! ചെ
റുപ്പത്തിലെ ദുശ്ശീലം നിമിത്തം അമ്മ അവനെ കയ
റുകൊണ്ടു കെട്ടിയതിനാൽ അവന്നു വന്ന പേരാകു

ന്നു ഇതു. ഇതു ഒരു സൽഗുണസൂചകമോ? ഇതു കൂടാതെ മുരാരി, കംസാരി എന്നിത്യാദി നാമങ്ങൾ പാപത്താൽ ഭാരപ്പെട്ടു വലയുന്ന പാപികൾ യാതൊരിക്കലും ആശ്വാസം വരുത്തുകയില്ല.

എന്നാൽ ക്രിസ്തുവിന്റെ നാമങ്ങൾ അപ്രകാരമുള്ളവയല്ല. ക്രിസ്തന്റെ നാമങ്ങളിൽനിന്നു അവന്റെ ദിവ്യഗുണവും ശക്തിയും വിളങ്ങുന്നു. അവയാൽ തന്നെ അവനിൽ വിശ്വസിക്കുന്നവൎക്കു എല്ലാം പ്രത്യാശയും സന്തോഷവും ഭാഗ്യവും സമാധാനവും ലഭിക്കുന്നു. നീതിക്കായി വിശക്കുന്നവൎക്കു അവൻ "ജീവന്റെ അപ്പം" അജ്ഞാനത്തിൽ മുങ്ങികിടക്കുന്നവൎക്കു അവൻ "ലോകത്തിന്റെ വെളിച്ചം" പാപത്താൽ വലയുന്നവനു ക്രിസ്തു "സമാധാനം" ആയിരിക്കുന്നു. പാപം നിമിത്തമുള്ള ദൈവകോപത്തിൽനിന്നു രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നവനു "സങ്കേതവും അഭയസ്ഥാനവും" ആയിരിക്കുന്നു. പാപികളെ ചേൎത്തുകൊള്ളുവാൻ ആരും ഇല്ലെങ്കിൽ ഇതാ ക്രിസ്തൻ "പാപികളുടെ സ്നേഹിതൻ" എന്ന പേരോടെ അണഞ്ഞു വരുന്നു. നാം വിശുദ്ധിയിൽ നടപ്പാൻ അവൻ നമുക്കു തക്ക "മാതൃക" ആയിരിക്കുന്നു. വല്ലവനും യാഗാദി ബലികൎമ്മങ്ങളാലും ദേഹദണ്ഡങ്ങളാലും പാപങ്ങളെ പോക്കുവാൻ ശ്രമിച്ചിട്ടും സാധിച്ചില്ല എന്നു അനുഭവിക്കുന്നെങ്കിൽ അപ്രകാരമുള്ളവർ "ലോകത്തിന്റെ പാപത്തെ ചുമന്നു നീക്കിയിരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായവനെ" സ്മരിച്ചുകൊള്ളട്ടെ. എന്നാൽ ഒരുത്തൻ മാനസാന്തരപ്പെടാതെ അന്ത്യത്തോളം പാപത്തിൽ തന്നെ ജീ

വിച്ച മരിച്ചാൽ അവന്നു ആ കുഞ്ഞാടായവൻ തന്നെ സിംഹമായി കാണപ്പെട്ടും.

ദൈവപുത്രനാകുന്ന ക്രിസ്തന്റെ നാമത്തെ സ്മരിച്ചാൽ പുണ്യം കിട്ടും എന്നു സത്യവേദത്തിൽ പറഞ്ഞിട്ടില്ല. അവനിൽ വിശ്വസിക്കുന്നവക്ക എവക്കും നിത്യജീവൻ ഉണ്ടു എന്നാകുന്നു പറഞ്ഞിരിക്കുന്നതു.

നാം ഇതുവരെ ഹിന്തുമതക്കാർ ദൈവാവതാരം എന്നുവെച്ചു ആരാധിക്കുന്ന കൃഷ്ണനെയും, ക്രിസ്തുമതക്കാർ ദൈവത്തിന്റെ ഏകസത്യാവതാരം എന്നു വെച്ചു ആരാധിക്കുന്ന ക്രിസ്തനെയും ഒത്തുനോക്കി പരിശോധന കഴിച്ചുവല്ലൊ. ആകയാൽ ഈ പുസ്തകത്തിന്റെ ഉദ്ദേശം ഏതാനും സാധിച്ചുകഴിഞ്ഞു.

കൃഷ്ണാവതാരത്തിന്റെ സംഗതികളെ, ഉത്ഭവം മുതൽ അന്ത്യം വരെ ക്രിസ്താവതാരത്തോടു ഒപ്പിച്ചു നോക്കിയിരിക്കുന്നു. ഹിന്തുമതക്കാരുടെ ആധാരഗ്രന്ഥങ്ങളിൽനിന്നു ഉള്ളതുപോലെ എടുത്തു അവയെ ക്രിസ്തീയശാസ്ത്രങ്ങളിൽ പറഞ്ഞ വചനങ്ങൾക്കു എതിരെ വെച്ചിരിക്കുന്നു. അതുകൊണ്ടു രണ്ടുവസ്തുക്കളെ ഒത്തുനോക്കി മാററിവാനുള്ള ബുദ്ധിപ്രാപ്തി ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ളവർ ഇവിടെ അതിനെ ഉപയോഗിക്കേണ്ടതാകുന്നു. ഒരുവൻ അങ്ങാടിയിൽ പോയി വസ്ത്രങ്ങളെയോ ലോഹരത്നാദികളെയോ വില കൊടുത്തു വാങ്ങുമ്പോൾ അവയെ നന്നായി പരീക്ഷിച്ചുനോക്കുന്നില്ലയോ? ഇപ്പോൾ മേല്പറഞ്ഞ രണ്ടു അവതാരങ്ങൾ നിങ്ങളുടെ മുമ്പാകെ ഇരിക്കുന്നു.

ഇവയെ പരീക്ഷിപ്പിൻ! സത്യമായതിനെ സ്വീകരിക്കുന്നതു നിങ്ങൾക്കു ഉചിതമാകുന്നു. ഭൂമിയിൽ നശിച്ചുപോകുന്ന വസ്തുക്കളെ പരീക്ഷിക്കുന്നതിൽ മാത്രം തങ്ങളുടെ ബുദ്ധിയെ ഉപയോഗിക്കുകയും, ഇതിനെക്കാൾ പ്രയോജനവും അമൂല്യവും ആയിരിക്കുന്ന മതവിഷയത്തിൽ കുരുടന്മാരെ പോലെ മൌനമായിരിക്കുന്നതും മനുഷ്യൎക്കു ലജ്ജാവഹമായ കാൎയ്യമാകുന്നു എന്നു ഓൎത്തുകൊൾവിൻ!

ഒരുവൻ ഈ പുസ്തകത്തെ ആദിതൊട്ടു അന്തംവരെ പാരപക്ഷം കൂടാതെ വായിച്ചാൽ അവൻ, കൃഷ്ണൻ കുലപാതകം ചെയ്തിട്ടുള്ള ഒരു വെറും മനുഷ്യൻ അത്രെ എന്നും ക്രിസ്തൻ ഏകരക്ഷിതാവാകുന്ന ദൈവാവതാരം ആകുന്നു എന്നും നിസ്സംശയം സമ്മതിക്കേണ്ടിവരും. കൃഷ്ണൻ മരിച്ചിട്ടു ഉയിൎത്തുവന്നിട്ടില്ല. ക്രിസ്തനോ മരിച്ചവരിൽനിന്നു പുനരുത്ഥാനം ചെയ്തിരിക്കുന്നു. അവൻ പരലോകത്തിൽ വാണുകൊണ്ടു ഭൂമിയിൽ തനിക്കുള്ളവരോടു കൂടെ നിത്യവും ഇരിക്കുന്നു. കൃഷ്ണന്റെ പേരുകളിൽ ശക്തിയും രക്ഷയും ഇല്ല. എന്നാൽ ക്രിസ്തന്റെ നാമത്തിലോ; "അവന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവൎക്കും പാപങ്ങളുടെ മോചനമാകുന്ന വീണ്ടെടുപ്പുണ്ടു എന്നു സകല പ്രവാചകന്മാരും സാക്ഷി ചൊല്ലിയിരിക്കുന്നു". (അപോ. പ്ര. 10, 43.) ദൈവം അവനെ അത്യുന്നതപ്പെടുത്തി സകല നാമത്തിന്നും മേലായ നാമം നല്കി; യേശുവിന്റെ നാമത്തിങ്കൽ സ്വൎല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങേണ്ടതിന്നും, എല്ലാ നാവും യേശുക്രി

സ്തൻ കൎത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറയേണ്ടതിന്നും തന്നെ. (ഫിലി. 2, 9-11.) അതുകൊണ്ടു പ്രിയ സഹദേശികളും സ്നേഹിതന്മാരും ആയുള്ളോരെ നിങ്ങൾ എല്ലാവരും ഈ മഹത്വം ഉള്ള യേശുക്രിസ്തനിൽ വിശ്വസിക്കേണമെന്നു അപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ മറെറാരുത്തനിലും രക്ഷ ഇല്ല; നാം രക്ഷപ്പെടുവാൻ മനുഷ്യരുടെ ഇടയിൽ കൊടുക്കപ്പെട്ട വേറൊരു നാമവും വാനത്തിൻ കീഴിൽ ഇല്ല. (അപോ. പ്ര. 4, 12.) "ഈ നമ്മുടെ രക്ഷിതാവാകുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു തേജസ്സും മഹിമയും ഇപ്പോഴും എന്നെന്നേക്കും ഇരിപ്പൂതാക ആമെൻ". (യൂദാ 25.)

1956 K 2304

Dra

PUBLISHED BY

# BASEL MISSION BOOK AND TRACT DEPOSITORY,

## MANGALORE.

| | Rs. | As. | P. |
|---|---|---|---|
| Morning and Evening Prayers പ്രാൎത്ഥനാമാലിക | 0 | 0 | 3 |
| Are the Regenerate without Sin? പുനൎജ്ജാതന്മാൎക്കു പാപമുണ്ടോ? | 0 | 0 | 3 |
| Daily Scripture Adviser നിത്യവാക്യ പ്രബോധിനി | 0 | 0 | 9 |
| The Promises of God concerning Jesus Christ, our Saviour, and their fulfilment മശീഹയെക്കുറിച്ചുള്ള വാഗ്ദത്തങ്ങളും അവറ്റിൻ നിവൃത്തിയും. | 0 | 2 | 0 |
| Prayers and Meditations പ്രാൎത്ഥനകളും വേദധ്യാനങ്ങളുമായ നിധിനിധാനം | 0 | 3 | 0 |
| The Pilgrim's Progress സഞ്ചാരിയുടെ പ്രയാണചരിത്രച്ചുരുക്കം | 0 | 0 | 3 |
| The Best Choice ഉത്തമ തിരിവു | 0 | 0 | 3 |
| The Good Shepherd (Prose) നല്ല ഇടയന്റെ അന്വേഷണചരിത്രം | 0 | 0 | 3 |
| The Sufferings of Christ കഷ്ടാനുഭവചരിത്രം | 0 | 0 | 3 |
| Reformation in Germany ക്രിസ്തുസഭാനവീകരണം | 0 | 0 | 6 |
| On Religion മതവിചാരണ | 0 | 0 | 3 |
| Short Bible Stories സത്യവേദകഥകൾ | 0 | 1 | 0 |
| Scripture Wall Texts, No. 1—6 സത്യവേദവചനങ്ങൾ തടിച്ച അക്ഷരത്തിലുള്ളതിന്നു ഓരോന്നിന്നു (ഇതു മതിലിന്മേൽ തൂക്കുവാൻ വിശേഷമാണ്) | 0 | 3 | 0 |
| The Second coming of our Lord Jesus Christ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനം | 0 | 0 | 6 |

ആവശ്യമുള്ളവർ മംഗലപുരം പുസ്തകഷാപ്പിൽ
എഴുതിയാൽ കിട്ടുന്നതാകുന്നു.

# KRISHNA AND CHRIST

## COMPARED

---

# കൃഷ്ണൻ ക്രിസ്തു

## എന്നവരുടെ താരതമ്യം

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1905